





# ബ്രഹ്മശ്രീ

ദ്വൈമാസിക
മലയാള ബ്രാഹ്മണസമാജം പ്രസിദ്ധീകരണം
2024 മെയ്-ജൂൺ വാല്യം : 22 - ലക്കം : 6



കാവ്യം സുഗേയം
കഥ രാഘവീയം
കർത്താവ്
തുഞ്ചത്തുളവായ ദിവ്യൻ
ചൊല്ലുന്നതോ
ഭക്തിമയസ്വരത്തിൽ
ആനന്ദലബ്ധിക്കിനിയെന്തുവേണം



## അന്നപ്രാശനം - വൈദേഹി



വടക്കാഞ്ചേരി ശാഖ പുലാക്കോട്
അമ്പക്കാട് ഇല്ലത്ത്
അരവിന്ദിന്റെയും വൃന്ദയുടെയും പുത്രി
വൈദേഹിയുടെ (ദേവൂട്ടി )
അന്നപ്രാശനം
21/04/2024 ഞായറാഴ്ച
ഇല്ലത്ത് വച്ച് സമംഗളം നടന്നു.

## ഉപനയനം അഭിരാം കൃഷ്ണേന്ദു ശർമ്മ





കൂത്താട്ടുകുളം ശാഖ ഒലിയപ്പുറം കാരിക്കോട്ട് ഇല്ലത്ത് കൃഷ്ണേന്ദു ശർമ്മയുടെയും പാർവതി മുരളിയുടെയും പുത്രൻ അഭിരാം കൃഷ്ണേന്ദു ശർമ്മയുടെ ഉപനയനവും സമാവർത്തനവും 2024 മെയ് 10 നു തിരുമാറാടി എടപ്രക്കാവ് ക്ഷേത്ര ഓഡിറ്റോറിയത്തിൽ വച്ച് നടന്നു.

2024 മെയ് – ജൂൺ : വാള്യം 20 – ലക്കം 8

# ബ്രഹ്മശ്രീ

മലയാള ബ്രാഹ്മണസമാജം പ്രസിദ്ധീകരണം

ദ്വൈമാസിക

**ഓം ഭൂർഭുവസ്വഃ തത്സവിതുർ വരേണ്യം
ഭർഗ്ഗോദേവസ്യ ധീമഹി
ധിയോ യോ നഃ പ്രചോദയാത്**

## പത്രാധിപസമിതി

ഹരിമോഹൻ (ചീഫ് എഡിറ്റർ)
പുതുമന ഇല്ലം, കുറിച്ചി പി ഓ
ചങ്ങനാശേരി 686532 Ph : 9497465517

ടി വി നാരായണശർമ്മ (കേന്ദ്ര പ്രസിഡന്റ്)
താമരശേരി ഇല്ലം, മാലം പി ഓ
കോട്ടയം 686019, Ph : 9562356959

മോഹൻ കുമാർ പി എൻ (കേന്ദ്ര ജനറൽ സെക്രട്ടറി ഇൻ ചാർജ്)
പുതുമന ഇല്ലം, കുറിച്ചി പി ഓ
കോട്ടയം , Ph : 9447401027

ടി എൻ ബാബുകുമാർ (മാനേജിങ് എഡിറ്റർ )
ശ്രീമന, പുലിയന്നൂർ പി ഓ പാലാ 686573
Ph : 9446054154

ചന്ദ്രഗുപ്തൻ ഇളയത് (സബ് എഡിറ്റർ)
ചുള്ളിമംഗലത്ത് ഇല്ലം ചെമ്പ് പി ഓ
വൈക്കം 686608, Ph :9447869162

ഡോ. കെ എൻ ഹരികൃഷ്ണശർമ്മ
(സബ് എഡിറ്റർ)
കൈനിക്കര ഇല്ലം, മണലുങ്കൽ പി ഓ
കോട്ടയം 686503, Ph : 9847598896

അമ്പിളി പി താമരശേരി
(സബ് എഡിറ്റർ)
താമരശേരി ഇല്ലം മാലം പി ഓ
കോട്ടയം 686019, Ph : 9847989402

അരുൺ കീച്ചേരിൽ (അഡ്വർടൈസ്മെന്റ് )
കീച്ചേരിൽ ഇല്ലം മുരിക്കുംപുഴ പാലാ പി ഓ
കോട്ടയം 686575, Ph : 9446846461

വി എൻ ടി നമ്പൂതിരി (ഫിനാൻസ്)
പ്രയാഗ, ഏരൂർ വെസ്റ്റ് പി ഓ
തൃപ്പൂണിത്തുറ, എറണാകുളം 682306
Ph : 9447566168

Bank Account : **Indian Bank,** M.G. Road,
Ernakulam | A/c. No. **: 867897300,**
Account Name: **Brahmasree**
IFSC Code : **IDIB000M036**
email : **brahmasreembs@gmail.com**

**സദാശിവ സമാരംഭാം ശങ്കരാചാര്യ മദ്ധ്യമാം
അസ്മദാചാര്യ പര്യന്താം വന്ദേ ഗുരുപരമ്പരാം
ശ്രുതിസ്മൃതി പുരാണാനാം ആലയം കരുണാലയം
നമാമി ഭഗവത് പാദം ശങ്കരം ലോകശങ്കരം
ശങ്കരം ശങ്കരാചാര്യം കേശവം ബാദരായണം
സൂത്രഭാഷ്യകൃതൗ വന്ദേ ഭഗവന്തൗ പുനഃ പുനഃ
ഈശ്വരോ ഗുരുരാത്മേതി മൂർത്തിഭേദ വിഭാഗിനേ
വ്യോമവദ് വ്യാപ്തദേഹായ ദക്ഷിണാമൂർത്തയേ നമഃ**

## പത്രാധിപക്കുറിപ്പ്

കൂജന്തം രാമ രാമേതി
മധുരം മധുരാക്ഷരം
ആരുഹ്യ കവിതാശാഖാം
വന്ദേ വാൽമീകി കോകിലം

സുകൃതികൾക്ക് നമസ്കാരം.

രാമായണശ്ശീലുകൾ കാതുകളിൽ മുഴങ്ങുന്ന കാലം സമാഗതമായി.

അയ്യന്റെ ആലയത്തിന്റെ പുനരുദ്ധാരണത്തിൻ സഫലത നെറുകയിൽ ചൂടി തലയുയർത്തി എം.ബി.എസ്. കുതിക്കുന്നു. ഇടവപ്പാതികൊണ്ടും ഇടച്ചൂടുകൊണ്ടും കലി കന്മഷം നിറക്കുന്ന സമയം. കറുത്ത കർക്കിടകത്തെ പഞ്ഞമാസത്തിൽ നിന്നും നന്മമാസമാക്കുവാൻ ആത്മീയ കൂട്ടായ്മകൾ രാമായണം പാടുന്ന സന്ധ്യകൾ. ശാരികപ്പൈതലും, മാനിഷാദയും കാതിൽ പതിക്കുമ്പോൾ പ്രഥമകാവ്യത്തിന്റെ സൃഷ്ടാവ് രത്നാകരൻ ലോകത്തെ എന്നും ആശിർവദിക്കും.

രത്നാകരനെന്ന ദുർന്നടപ്പുകാരനിൽ നിന്ന് വാൽമീകി എന്ന മഹാജ്ഞാനിയിലേക്കുള്ള യാത്ര എത്രത്തോളം മഹത്തരമായിരുന്നോ; അതുപോലെ തന്നെ നമ്മുടെ ഉള്ളിലെ ജീർണ്ണതയിൽ നിന്ന് പൂർണ്ണതിയിലേക്കുള്ള വെളിച്ചം പകരുവാൻ രാമായണ ശീലുകൾക്ക് സാധിക്കും.

കർക്കിടകത്തെ രാമായണമാസമാക്കി മാറ്റുമ്പോൾ പൂർവ്വികർ കണ്ടതും ഈ ലക്ഷ്യമാകാം. 31 ദിനങ്ങൾ കൊണ്ട് സമ്പൂർണ്ണ പാരായണം നടത്തുന്നതിലൂടെ രാമനാകുന്ന (നന്മയാകുന്ന) ഈശ്വരൻ അഹമെന്ന രാവണനെ (അസുരനെ)ഹനിച്ച് വയമെന്ന സീതയെ (ലക്ഷ്മിയെ) മനസ്സിൽ പ്രതിഷ്ഠിക്കുന്നു .

➡

**ഉപദേശകസമിതി**
**നാരായണ ശർമ്മ, അഡ്വ. വിജി വി. നമ്പൂതിരി**
**വലിയകുന്നം ഹരികുമാരൻ നമ്പൂതിരി**

Layout & Printing
S.N.Nampoothiri, Essence Creations, Kottayam

കുടുംബ ബന്ധത്തിന്റെയും, സഹോദര ബന്ധത്തിന്റെയും, പിതൃഭക്തിയുടേയും ഒക്കെ ഉത്തമ ഉദാഹരണങ്ങൾ രാമായണം നമുക്ക് കാട്ടിത്തരുമ്പോഴും വിമർശനാത്മകമായ ചില സന്ദർഭങ്ങളും ഇവിടെ കാണാം. പക്ഷേ കവി സ്വാതന്ത്ര്യം കൊണ്ടും ചില മാനുഷീക ചപലതകൾ എന്നതു കൊണ്ടും ഇവയൊക്കെ സാധൂകരിക്കപ്പെടുന്നു. കാലം ലോകത്തിനു നൽകിയ സംഭാവനകളിൽ മികച്ച ഒരു ഇതിഹാസമായ രാമായണം യുവതലമുറക്കു മുൻപിൽ ഒരു സംവാദ വിഷയമാകണമെന്നാണ് എന്റെ അഭിപ്രായം. നന്മയെ കൊണ്ട് തിന്മയെ തള്ളി നല്ല ജീവിതം നയിക്കുവാൻ നമുക്ക് സാധിക്കട്ടെ. നാലമ്പല ദർശനത്തിലൂടെ (തൃപ്രയാർ, കൂടൽമാണിക്യം, തിരുമൂഴിക്കുളം, പായമ്മൽ) തൃപ്രയാർത്തേവരും എല്ലവരേയും അനുഗ്രഹിക്കട്ടേ. (രാമപുരം, അമനകര, കൂടപ്പുലം, മേതിരി. ഇങ്ങനെയും ഒരു നാലമ്പലം കോട്ടയത്ത് നിലവിൽ ഉണ്ട്).

പിന്നെ പറയേണ്ടത് അയ്യന്റെ നൂതന ശ്രീലക പ്രവേശത്തെ കുറിച്ചാണ്. അമ്പലപ്പുഴക്ക് അഭിമാനമാകുവാൻ നാഗമംഗലത്തയ്യൻ പുതിയ ശ്രീലകത്തിൽ ഇടവപ്പുണർതം നാളിൽ കുടികൊണ്ടു. ഈ ചടങ്ങിൽ പങ്കാളിയാകുവാനും മാന്യമായ സ്ഥാനം അലങ്കരിക്കുവാനും ശാസ്താവ് നിയോഗം നൽകി. അതിലുള്ള നന്ദി എത്ര പറഞ്ഞാലും അധികമാകില്ല.

'പാണ്ഡ്യേശ വംശ തിലകം
കേരളേ കേളി വിഗ്രഹം
ആർത്തത്രാണ പരം ദേവം
ശാസ്താരം പ്രണമാമ്യഹം'

പ്രകൃതി കനിഞ്ഞ പ്രതിഷ്ഠാ മുഹൂർത്തം, പ്രത്യക്ഷത്തിൽ അനുഭവിച്ചവർ അഞ്ഞൂറിൽ പരം. (മുഹൂർത്തത്തിൽ മാത്രം അൽപ്പം മഴ ചാറുകയും കൃഷ്ണപ്പരുന്തുകൾ വട്ടമിട്ട് പറക്കുകയും ചെയ്തു). നേരിൽ അല്ലെങ്കിലും ഇവ ശാഖകളിലെല്ലാം തന്നെ ദൃശ്യമാകുകയും ചെയ്തു. അനുഗൃഹീത കലാകാരന്മാരുടെ ഉപചാര ഗീതങ്ങൾകൊണ്ടു (അമ്പലപ്പുഴ വിജയകുമാറും സംഘവും) നാമജപത്തിന്റെ പുളകമണിഞ്ഞ നിമിഷങ്ങൾ.

കലിയുഗ വരദന്റെയും, ശ്രീരാമചന്ദ്രന്റെയും അനുഗ്രഹത്തോടെ ഈ ലക്കം ഇവിടെ സമാരംഭിക്കാം. തുടർന്നും സംവദിക്കാം.

**നാരായണൻ (ഹരി മോഹൻ)**
**പത്രാധിപർ**

# ശ്രീരാമ - കൃഷ്ണ കീർത്തനം അഥവാ കലിസന്തരണമന്ത്രം

ബ്രഹ്മശ്രീ നീലകണ്ഠശർമ്മ
പുതുമന ഇല്ലം കുറിച്ചി

വൽക്കം ധരിച്ചുള്ള ഭാർഗ്ഗവരാമന്റെ
തൃക്കൈയ്യിലുള്ളോരു വില്ലും ശരങ്ങളും
തക്കത്തിൽ വാങ്ങീട്ട് ലക്ഷ്യത്തെ ചോദിച്ച
ചൊല്ക്കൊണ്ട ശ്രീരാമ ചന്ദ്രാ ! ജയ ! ജയ!
ഹരേ രാമ ഹരേ രാമ
രാമ രാമ ഹരേ ഹരേ!
തൃക്കൈയ്യിലുള്ളോരു നല്ലോരു വേണുവിൽ
മൈക്കണ്ണിമാരുടെ ചിത്തം കവർന്നവൻ
വെക്കം മഥുരയിൽ ചെന്നങ്ങു കേറുമ്പോൾ
ഊക്കനാം കൊമ്പനെ വെന്ന കൃഷ്ണാ ജയ!
ഹരേ കൃഷ്ണ ഹരേ കൃഷ്ണ
കൃഷ്ണ കൃഷ്ണ ഹരേ ഹരേ
ഷോഡശാക്ഷരമായുള്ള മന്ത്രങ്ങൾ
ഷോഡശദിനം ഭക്ത്യാ ജപിക്കുകിൽ
ഷോഡശാചാരം ചെയ്യുന്ന മർത്ത്യന്റെ
ഷഡ്വൈരികൾക്കതന്ത്യംകുറിച്ചിടും
ഹരേ രാമ ഹരേ രാമ രാമ രാമ ഹരേ ഹരേ
ഹരേ കൃഷ്ണ ഹരേ കൃഷ്ണ കൃഷ്ണ
കൃഷ്ണ ഹരേ ഹരേ



കേന്ദ്ര ജനറൽ സെക്രട്ടറി ആയി തിരഞ്ഞെടുക്കപ്പെട്ട മോഹൻകുമാർ പുതുമനയെ കേന്ദ്ര പ്രസിഡന്റ് ആദരിക്കുന്നു



കേന്ദ്ര ജോയിന്റ് സെക്രട്ടറിയായി തിരഞ്ഞെടുക്കപ്പെട്ട കൃഷ്ണകുമാറിനെ കേന്ദ്ര ട്രഷറർ ആദരിക്കുന്നു

# പുനഃപ്രതിഷ്ഠ ഒരു നാഴിക കല്ല്

**സമഗ്രവികസനസമിതി**

മലയാള ബ്രാഹ്മണ സമാജം വക നാഗമംഗലം അയ്യപ്പക്ഷേത്രത്തിന്റെ പുനഃപ്രതിഷ്ഠാ കർമ്മങ്ങൾ 2024 ജൂൺ 7, 8, 9 തീയതികളിൽ സമംഗളം നടക്കുകയുണ്ടായി. ജൂൺ 7 വെള്ളിയാഴ്ച വൈകുന്നേരം 6 മണിക്ക് ആചാര്യവരണം, പ്രാസാദപരിഗ്രഹം എന്നിവയോടെ ചടങ്ങുകൾ സമാരംഭിച്ചു. വെള്ളി, ശനി, ഞായർ എന്നീ ദിവസങ്ങളിൽ വിപുലമായ പ്രതിഷ്ഠാ ചടങ്ങുകൾക്ക് ശേഷം, ജൂൺ 9 ഞായറാഴ്ച രാവിലെ 10.50 നും 11.51 നും മധ്യേയുള്ള ചിങ്ങം രാശി ശുഭമുഹൂർത്തത്തിൽ പ്രതിഷ്ഠാ കർമ്മങ്ങൾ ആർഭാടമായി തന്നെ നിർവഹിക്കപ്പെട്ടു. ബ്രഹ്മശ്രീ ഉണ്ണികൃഷ്ണശർമ്മ വേമ്പനാട്ടില്ലം, ബ്രഹ്മശ്രീ ഹരിമോഹൻ പുതുമന എന്നീ തന്ത്രിമാരുടെ മുഖ്യ കാർമികത്വത്തിലാണ് ചടങ്ങുകൾ പൂർത്തിയായത്. പ്രതിഷ്ഠാ ചടങ്ങുകൾക്ക് സമാന്തരമായി രാവിലെ 09.30 നു ക്ഷേത്ര സമർപ്പണ സമ്മേളനം കേന്ദ്ര പ്രസിഡന്റ് ടി വി നാരായണശർമ്മയുടെ അധ്യക്ഷതയിൽ ആരംഭിച്ചു. ക്ഷേത്ര തന്ത്രി ഉണ്ണികൃഷ്ണശർമ്മ ഭദ്രദീപം തെളിയിച്ചതോടെ സമ്മേളന പരിപാടികൾക്ക് തുടക്കം കുറിച്ചു. മുൻ സംസ്ഥാന പ്രസിഡന്റ് പ്രൊഫ. കെ ബാലചന്ദ്രശർമ്മ സമ്മേളനം ഉത്ഘാടനം ചെയ്തതായി അറിയിച്ചു കൊണ്ട് ക്ഷേത്രം ഭക്തജനങ്ങൾക്കായി സമർപ്പിച്ചു. തുടർന്ന് വിവിധ സാമുദായിക നേതാക്കൾ, ജനപ്രതിനിധികൾ, അമ്പലപ്പുഴ യോഗം പേട്ട സംഘം സമൂഹപെരിയോൻ തുടങ്ങിയ മഹത്വ്യക്തികൾ ആശംസകൾ അർപ്പിച്ച് സംസാരിച്ചു. സമാജം സംസ്ഥാന സെക്രട്ടറിയുടെ ചുമതല വഹിക്കുന്ന മോഹൻകുമാർ പുതുമന, മുൻ ജനറൽ സെക്രട്ടറിമാരായ ശ്രീവത്സലൻ നമ്പൂതിരി, ദേവൻ ഇളയത്, സമാജം ആലപ്പുഴ ജില്ലാ പ്രസിഡന്റ് ശ്രീവത്സലൻ നമ്പൂതിരി, സമഗ്രവികസനസമിതി ട്രഷറർ അരുൺ കീച്ചേരിൽ, അമ്പലപ്പുഴ ശാഖാ പ്രസിഡന്റ് ധനേഷ് എന്നിവരും ആശംസകൾ അറിയിച്ചു. സമഗ്രവികസനസമിതി കൺവീനർ ചന്ദ്രഗുപ്തൻ ഇളയത് സമ്മേളനത്തിന് സ്വാഗതം ആശംസിക്കുകയും, കേന്ദ്ര ട്രഷറർ ത്രിവിക്രമൻ നമ്പൂതിരി കൃതജ്ഞത പ്രകാശിപ്പിക്കുകയും ചെയ്തു. പ്രതിഷ്ഠ ചടങ്ങുകൾക്ക് മാറ്റ് കൂട്ടുവാൻ പഞ്ചവാദ്യം, ചെണ്ടമേളം എന്നിവയ്ക്ക് പുറമെ പ്രശസ്ത സോപാന സംഗീതജ്ഞൻ അമ്പലപ്പുഴ വിജയകുമാറിന്റെ സോപാന സംഗീതവും ഏറെ ഭക്തജന ശ്രദ്ധ പിടിച്ചുപറ്റുകയുണ്ടായി. സമാജം കേന്ദ്ര സമിതി അംഗങ്ങൾ, ശാഖാ ജില്ലാ ഭാരവാഹികൾ, സമാജ അംഗങ്ങൾ, മറ്റ് ബന്ധുജനങ്ങൾ, പരിസരവാസികളായ ഭക്തജനങ്ങൾ ഉൾപ്പടെ അറുനൂറോളം ആളുകൾ പ്രതിഷ്ഠാ ചടങ്ങുകളിലും സമർപ്പണ സമ്മേളനത്തിലും പങ്കെടുത്തു. പ്രതിഷ്ഠാ ചടങ്ങുകൾക്ക് ശേഷം പ്രസാദമൂട്ടും ഉണ്ടായിരുന്നു സമാജ ചരിത്രത്തിന്റെ നാൾ വഴികളിൽ തങ്കലിപികളാൽ രേഖപ്പെടുത്തേണ്ട ഒരു ചരിത്ര സംഭവമായി പുനഃപ്രതിഷ്ഠാ ചടങ്ങുകളും ക്ഷേത്ര സമർപ്പണ സമ്മേളനവും മാറി എന്ന് നിസ്സംശയം പറയാം.

## വേളിയാലോചന

HOROSCOPE

| | | | |
|---|---|---|---|
| | | | ച ഗു |
| സ | പുരുഷ ജാതകം | | |
| ല | | | ര കു ശി |
| മ | | | ബു മാ ശു |

### പുരുഷജാതകം

ജനനം : 25 – 08 – 1989 (4..55 pm.)
നക്ഷത്രം : മകയിരം
Height : **173 cm**
Qualification : M.Tech Transportation Engineering
Job : Asst. Engr. LSGD Govt. of Kerala
Ph. : 9496820462

HOROSCOPE

| | | | |
|---|---|---|---|
| | ച | മ ഗു മാ | ര കു ബു ശു |
| | സ്ത്രീ ജാതകം | | സ |
| ശി | | | |
| ല | | | |

### സ്ത്രീ ജാതകം

ജനനം : 28 – 06 – 2000 (7.13 pm.)
നക്ഷത്രം : കാർത്തിക
ഗർഭശിഷ്ടദശ : ആദിത്യൻ 5 വർഷം 4 മാസം 5 ദിവസം
Qualification :B.Com (doing MBA)
Ph. : **9495842520**
**8078491520**

# കാർഷിക ഗവേഷണത്തിലെ ബ്രാഹ്മണ സ്പർശം

(അഭിമുഖത്തിലൂടെ തയ്യാറാക്കിയത്)

അനിയൻ മാങ്ങോട്ട്ടരി

ഈ അടുത്ത കാലത്ത് ഡൽഹിയിൽ നടന്ന കർഷക സമരത്തിൽ നിന്നും ഇന്ത്യൻ കാർഷിക മേഖലയുടെ പ്രാധാന്യം നമ്മളൊക്കെ കണ്ടതാണ്. ഹരിയാന, പഞ്ചാബ് തുടങ്ങിയ സ്ഥലങ്ങളിൽ നിന്നുള്ള കർഷകരാണ് പ്രധാനമായും അതിൽ പങ്കെടുത്തത്. ഈ കാലഘട്ടത്തിലും, അതായത് ലോകത്ത് ഒരു മൂന്നാം വൻ ശക്തിയായി മാറാൻ ഇന്ത്യ ഒരുങ്ങിയിരിക്കുന്ന വേളയിലും, ബഹിരാകാശ ഗവേഷണ രംഗത്തും, മറ്റ് പല ശാസ്ത്ര സാങ്കേതിക രംഗങ്ങളിലും ഇന്ത്യ മുന്നേറിക്കൊണ്ടിരിക്കുമ്പോഴും കാർഷികമേഖലക്കും ആ മേഖലയിൽ നടക്കുന്ന ഗവേഷണങ്ങൾക്കും ഉള്ള പ്രാധാന്യം ഇന്ത്യയിൽ അസ്തമിക്കുന്നില്ല എന്നത് വ്യക്തമാണ്. അതായത് ഇന്ത്യ ഇന്നും കാർഷിക പ്രാധാന്യമുള്ള ഒരു രാജ്യം തന്നെയാണ്. ഇന്ന് ഇന്ത്യ കാർഷികോത്പാദനത്തിൽ സ്വയം പര്യാപ്തമാണ് എന്ന് തന്നെ പറയാം. ഒരുകാലത്ത് ആവശ്യത്തിന് ഭക്ഷ്യധാന്യങ്ങൾ ഉത്പാദിപ്പിക്കാൻ സാധിക്കാത്തതു കാരണം വളരെ വലിയ തോതിൽ പട്ടിണിയും പട്ടിണി മരണങ്ങളും സംഭവിച്ച ഒരു രാജ്യമാണ് ഇന്ത്യ. അത്തരം ഒരവസ്ഥയിൽ നിന്ന് ഇന്ത്യ കരകയറിയത് ഡോക്ടർ എം.എസ്. സ്വാമിനാഥനെ പോലുള്ള ധിഷണാശാലികൾ ഇവിടെ കൊണ്ടുവന്ന ഹരിത വിപ്ലവത്തിലൂടെ ആണെന്ന് പറയാം. അത്യുത്പാദനശേഷിയുള്ള വിത്തിനങ്ങൾ ഉപയോഗിച്ചും ഊർജിത കൃഷി രീതികളിലൂടെയുമാണ് അത് സാധ്യമായത്. നെല്ല്, ഗോതമ്പ്, ഫലവൃക്ഷങ്ങൾ, തോട്ടവിളകളായ തെങ്ങ്, എണ്ണപ്പന, റബ്ബർ, കാപ്പി, തേയില, ഏലം തുടങ്ങിയവയുമായി ബന്ധപ്പെട്ട ഗവേഷണങ്ങൾക്ക് അന്താരാഷ്ട്ര തലത്തിൽ ഇന്നും വളരെ പ്രസക്തിയുണ്ട്. കാർഷിക ഗവേഷണ രംഗത്തെ ഇത്തരത്തിലുള്ള പഠനങ്ങളെക്കുറിച്ച് പറയുമ്പോൾ, നമ്മൾക്ക് അതായത് മലയാള ബ്രാഹ്മണ സമൂഹത്തിന് അഭിമാനിക്കാൻ ഒരു വകയുണ്ട്. നമ്മൾക്കൊക്കെ പ്രത്യേകിച്ച് തിരുവനന്തപുരം നിവാസികൾക്കൊക്കെ ഏറ്റവും അടുപ്പമുള്ള ഡോ. കെ. ഉണ്ണി കൃഷ്ണൻ നമ്പൂതിരി എന്ന കെ.യു.കെ ചേട്ടനാണ് അതിന് കാരണഭൂതനായ മഹത് വ്യക്തി. അദ്ദേഹം ഡോക്ടർ. എം. എസ്. സ്വാമിനാഥന്റെ കീഴിൽ നേരിട്ട് ഗവേഷണം നടത്താൻ ഭാഗ്യം സിദ്ധിച്ച ഒരാളാണ്.

അദ്ദേഹം റാന്നി ത്രയിക്കോട്ട് ഇല്ലത്ത് കേശവൻ നമ്പൂതിരിയുടെയും മല്ലപ്പള്ളി ഐരടത്ത് ഇല്ലത്ത് ശ്രീദേവി അന്തർജ്ജനത്തിന്റെയും മകനായി 1940 ൽ ജനിച്ചു. ജന്മനാട്ടിലെ പ്രാഥമിക വിദ്യാഭ്യാസത്തിനു ശേഷം വെള്ളായണി കാർഷിക കോളേജിൽ നിന്നും ബി.എസ്സ്.സി (Agriculture)യും കോയമ്പത്തൂർ തമിഴ്നാട് കാർഷിക കോളേജിൽ നിന്നും എം.എസ്.സി (Ag)യും ഡൽഹിയിലെ ഇന്ത്യൻ അഗ്രികൾച്ചർ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നും ജനിതക ശാസ്ത്രത്തിൽ ഡോക്ടറേറ്റും കരസ്ഥമാക്കി. 1964 മുതൽ 36 വർഷം കേന്ദ്ര തോട്ടവിള ഗവേഷണ കേന്ദ്രം, കാസർകോടിൽ (കേന്ദ്ര ഗവൺമെന്റ്) വിവിധ ശാസ്ത്ര തസ്തികകളിൽ ജോലിചെയ്ത് ആ സ്ഥാപനത്തിന്റെ തന്നെ ഡയറക്ടറായി 2000 ൽ വിരമിച്ചു. പിന്നീട് എട്ടു കൊല്ലം എം .എസ് സ്വാമിനാഥൻ റിസർച്ച് ഫൗണ്ടേഷൻ, വയനാട്ടിലെയും ഒഡീഷയിലെയും കേന്ദ്രങ്ങളുടെ ഡയറക്ടറായി സേവനമനുഷ്ഠിച്ചു. അഞ്ചുവർഷം നൈജീരിയയിൽ എണ്ണപ്പന ഗവേഷണ കേന്ദ്രത്തിൽ വകുപ്പ് മേധാവിയായി കേന്ദ്ര ഗവൺമെന്റ് ഡെപ്യൂട്ടേഷനിൽ നിയോഗിക്കപ്പെട്ടു. യുണൈറ്റഡ്നേഷൻസ് ഡെവലപ്മെന്റ് പ്രോഗ്രാമിന്റെ (UNDP) കീഴിലുള്ള, ഫുഡ് ആൻഡ് അഗ്രികൾച്ചർ ഓർഗനൈസേഷന്റെ (F.A.O) ഉപദേശകൻ ആയി വിവിധ രാജ്യങ്ങളിൽ പ്രവർത്തിക്കുകയുമുണ്ടായി.

ഈ ചുമതലകളിൽ ഇരുന്ന്, പ്രായോഗിക ഗവേഷണങ്ങളിലൂടെ കാർഷിക മേഖലയ്ക്ക്, പ്രത്യേകിച്ച് തോട്ട വിളകളിൽ അദ്ദേഹം ചെയ്ത സംഭാവനകൾ പ്രത്യേകം എടുത്തു പറയേണ്ടതുണ്ട്. ബയോ സിസ്റ്റമാറ്റിക് & ബയോമെട്രിക് സ്റ്റഡീസ് ഇൻ ദ കോക്കോസ് ജീനസ് (Cocos genus: തെങ്ങിനങ്ങളുടെ ജനിതക വിഭാഗം), തെങ്ങിനങ്ങളുടെ പ്രീപ്രൊട്ടൻസി പ്രതിഭാസം (ജനിതക ഗുണങ്ങൾ അടുത്ത തലമുറകളിലേക്ക് കൈമാറാനുള്ള കഴിവ്) തെങ്ങിന്റെ മികച്ച വിത്തുല്പാദനത്തിനുള്ള നൂതന മാർഗനിർദ്ദേശങ്ങൾ, വിത്ത് തോട്ടങ്ങളുടെ നിർമ്മിതി, തെങ്ങിലും


എണ്ണപ്പനയിലും കുരുമുളകിലും പുതിയ അത്യുത്പാദനശേഷിയുള്ള വിത്തിനങ്ങളുടെ ഉത്പാദനം, ടെനറ (Tenera) എന്ന എണ്ണപ്പന സങ്കരയിനത്തിന്റെ ഇന്ത്യയിലെ ഉൽപാദനം എന്നിവ ഇവയിൽ ചിലതാണ്. ഭാവി തലമുറയിലെ വിദ്യാർത്ഥികൾക്കും ഗവേഷകർക്കും തുടർ പഠനത്തിനുള്ള ധാരാളം അവസരങ്ങളും മാർഗ്ഗ നിർദ്ദേശങ്ങളും ഇവയിലൂടെ കണ്ടെത്താനാവും.

പ്രശസ്ത കാർഷിക ശാസ്ത്രജ്ഞൻ ഡോക്ടർ എം. എസ്. സ്വാമിനാഥന്റെ നേതൃത്വത്തിൽ, പാർശ്വവൽക്കരിക്കപ്പെട്ട ആദിവാസി സമൂഹത്തിന്റെ ഉന്നമനത്തിനായി ഉണ്ണികൃഷ്ണൻ നമ്പൂതിരി നടത്തിയ പ്രവർത്തനങ്ങൾക്ക് സമൂഹത്തിന്റെ ആദരവും അംഗീകാരവും ലഭിച്ചിട്ടുണ്ട്. ISPC(Indian Society for Plantation Crops)ൽ നിന്ന് കേര ഗവേഷണത്തിനുള്ള മികച്ച പ്രവർത്തനങ്ങൾക്ക് പ്ലാറ്റിനം ജൂബിലി അവാർഡ് ഉണ്ണികൃഷ്ണൻ നമ്പൂതിരിക്ക് ലഭിച്ചിട്ടുണ്ട്. ഇതിനുപുറമേ, ഈ അടുത്ത കാലത്ത് തോട്ടവിള ഗവേഷണത്തിനും വികസനത്തിനുമുള്ള സമഗ്രസംഭാവനകൾക്ക് ലൈഫ് ടൈം അച്ചീവ്മെന്റ് അവാർഡും അദ്ദേഹത്തിന് ലഭിച്ചു.

200ൽ പരം ശാസ്ത്ര പ്രസിദ്ധീകരണങ്ങൾ ഉള്ള അദ്ദേഹത്തിന്റെ Coconut palm (Cocos nucifera LResearch and Development Perspectives) എന്ന പുസ്തകം ആ മേഖലയിലെ ഒരു മികച്ച ഗ്രന്ഥമായി അംഗീകരിക്കപ്പെട്ടിട്ടുണ്ട്.

മഹത് വ്യക്തികൾ സ്ഥാനമാനങ്ങൾ കിട്ടുമ്പോൾ കൂടുതൽ എളിമയുള്ളവരാകുന്നു എന്നുള്ളതാണ് ഒരു പ്രമാണം. 'മരങ്ങൾ താഴുന്നു ഫലാഗമത്തിനാൽ,. ഘനം നമിക്കുന്നു പരം നവാംബുവാൽ' എന്നാണല്ലോ കവിവചനം. ആ അർത്ഥത്തിൽ നമ്മുടെ പ്രിയങ്കരനായ കെ.യു.കെ ചേട്ടൻ ഒരു മാതൃകാപുരുഷൻ തന്നെ യാണ്. അദ്ദേഹത്തിന്റെ എളിമയോടുള്ള മറ്റുള്ളവരോടുള്ള ഇടപെടൽ, പ്രായാധിക്യത്തിലും നഷ്ടപ്പെടാത്ത നർമ്മബോധം ഇതൊക്കെ എന്നെ ഏറെ ആകർഷിച്ച ഗുണങ്ങളാണ്. ബന്ധങ്ങളിൽ നിന്നും സൗഹൃദങ്ങളിൽ നിന്നുമൊക്കെ ഒഴിഞ്ഞു മാറുന്ന യുവതലമുറ ഇതൊക്കെ കണ്ടുപഠിക്കേണ്ടതാണ്. പ്രൊഫഷണൽ വിദ്യാഭ്യാസം എന്ന് പറഞ്ഞാൽ എൻജിനീയറിങ്ങും മെഡിസിനും മാത്രമാണെന്ന് ധരിക്കുന്നവർ ഇദ്ദേഹത്തെ പോലെ കാർഷിക മേഖലയിലും മറ്റ് മേഖലകളിലുമൊക്കെ സംഭാവനകൾ നൽകി വളർന്ന വ്യക്തികളെ കണ്ടു പഠിക്കേണ്ടതാണ്.

MBS തിരുവനന്തപുരം ജില്ലയുടെ ആദ്യകാലം മുതലേ ഉള്ള അംഗവും ഇപ്പോൾ ജില്ലാ വൈസ് പ്രസിഡണ്ടും ആയ ഡോ.കെ യു കെ നമ്പൂതിരി ശതാഭിഷേകത്തിലേയ്ക്ക് അടു ക്കുന്നു. തിരുവനന്തപുരം വട്ടിയൂർക്കാവി നടുത്ത് കുലശേഖരം എന്ന സ്ഥലത്ത് സകുടുംബം (പത്നി: രമണീദേവി മക്കൾ: അർച്ചന, വന്ദന. മരുമക്കൾ: അരവിന്ദ്, അതുൽ ശർമ്മ) താമസിക്കുന്ന പ്രിയപ്പെട്ട കെ.യു.കെ ചേട്ടന് ഇനിയും പുതുതലമുറയ്ക്ക് വേണ്ട മാർഗ്ഗ നിർദ്ദേശങ്ങൾ നൽകാനും, ആയുരാരോഗ്യ സൗഖ്യത്തോടെ നീണാൾ വാഴാനുമുള്ള അനുഗ്രഹം ജഗദീശ്വരൻ നൽകട്ടെ.




*തോട്ടവിള ഗവേഷണത്തിനും വികസനത്തിനുമുള്ള ഇന്ത്യൻ സൊസൈറ്റി ഓഫ് പ്ലാന്റേഷൻ ക്രോപ്സിന്റെ സമഗ്രസംഭാവനയ്ക്കുള്ള ലൈഫ് ടൈം അവാർഡ് MBS തിരുവനന്തപുരം ജില്ലാ വൈസ് പ്രസിഡന്റ് ഡോ. കെ യു കെ നമ്പൂതിരിക്ക് സമ്മാനിക്കുന്നു*



ഡോ.കെ.യു.കെ.നമ്പൂതിരി
9777577307

ഓർമ്മക്കുറിപ്പ്

# എന്റെ കുട്ടിക്കാലം

**പ്രൊഫ. കെ. ബാലചന്ദ്ര ശർമ,**
മുൻ കേന്ദ്ര പ്രസിഡന്റ്

എനിക്ക് ഇപ്പൊൾ 75 വയസ്സ് ആയി. 1949 ൽ ആണ് ഞാൻ ജനിച്ചത്. അഞ്ച് വയസിൽ താഴെ ഉള്ള കാലത്തെ കുറിച്ച് വലിയ ഓർമ്മ ഒന്നും ഇല്ല.

ചേർത്തല കണതുരുത്തിൽ ഇല്ലം ആണ് എന്റെ കുടുംബം. ഇല്ലത്ത് തന്നെ എന്റെ പേരവ (അച്ഛന്റെ ചേച്ചി) ആണ് എന്നെ നിലത്തെഴുത്ത് പഠിപ്പിച്ചത്. മണ്ണിൽ വിരലുകൊണ്ട് എഴുതി ആണ് മലയാളം അക്ഷരങ്ങൾ എല്ലാം പഠിച്ചത്. പേരവ ഇല്ലത്ത് തന്നെ ഒരു ആശാൻ പള്ളിക്കൂടം നടത്തിയിരുന്നു. നാട്ടിലുള്ള മിക്ക നായർ തറവാടുകളിലെ കുട്ടികളും ഇവിടെ ആണ് പഠിച്ചിരുന്നത്. ചില ക്രിസ്ത്യൻ കുട്ടികളും ഉണ്ടായിരുന്നു. അവരെ അല്പം മാറ്റിയാണ് ഇരുത്തിയിരുന്നത്. അവർക്കൊക്കെ തെറ്റു വരുത്തിയാൽ വടി എറിഞ്ഞാണ് തല്ലിയിരുന്നത്. അന്ന് തീണ്ടൽ ഉള്ള കാലം. ബ്രാഹ്മണർക്ക് മാത്രം നാലുകെട്ടിൽ പ്രവേശം. നായന്മാർക്ക് ഇറയത്ത് വരെ പ്രവേശം. ക്രിസ്ത്യാനികൾക്ക് അല്പം ദൂരെ. ഈഴവർക്ക് കുറച്ചുകൂടി ദൂരെ വരേ മാത്രം. മറ്റ് കീഴ് ജാതികൾ വേലിക്ക് പുറത്ത് !

മൂന്നാം ക്ലാസ്സിൽ ആണ് എന്നെ സ്കൂളിൽ ചേർത്തത്. വെള്ളിയാകുളം ഗവ. UPS-ൽ. സ്കൂൾ ഏതാണ്ടു ഒരു കിലോമീറ്റർ ദൂരെ ആണ്. നടന്നു പോകും. കൊച്ചു ക്ലാസുകളിൽ വീട്ടിലെ മുറ്റം ഒക്കെ തൂക്കുന്ന സ്ത്രീയുടെ ഭർത്താവ്, ഇല്ലത്തെ ഒരു ആശ്രിതൻ (നായർ ആണ്) കൊണ്ടു പോകുകയും കൊണ്ട് വരികയും ചെയ്യും. അഞ്ചാം ക്ലാസ് ആയപ്പോഴേക്കും കൂട്ടുകാരുടെ കൂടെ പോയി വരാൻ തുടങ്ങി. വഴിയിൽ ഒരു തോട് ഉണ്ട്. അതു നീന്തി കടന്നു വേണം പോകാൻ. മഴക്കാലം ആകുമ്പോൾ തോട്ടിൽ വെള്ളം നിറയും. അപ്പോൾ ഇക്കരെ നിന്ന് വസ്ത്രങ്ങൾ എല്ലാം അഴിച്ചു തലയിൽ വച്ച് അതിന് മുകളിൽ പുസ്തക കെട്ടും വക്കും. നീന്തി അക്കരെ കടന്ന ശേഷം വസ്ത്രങ്ങൾ ധരിച്ച് സ്കൂളിൽ പോകും. വസ്ത്രങ്ങൾ എന്ന് പറയാൻ ഒരു കോണകവും അതിനു പുറത്ത് ഒരു നിക്കറും ഷർട്ടും. അച്ഛൻ കറ തീർന്ന ഒരു കോൺഗ്രസ്കാരൻ ആയിരുന്നതിനാൽ ഖദർ വസ്ത്രങ്ങൾ ആണ്. വെറും രണ്ടു ജോഡി മാത്രം.!

ഇല്ലത്ത് അച്ഛനും അമ്മയും ചേച്ചിയും അഫനും കുടുംബവും എല്ലാവരും കൂടി ചർക്കയിൽ നൂറ്റ് കിട്ടുന്ന നൂൽ ഖദർ സ്റ്റോറിൽ കൊണ്ട് പോയി കൊടുത്താണ് തുണി ലഭിക്കുന്നത്. സ്കൂളിൽ നിന്നും ഇല്ലത്ത് വന്നാൽ ഒരു തോർത്ത് തരും. ഇട്ടിരിക്കുന്ന ഡ്രസ് ചാവടിയിൽ ഒരു അഴയിൽ കൊണ്ട് പോയി ഇട്ട ശേഷം തോർത്തും ഉടുത്ത് കുളത്തിൽ പോയി മുങ്ങി കുളിച്ചു വന്നെങ്കിൽ മാത്രമേ ഇല്ലത്തു പ്രവേശനം ഉള്ളു. അതിനു ശേഷം ഭക്ഷണം.

ഇല്ലത്തെ കുട്ടി ആയത് കൊണ്ട് എല്ലാ അധ്യാപകർക്കും വലിയ സ്നേഹം ആയിരുന്നു. പോരെങ്കിൽ ഹെഡ് മാസ്റ്റർ മണവേലിൽ കുടുംബാംഗവും. മേനോൻമാർ ആണ്. എന്റെ അച്ഛന്റെ മുത്തപ്പന് ആ കുടുംബവുമായി ഒരു ബന്ധം ഉണ്ടായിരുന്നു. അതുകൊണ്ട് സ്കൂളിൽ ഒരു വിഐപി പരിഗണന തന്നെ ഉണ്ടായിരുന്നു. ഇനി ഇല്ലവുമായി ബന്ധപ്പെട്ട ചില കാര്യങ്ങൾ പറയാം. കളിക്കാൻ കൂട്ടുകാരൊന്നും ഇല്ല. കളിക്ക് ആരെങ്കിലും വന്നാൽ തന്നെ അവരെ തൊട്ടു കൂടാ! തൊട്ടുപോയാൽ പിന്നെ കുളിച്ചിട്ടെ അകത്തു കയറ്റുകയോ ഭക്ഷണം തരുകയോ ചെയ്യുക ഉള്ളൂ. ഇല്ലത്ത് എന്നും രാവിലെ സാളഗ്രാമപൂജ ഉണ്ട്. തേവാര മൂർത്തികൾക്ക് നിവേദിച്ച ഉണക്കചോറ് വെണ്ണ കൂട്ടി എന്നും രാവിലെ കഴിക്കുന്നത് എന്റെ അവകാശം ആയിരുന്നു. അതിന്റെ ഒക്കെ പ്രയോജനം പിന്നീട് ശരീരത്തിൽ കണ്ടു!! അന്ന് വൈദ്യുതി ഒന്നും ഇല്ല. ചെറിയ മണ്ണെണ്ണ വിളക്കിന്റെ വെളിച്ചത്തിൽ ആണ് പഠനം. ഭക്ഷണമൊക്കെ നിലവിളക്കിന്റെ വെളിച്ച ത്തിൽ. മരോട്ടിക്ക എണ്ണയും പുന്നക്ക എണ്ണയുമൊക്കെ ഉപയോഗിച്ച് വിളക്ക് കത്തിക്കും. നാട്ടുമ്പുറം ആയതിനാൽ ഈ വക മരങ്ങൾ ഒക്കെ പറമ്പിൽ ഉണ്ട്. ഇപ്പോഴത്തെ കുട്ടികൾക്ക് അത്ഭുതം തോന്നുന്ന ഒരു കാര്യം ആണ് ഇനി പറയുന്നത്. അക്കാലത്ത് ഒരു വീട്ടിലും മല വിസർജ്ജന സൗകര്യങ്ങൾ ഇല്ല. ചേർത്തലയിൽ ഒക്കെ തോട്ടു വക്കം ആണു ശരണം. തോടിന് കുറുകെ രണ്ട് കഷണം തടി ഇട്ട് ചുറ്റും മറയ്ക്കും.

അതാണ് ടോയ്‌ലറ്റ്. കൂടാതെ വീടിനു അടുത്ത് ഒരു മറപ്പുര സ്ത്രീകൾക്ക് മൂത്ര ശങ്ക തീർക്കാനും കാണും. കിഴക്കൻ മലപ്രദേശങ്ങളിലും വല്ല പാറപ്പുറം ഒക്കെ ശരണം. ജല സ്രോതസ്സിനായി ഒരു കുളം പ്രത്യേകം കാണും. ഈ തലമുറക്ക് ഇതൊക്കെ ചിന്തിക്കാൻ പറ്റുമോ ?

എന്നെ ഒൻപതാം വയസ്സിൽ ഉപനയനം നടത്തി. ഒരു മാസം കഴിഞ്ഞാണ് സമാവർത്തനം നടത്തിയത്. ഈ ഒരു മാസം കൊണ്ട് നിത്യ കർമം, പുണ്യാഹം, ഇല്ലത്തെ തേവാര പൂജകൾ, ഗണപതി ഹോമം, ഭഗവതി സേവ, മറ്റു അത്യാവശ്യ ഹോമങ്ങൾ എല്ലാം പഠിച്ചു എന്നതിൽ എനിക്ക് ഇപ്പോഴും അഭിമാനവും സന്തോഷവും ഉണ്ട്.

ഉപനയനത്തിന് തലേ ദിവസം ആലപ്പുഴ ജില്ലയിലെ മലയാള ബ്രാഹ്മണസമാജം അംഗങ്ങളുടെയും മക്കളുടെയും കലാപരിപാടികൾ (ഓട്ടൻ തുള്ളൽ, ഡാൻസ് പ്രോഗ്രാം തുടങ്ങിയവ) ഉണ്ടായിരുന്നു. കൂടാതെ ചേർത്തല തങ്കപ്പപണിക്കരുടെ കഥകളി പദ കച്ചേരിയും. എല്ലാം പെട്രോമാക്സിന്റെ വെളിച്ചത്തിൽ!! മൈക്ക് സിസ്റ്റം ഒന്നും ഇല്ല എന്ന് ഓർക്കണം. അന്നൊക്കെ ഒരു ചടങ്ങിന് വിളിക്കുന്നവർ എല്ലാം തലേ ദിവസം തന്നെ എത്തിച്ചേരുമായിരുന്നു. ഇപ്പൊൾ ആ മുഹൂർത്തസമയത്ത് എങ്ങിനെ എത്തിച്ചേരാം എന്നാണ് ഓരോരുത്തരും ചിന്തിക്കുന്നത്.!

......തുടരും



ചെമ്പുക്കാട്ട് ഇല്ലത്ത് ഹരിയുടേയും സാവിത്രിയുടെയും മകനും,ജില്ലാ ട്രഷറർ ശ്രീമതി ദേവകി അന്തർജനത്തിന്റെ പൗത്രനുമായ നാരായണ മൂർത്തിയുടെ (അനിയൻ കുട്ടൻ) ഉപനയനത്തോടനുമ്പന്ധിച്ച് ഹവിസ്സിലേക്കുള്ള സംഭാവന 5000/ രൂപ ജില്ലാ പ്രസിഡന്റിനെ ഏൽപ്പിക്കുന്നു.



വടക്കാഞ്ചേരി ശാഖ അമ്പക്കാട് ഇല്ലത്ത് അരവിന്ദിന്റെയും വൃന്ദയുടെയും മകൾ വൈദേഹിയുടെ അന്നപ്രാശനത്തോടനുമ്പന്ധിച്ച് ഹവിസ്സിലേക്കുള്ള സംഭാവന 5000/- ജില്ലാഭാരവാഹികളെ ഏൽപ്പിക്കുന്നു...




ചങ്ങനാശേരി തെഞ്ചേരി ഇല്ലത്ത് അശ്വിൻ ബാലകൃഷ്ണന്റെയും അപർണയുടെയും പുത്രി മണികർണ്ണിക ബാലയുടെ അന്നപ്രാശത്തോട് അനുബന്ധിച്ച് ഹവിസ്സിലേക്കുള്ള സംഭാവന ശാഖാ സെക്രട്ടറി ഏറ്റുവാങ്ങുന്നു.



പെരുന്ന തെഞ്ചേരി ഇല്ലത്ത് ബ്രഹ്മശ്രീ സൂരജിന്റെ മകന്റെ ചോറൂണിനോട് അനുബന്ധിച്ച് ഹവിസിലേക്ക് ഉള്ള സംഭാവന MBS കേന്ദ്ര ജോയിന്റ് സെക്രട്ടറി സ്വീകരിക്കുന്നു.

# അർജ്ജുനപ്പത്ത്

സമ്പാദകൻ:
**Dr. ഹരിശർമ്മ**, MBS ആണ്ടൂർ ശാഖ



പണ്ട് കുട്ടിക്കാലത്ത് പേടി സ്വപ്നം കാണാതിരിക്കാൻ മുത്തശ്ശിമാർ ചെറുമക്കൾക്ക് ഉപദേശിച്ചു കൊടുത്തിരുന്ന പ്രാർത്ഥനയാണിത്. സന്ധ്യാനാമങ്ങളോടൊപ്പവും ഇത് ചൊല്ലിയിരുന്നു. മഹാഭാരതത്തിലെ മധ്യമ പാണ്ഡവനായ അർജുനന്റെ പത്തുനാമങ്ങൾ ചേർന്ന ശ്ലോകമാണിത്.

അർജ്ജുന: ഫൽഗുന: പാർത്ഥ:
കിരീടീ ശ്വേതവാഹന:
ബീഭത്സുർ വിജയോ ജിഷ്ണു:
സവ്യസാചീ ധനഞ്ജയ:
പാർത്ഥസ്യൈതാനി നാമാനി സന്ധ്യായാം യ: പഠേന്നര:
തസ്യ സർവ്വ ഭയം നാസ്തി
സർവ്വത്ര വിജയീ ഭവേത്

ഇതിന്റെ മലയാള വിവർത്തനം

അർജ്ജുനൻ ഫൽഗുനൻ പാർത്ഥൻ വിജയനും
വിശ്രുതമായ പേർ പിന്നെ കിരീടിയും
ശ്വേതവാഹനൻ ധനഞ്ജയൻ ജിഷ്ണുവും
പത്തുനാമങ്ങളും ഭക്ത്യാ ജപിക്കിലോ
നിത്യഭയങ്ങളകന്നു പോം നിശ്ചയം

നാമങ്ങളുടെ അർത്ഥം

1 അർജ്ജുനൻ – ഋജുവായി ചിന്തിക്കുന്നവൻ, ആർജ്ജവമുള്ളവൻ.
2. ഫൽഗുനൻ – ഫാൽഗുനമാസത്തിൽ അതായത് മീനമാസത്തിൽ ജനിച്ചവൻ.
3. പാർത്ഥൻ – പൃഥയുടെ / കുന്തിയുടെ പുത്രൻ.
4. കിരീടി – കിരീടമണിഞ്ഞവൻ. ഇന്ദ്രൻ തന്റെ കിരീടം പുത്രനായ അർജ്ജുനന്റെ ശിരസ്സിലണിയിച്ചു.
5. ശ്വേത വാഹനൻ – വെളുത്ത കുതിര വാഹനമായിട്ടുള്ള വൻ.
6. ബീഭത്സു – ശത്രുക്കൾ പേടിയോടെ നോക്കുന്നവൻ.
7. വിജയൻ – ഏതിലും, എല്ലാ ആയോധന വിദ്യകളിലും വിജയിച്ചവൻ.
8. ജിഷ്ണു – വിഷ്ണുവിന് പ്രിയപ്പെട്ടവൻ, വിഷ്ണുവിന്റെ മറ്റൊരു നാമം.
9. സവ്യസാചി – ഇടതുകൈകൊണ്ടും ബാണമയക്കാൻ സാധിക്കുന്നവൻ
10. ധനഞ്ജയൻ – ധർമ്മപുത്രർ നടത്തിയ രാജസൂയ യാഗത്തിന്റെ ധനസമ്പാദനത്തിനായി ഉത്തരദിക്കിലേക്ക് പോയ അർജ്ജുനൻ രാജാക്കന്മാരെ ജയിച്ച് ധാരാളം ധനം കൊണ്ടുവന്നതിനാൽ ഈ പേരുണ്ടായി.

## വേഷങ്ങൾ

വിലയേറിയ വാക്കിനെ പലതരം വേഷങ്ങൾ കെട്ടിച്ചുഞാൻ
വിറ്റും വാങ്ങിയുമെത്രയെത്ര കഥകൾ വാക്കാൽ ചമയ്ക്കുന്നു ഞാൻ
എല്ലാമെന്റെ സുഖത്തിനായനുദിനം സൗകര്യമേറ്റീടുവാൻ
എല്ലാമെന്റെ മനസ്സിലായ് തളിരിടും മോഹങ്ങൾ മാറ്റീടുവാൻ
കാമം, ക്രോധമസൂയ, ഭ്രാന്തി ചപലം ചിന്താവിലാപങ്ങളും
ഹോമിച്ചീടണമഗ്നിയിൽ, ഹരിപദം മോഹിക്കുമെങ്കിൽ സഖേ
കണ്ണൻ തന്നുടെ പാഴ്മുളം കുഴലിലെ പാട്ടായി മാറീടുവാൻ
ഭാഗ്യം ചെയ്ത പദങ്ങളാലനുദിനം കീർത്തിച്ചിടാം ശ്രീഹരേ

സെന്ദ്

# എഴുമറ്റൂർ കന്നച്ചത്തേവരുടെ കഥ

വലിയകുന്നം ഹരികുമാരൻ നമ്പൂതിരി

പത്തനംതിട്ട ജില്ലയിൽ മല്ലപ്പള്ളിയ്ക്കും റാന്നിക്കും മധ്യത്തിൽ ആയി സ്ഥിതിചെയ്യുന്ന സ്ഥലമാണ് എഴുമറ്റൂർ. പുണ്യവാഹിനികളായ പമ്പയും മണിമലയും ഉല്ലസിച്ചൊഴുകുന്നതിനിടയിലുള്ള പ്രദേശമാണ് അയിരൂർദേശവും വായ്പൂര് ദേശവും. ഈ ദേശങ്ങൾക്ക് മധ്യേ തലയുയർത്തി നിൽക്കുന്ന കാരമലയും പുളിക്കാമറ്റം മലയുടെയുടെയും താഴ് വാരത്തിൽ പച്ചപ്പട്ട് വിരിച്ച ഒരു പ്രദേശമുണ്ട്. അതാണ് എഴുമറ്റൂർ അഞ്ചീശ്വരന്മാരുടെ മണ്ണ് എന്ന് കീർത്തി കേട്ട ഈ ദേശത്തെക്കുറിച്ച് ചിന്തിക്കുമ്പോൾ തന്നെ കണ്ണച്ച തേവരെയും, പനമുറ്റത്തുകാവിലമ്മയെയും,ഏലം മഹാദേവരെയുമാണ് ആദ്യമേ ഓർക്കുന്നത്, ഏഴ് മറ്റ് ഊരുകളെക്കാൾ ഉയർന്നുനിൽക്കുന്ന പ്രദേശം, എന്ന അർത്ഥത്തിൽ ഏഴുമറ്റൂർ എന്ന് പറയുന്നു എന്നും, അതല്ല എഴുമറ്റൂർ കന്നച്ചത്തേവരുമായി ബന്ധപ്പെട്ട ഒരു ഐതിഹ്യ കഥ യിലൂടെയാണ് എഴുമറ്റൂർ എന്ന പേര് വന്നത് എന്നും പറയപ്പെടുന്നു. ആ കഥ പറയാം കുറ്റിക്കാടുകളും പുൽമേടുകളും അരുവിയും ജലാശയങ്ങളാലും സമൃദ്ധമായ, കിളികളുടെ മധുരഗീതങ്ങളും കായ് ഫലമുള്ള വൃക്ഷലതാദികളെ കൊണ്ടും നയനാനന്ദകരമായ ഈ ദേശത്ത് സാക്ഷാൽ ശ്രീകൃഷ്ണസ്വാമി തന്നെ ബാലനായി വന്ന് എരുമയെ കറന്നു കുടിച്ച കഥയാണ് പറയുവാൻ തുടങ്ങുന്നത്. ഈ പ്രദേശത്ത് നിരവധി കന്നുകാലികൾ ഉണ്ടായിരുന്ന ഒരു കുടുംബത്തിലെ കാരണവർ, എരുമകളെയും പശുക്കളെയും എല്ലാം മേയാൻ വിട്ടതിനു ശേഷം വൈകിട്ട് പാൽ കറന്നെടുക്കാൻ നോക്കുമ്പോൾ എരുമകൾക്ക് പാൽ കുറവായി കാണപ്പെട്ടു. അദ്ദേഹം എരുമകൾ മേയുന്ന സ്ഥലങ്ങളിൽ നിരീക്ഷിക്കാൻ തുടങ്ങി. അക്കാലത്ത് ആരും തന്നെ കന്നുകളെ ഒന്നും കെട്ടിയിട്ട് വളർത്താറില്ലല്ലോ? കാരണവർ കന്നുകളെ നോക്കി ചെന്നപ്പോൾ സസ്യസമ്പൂർണ്ണമായ ഒരു പ്രദേശത്ത് എരുമകൾ മേഞ്ഞു നടക്കുന്നതും കോമളനായ ഒരു ബാലൻ ഒരു എരുമയെ പേഴിലക്കുമ്പിളിൽ പാൽ കറന്ന് കുടിക്കുന്നതും കണ്ടു. വളരെ നാളുകളായി എരുമകൾക്ക് പാൽ കുറയാൻ കാരണം ഈ ബാലൻ തന്നെ എന്ന് ഉറപ്പിച്ച് കാരണവർ തൊട്ടടുത്ത് കിടന്ന ഒരു കല്ല് എടുത്ത് എടാ കള്ളാ എന്ന് പറഞ്ഞ് ബാലന് നേരെ എറിഞ്ഞു. ക്ഷണ മാത്രയിൽ ബാലൻ അപ്രത്യക്ഷനാവുകയും ചെയ്തു. എന്നാൽ അന്നുമുതൽ അദ്ദേഹത്തിന് പലവിധ ദുരിതങ്ങൾ ഉണ്ടാവുകയും നാൽക്കാലിനാശം സംഭവിക്കുകയും ചെയ്തു. ദൈവജ്ഞഹിതം അറിയുന്നതിന് വേണ്ടി ജ്യോതിഷികളെ സമീപിക്കുകയും ഈ പ്രപഞ്ചത്തിന്റെ മുഴുവൻ നാഥനായ സാക്ഷാൽ ശ്രീകൃഷ്ണ പരമാത്മാവ് തന്നെയാണ് ബാലനായി വന്ന് പാൽ കവർന്നു കുടിച്ചത് എന്ന് അവർ പറയുകയും ചെയ്തപ്പോൾ, ആ കാരണവർ സ്തബ്ധനായി നിന്നുപോയി. പ്രായശ്ചിത്തമായി ഒരു ക്ഷേത്രം ആ സ്ഥലത്ത് തന്നെ പണിയണമെന്ന് ദൈവജ്ഞഹിതം അറിയിച്ചു. കടയ്ക്കൽ എന്ന കുടുംബത്തിലെ ആ കാരണവർ അവിടുത്തെ ഭരണകർത്താക്കളായ തമ്പുരാക്കന്മാരുമായി ആലോചിക്കുകയും ,തൃക്കൈയ്യിൽ വെണ്ണയുമായി നിൽക്കുന്ന ഉണ്ണിക്കണ്ണന്റെ വിഗ്രഹം പ്രതിഷ്ഠിക്കുകയും ചെയ്തു. വർഷങ്ങൾക്ക് ശേഷം ക്ഷേത്രം ശ്രീകോവിലിനും ചുറ്റമ്പലത്തിനും ജീർണ്ണത സംഭവിച്ചപ്പോൾ തന്നെ തെക്കൻകൂർ രാജാവായ രവിവർമ്മനുപല വിധത്തിൽ രോഗാരിഷ്ടതകൾ ഉണ്ടാവുകയുംഎഴുമറ്റൂർ ദേശത്തെ അധികാരികൾ രാജാവിനോട് നമ്മുടെ നാട്ടിലെ ജീർണ്ണത സംഭവിച്ച കന്നച്ചത്തേ വരുടെ ക്ഷേത്രം പുതുക്കിപണിതാൽ അങ്ങയുടെ രോഗാരിഷ്ടതകൾ എല്ലാം മാറുമെന്നും അറിയിച്ചു. രവി വർമ്മൻ ക്ഷേത്രത്തിൽ വന്ന് പുതുക്കിപണികൾ നടത്താം മെന്ന് പറഞ്ഞു പോയ അന്ന് രാത്രി തന്നെ ദേഹമാസകലം കുരുക്കൾ വന്ന് ബുദ്ധിമുട്ടിയിരുന്ന അദ്ദേഹത്തിന്റെ കുരുക്കൾ എല്ലാം അപ്രത്യക്ഷമാവുകയും പിറ്റെ ദിവസം തന്നെ ക്ഷേത്രം ചെമ്പു പൊതിയുന്നതിനും ക്ഷേത്ര കേടുപാടുകൾ തീർക്കുന്നതിനും രാജാവ് നേരിട്ട് വന്ന് പണികൾ നടത്തിച്ചു. അത് മലയാള വർഷം 632 ൽ ആണെന്ന് ചെമ്പുതകിടിലെ ലിഖിതം കൊണ്ട് അറിയുവാൻ കഴിയും. ക്ഷേത്ര പ്രതിഷ്ഠ നടന്ന വർഷം ഇപ്പോഴും അജ്ഞാതമാണ്. എരുമയെ

പേജ് 15ൽ തുടരും

ലേഖനം



# എന്താ ചെയ്തത് ശങ്കരൻ?

**സി വി എസ്  ചേലമറ്റത്തില്ലം**

'ശിവഗുരുവും ആര്യാംബയും ശിശുവായ ശങ്കരനോടൊപ്പം ആനന്ദഭരിതമായ ജീവിതം നയിച്ചു വരികയായിരുന്നു. ദൗർഭാഗ്യവശാൽ ഉണ്ണിയ്ക്കഞ്ചു വയസ്സു തികയും മുൻപേ ശിവഗുരു അന്ത്യശ്വാസം വലിച്ച് പരലോകത്തേയ്ക്കു യാത്രയായി. ദു:ഖിതയെങ്കിലും ധൈര്യശാലിയായ മാതാവ് കുട്ടിയെ യഥായോഗ്യം വളർത്തിക്കൊണ്ടുവന്നു. യഥാകാലം ഉപനയനവും നടത്തി. പിതൃവ്യന്മാരോ മാതുലന്മാരോ ആരെങ്കിലുമാകാം. അതിനെപ്പറ്റിയൊന്നും സൂചനകളില്ല. ബ്രഹ്മചാരിയെ ഗുരുസമക്ഷം അയച്ച് വേദാദി പഠനങ്ങളും നടത്തി. ബ്രഹ്മചാരി ഭിക്ഷയെടുത്ത് അത് ഗുരുവിങ്കൽ സമർപ്പിച്ച് അതിൽനിന്നു ഗുരു നൽകുന്നതുകൊണ്ടു വേണം വിശപ്പടക്കാൻ. അങ്ങനെ ഒരു ദിവസം ശങ്കരൻ ഭിക്ഷയ്ക്കായി ഒരില്ലത്തു ചെന്നു.

'ഭവതി ഭിക്ഷാം ദേഹി എന്നു പറഞ്ഞു അല്ലേ? ഉപനയനസമയത്ത് കേട്ടിട്ടുണ്ട്' മാധവൻ പറഞ്ഞു

'അതെ, ഉപനയനസമയത്ത് അമ്മയോടാണു ഭിക്ഷ വാങ്ങേണ്ടത്. അമ്മയോടു മാത്രം. മാതരമേവാഗ്രേ ഭിക്ഷസ്വ എന്നുണ്ട്. അതുകൊണ്ടാണ് ബ്രഹ്മചാരികൾക്ക് ഗൃഹനാഥമാർ ഭിക്ഷ നൽകിയിരുന്നത്. ഇന്നിപ്പോൾ ഉപനയനസമയത്ത് ഭിക്ഷനൽകുന്നതും അയനിഊണിനു മുൻപ് കുളിക്കാൻ എണ്ണ തേപ്പിയ്ക്കുന്നതും അമ്മ മാത്രമല്ല എല്ലാവരും ചെയ്യുകയും ഫോട്ടോ എടുക്കുകയും ചെയ്യുന്നു. കാലഘട്ടത്തിനനുസരിച്ച മാറ്റം എന്നു വിചാരിയ്ക്കാം. അതങ്ങനെ നിൽക്കട്ടെ.

ശങ്കരൻ ഭിക്ഷയ്ക്കായി ചെന്ന ഇല്ലത്ത് കടുത്ത ദാരിദ്ര്യമായിരുന്നു. അവിടുത്തെ അമ്മ നോക്കിയിട്ട് ഭിക്ഷയ്ക്കായി ഒരു വസ്തുവും കണ്ടില്ല. ബ്രഹ്മചാരിയെ ഭിക്ഷയില്ലാതെ മടക്കി അയയ്ക്കുന്നത് കടുത്ത പാപമായാണ് അന്നു കണക്കാക്കിയിരുന്നത്. ആ ഗൃഹനാഥ വളരെയധികം മനപ്രയാസപ്പെട്ടു. പെട്ടെന്നു താൻ എവിടെയോ ഒരു ഉണങ്ങിയ നെല്ലിയ്ക്ക കിടക്കുന്നത് കണ്ടതോർമ്മ വന്നു. ഓടിച്ചെന്ന് അതു തപ്പിയെടുത്ത് വളരെ വിഷമത്തോടെ ബ്രഹ്മചാരിയ്ക്കു ഭിക്ഷ കൊടുത്തു. ഭിക്ഷ കിട്ടിയതിൽ ബ്രഹ്മചാരി സന്തുഷ്ടനായെങ്കിലും അവിടുത്തെ ദരിദ്രാവസ്ഥ കണ്ട് മനോവ്യഥയുണ്ടായി. 'കരുണാലയമായ ശങ്കരൻ' മഹാലക്ഷ്മിയെ സ്തുതിച്ചുകൊണ്ട് ഒരു സ്തോത്രം ചൊല്ലി.'

'കനകധാരാ സ്തോത്രമല്ലേ അഫാ?' മാധവൻ

'അതെ, പ്രസിദ്ധമായ കനകധാരാ സ്തോത്രം. ആചാര്യസ്വാമികളുടെ ആദ്യത്തെ രചനയും അതു തന്നെ.

അംഗം ഹരേ: പുളകഭൂഷണമാശ്രയന്തീ
ഭൃംഗാംഗനേവ മുകുളാഭരണം തമാലം
അംഗീകൃതാഖില വിഭൂതിരപാംഗലീലാ
മംഗല്യദാസ്തു മമ മംഗലദേവതായാ:

ഇതുപോലെ അതിമനോഹരമായ ഇരുപതു ശ്ലോകങ്ങളാണു കനകധാരാ സ്തോത്രത്തിൽ ഉള്ളത്. ഇരുപത്തൊന്നാമതായി ഒരു ഫലശ്രുതിയും. ഒരു ശ്ലോകം കൂടി നോക്കാം

ദദ്യാദ്ദയാനുപവനോ ദ്രവിണാംബുധാരാ-
മസ്മിന്നകിഞ്ചനവിഹംഗശിശൗ നിഷണ്ണേ
ദുഷ്കർമ്മഘർമ്മമപനീയ ചിരായ ദൂരാ-
ന്നാരായണ പ്രണയിനീ നയനാംബുവാഹഃ

ദയയാകുന്ന അനുകൂലവാതത്തോടു കൂടിയ മഹാലക്ഷ്മിയുടെ നേത്രങ്ങളാകുന്ന കാർമ്മേഘം അടുത്തിരിയ്ക്കുന്ന ദരിദ്രനായ് ഈ പക്ഷിക്കുഞ്ഞിൽ ദുഷ്ക്കർമ്മം വല്ലതുമുണ്ടെങ്കിൽ അതുകൊണ്ടുള്ള ചൂടിനെ അകറ്റി ദീർഘകാലം സമ്പത്താകുന്ന ജലധാരയെ വർഷിച്ചു തരുമാറാകേണമേ.

ബ്രഹ്മചാരിയ്ക്കു നെല്ലിക്ക ഭിക്ഷയായി നൽകിയതുകൊണ്ട് മഹാലക്ഷ്മി പ്രസാദിച്ച് അവിടെ സ്വർണ്ണ നെല്ലിക്ക വർഷിച്ചു എന്നാണ് ഐതിഹ്യം. ആ ഇല്ലം പിന്നീട് സ്വർണ്ണത്തുമന എന്ന പേരിൽ പ്രസിദ്ധമായി. ഇപ്പോഴും ആ മനയുണ്ട്.'

'ബ്രാഹ്മണരെല്ലാം ധനികരും ജന്മിമാരുമായിരുന്നു എന്നു പറയുന്നത് വാസ്തവമല്ല, അല്ലേ' മാധവൻ

'അതെ. എല്ലാവരെയും പോലെ ബ്രാഹ്മണരിലും ദരിദ്രരും ധനികരും ഉണ്ടായിരുന്നു. ലോകഗതി അങ്ങനെയാണല്ലോ.

ഇതിന്റെ ഫലശ്രുതിയിൽ പറയുന്നത്

സ്തുവന്തീ യേ സ്തുതിഭിരമൂഭിരന്വഹം
ത്രയീമയീം ത്രിഭുവനമാതരം രമാം
ഗുണാധികാ ഗുരുധനധാന്യ ഭാഗിനോ
ഭവന്തി തേ ഭവമനുഭാവിതാശയാ:

ഈ സ്തോത്രങ്ങളെക്കൊണ്ട് വേദ സ്വരൂപിണിയും ത്രിലോകമാതാവുമായ ലക്ഷ്മീദേവിയെ ആരാണോ ദിവസവും സ്തുതിയ്ക്കുന്നത് അവർ ഗുണോത്കൃഷ്ട രും ധനധാന്യസമ്പത്തുകൾക്ക് അവകാശി കളും ഈലോക സുഖ ദു:ഖങ്ങൾ അനുഭവി ച്ചറിഞ്ഞ് പക്വത വന്ന മനസ്സോടു കൂടിയ വരും ആയി ഭവിയ്ക്കുന്നു.

മഹാലക്ഷ്മിയുടെ അനുഗ്രഹത്താൽ സമ്പത്തു നേടുന്നവർ ഒരിയ്ക്കലും അഹങ്കാ രികളാവുകയില്ല. പക്വതയുള്ളവരാവും.'

'അഫൻ ഈ സ്തോത്രം ഒന്നു വിസ്ത രിച്ചു പറഞ്ഞു തരണം' മാധവൻ ആവശ്യ പ്പെട്ടു

'ശരി, പിന്നീടൊരിയ്ക്കലാവാം' വാസ്വ ഫൻ

ഇതുപോലെ മറ്റൊരു നെല്ലിക്കാ കഥയുണ്ട് സംഘകാല തമിഴ് കൃതിയായ പുറനാനൂറിൽ. സഹ്യാദ്രിയുടെ അത്യുന്നത ശിഖരത്തിൽ ചെറിയ ഇലകളോടുകൂടിയ നെല്ലിമരമുണ്ട്. പ്രത്യേക മാധുര്യമുള്ള ഇതിലെ പഴം അതിദുർല്ലഭമാണ്. ഇത് ദീർഘായുസ്സിനെ കൊടുക്കുക്കുന്നതാണു. അതിയമാൻ നെടുമാൻ അഞ്ചി എന്ന വീരനും ശക്തനുമായ പോരാളിക്ക് ഇതൊരി ക്കൽ ലഭിയ്ക്കുകയുണ്ടായി. അതദ്ദേഹം സ്വയം ഭക്ഷിയ്ക്കാതെ ഔവ്വയാർക്കു സമ്മാനിച്ചു. താൻ ദീർഘായുസ്സായിരിക്കാൻ ആഗ്രഹി ക്കാതെ കവയിത്രി ഔവ്വയാറിനെ ദീർഘാ യുസ്സായിരിയ്ക്കാൻ പ്രാപ്തയാ ക്കിയ ഈ ധീരന്റെ മഹാമനസ്ക്കതയെപ്പറ്റി പാടുകയും നീലകണ്ഠനായ മഹാദേവനെ പ്പോലെ ദീർഘായുസ്സായി ഭവിയ്ക്കട്ടെ എന്നു അനുഗ്രഹിയ്ക്കുകയും ചെയ്തു. അതിയ മാന് തന്റെ ഭാഷയായ തമിഴിനോട് ആദരവും താല്പര്യവുമുണ്ടായിരുന്നു. കവയിത്രിയായ ഔവ്വയാറിന്റെ പാടവം തമിഴിനു എക്കാലവും വേണമെന്നാഗ്ര ഹിച്ചാണ് പഴം അവർക്കു കൊടുത്തത്.

(പുറനാനൂറ് പാട്ട് 91).

''നെല്ലിക്കാ കൊണ്ട് മലയാളത്തിൽ സമ്പദ് വർദ്ധനയുണ്ടായി. തമിഴിൽ ആയുർ വർദ്ധനയുണ്ടായി, അല്ലേ?' മാധവൻ

ഗുരുകുലത്തിൽനിന്നു പഠനമെല്ലാം വളരെ നേരത്തേ തന്നെ പൂർത്തിയാക്കി ശങ്കരൻ ഇല്ലത്തെത്തി. സാധാരണരീതിയിൽ തുടർന്ന് സമാവർത്തനം, വേളി, ഗാർഹ സ്ഥ്യം ഇങ്ങനെ പോകും. എന്നാൽ ശങ്കര ന്റെ ജന്മോദ്ദേശ്യം എന്താണു? ലോകരെ സംസാരാഗ്നിയിൽ നിന്നു മോചിപ്പിച്ച് ശാന്തിയും സമാധാനവും സ്ഥാപിയ്ക്കുക എന്നതാണു.

ഇതിനിടയ്ക്കു മറ്റൊരു സംഭവം നടന്നിരുന്നു. ശങ്കരന്റെ അമ്മ അകലെയുള്ള പുഴയിലേയ്ക്കു കുളിയ്ക്കാനായി നടന്നു പോകവേ ഒരിയ്ക്കൽ തളർന്നു വീണു. ഇതുകണ്ടു ശങ്കരൻ നദിയോട് തന്റെ ഇല്ല ത്തിനടുത്തു കൂടി ഒഴുകണമെന്ന് പ്രാർത്ഥി ച്ചു. നിന്റെ കാലടി കൊണ്ട് വരച്ചു വഴി കാണിച്ചോളൂ ഞാൻ അതിലെ ഒഴുകി വരാം എന്ന് നദീദേവത വാക്കു കൊടുത്തു. അങ്ങനെ പുഴ ഇപ്പോൾ കാണുന്ന വഴിയെ ഒഴുകാൻ തുടങ്ങി. കാലടി വച്ച് വഴികാണിച്ച് പുഴയെ കൊണ്ടുവന്ന സ്ഥലമായതുകൊണ്ട് കാലടി എന്ന പേരുണ്ടായി എന്നു വിശ്വസിക്കുന്നു. മലയാറ്റൂർ ഭാഗത്തുനിന്നു പുഴവരുന്ന വഴി വീക്ഷിച്ചാൽ സ്വാഭാവി കമായ ഗതിയിലുണ്ടായ മാറ്റം ദർശിക്കാൻ സാധിക്കും. വീണ്ടും പഴയ ദിശയിലേ ക്കെത്തുന്നത് ചേലാമറ്റം ക്ഷേത്രത്തിനു സമീപമാണു. അതിനു വേണ്ടി പുഴ കുറച്ചു ദൂരം കിഴക്കോട്ട് ഒഴുകുന്നു. അങ്ങനെയുള്ള സ്ഥലത്തെ ശ്രീകൃഷ്ണ ക്ഷേത്രം പിതൃ കർമ്മത്തിനു വിശേഷമുള്ളതാണു. പിതൃ പ്രീതിക്കുവേണ്ടിയുള്ള തിലഹോമം ഇവിടെ വിശേഷമാണ്.

അവതാരലക്ഷ്യം പൂർത്തീകരിക്ക ണമെങ്കിൽ ഗാർഹസ്ഥ്യത്തിലേയ്ക്കു പ്രവേശിക്കാതെ സന്യാസത്തിലേക്കു തിരി യണം. പക്ഷെ ഒരേ ഒരു പുത്രനെ സന്യാസി യാകാൻ അമ്മ സമ്മതിക്കുന്നില്ല. അങ്ങനെ യിരിക്കെ ഒരു ദിവസം നദിയിൽ സ്നാനം ചെയ്യാൻപോയ ശങ്കരന്റെ കാലിൽ ഒരു മുതല പിടിയ്ക്കുന്നു. മകന്റെ നിലവിളി കേട്ട് പരിഭ്രാന്തയായ മാതാവ് ഓടിയെ ത്തുന്നു. നിസ്സഹായയായ മാതാവ് നോക്കി നിൽക്കെ മുതല ഉണ്ണിയെ ആഴത്തിലേയ്ക്കു വലിച്ചുകൊണ്ടു പോവാൻ തുടങ്ങുന്നു. സന്യസിയ്ക്കാൻ അനുവദിക്കുകയാണെ ങ്കിൽ ഒരുപക്ഷേ മുതല പിടിവിടുമായിരിക്കു മെന്ന് ശങ്കരൻ വിളിച്ചു പറഞ്ഞു. സന്യാസി യായിട്ടാണെങ്കിലും തന്റെ മകൻ ജീവിച്ചിരി

ക്കുന്നതല്ലേ നല്ലതെന്നു വിചാരിച്ചു അമ്മ സന്യാസത്തിനു അനുവാദം കൊടുത്തു. അത്ഭുതമെന്നു പറയട്ടെ മുതല പിടിവിട്ടു. താമസിയാതെ ശങ്കരൻ സന്യാസദീക്ഷയ്ക്കു ഉത്തമനായ ഗുരുവിനെ അന്വേഷിച്ചു യാത്രയായി. അമ്മ ആഗ്രഹിക്കുന്ന സമയം താൻ അടുത്തെത്തിക്കൊള്ളാമെന്ന് വാക്കും നൽകിയാണ് ശങ്കരൻ പുറപ്പെട്ടത്'

'അവതാരമായ ശ്രീരാമൻ കൊട്ടാരം വിട്ട് വനത്തിലേയ്ക്കു പോയെങ്കിലേ ലക്ഷ്യമായ രാക്ഷസനിഗ്രഹം നടക്കുകയുള്ളു. അതിനാവശ്യമായ അഭിഷേക വിഘ്നമാണു മന്ഥരയിലൂടെ സാധിച്ചത്. അതേപോലെയാണ് ഇവിടെ ശ്രീശങ്കരനു സന്യാസത്തിനു പോവാൻ മുതല കാരണമായത്. അല്ലേ അഫാ?' മാധവൻ

അതെ.ശങ്കരനെ മുതല പിടിച്ച മുതലക്കടവ് ഇപ്പോഴും കാലടിയിലുണ്ട്'

ശങ്കരൻ കാലടിയിൽ നിന്നു നടന്നു നടന്നു നർമ്മദാ നദീതീരത്ത് ഗോവിന്ദപാദർ ധ്യാനത്തിലിരിയ്ക്കുന്ന ഗുഹയ്ക്കു സമീപമെത്തി

ദണ്ഡാന്വിതേന ധൃതരാഗനവാംബരേണ
ഗോവിന്ദനാഥവനമിന്ദുഭവാതടസ്ഥം
തേനപ്രവിഷ്ടമജനിഷ്ട ദിനാവസാനേ
ചണ്ഡത്വിഷാ ച ശിഖരം ചരമാചലസ്യ

ദണ്ഡും കാഷായവസ്ത്രവും ധരിച്ച ബ്രഹ്മചാരിയായ ശങ്കരൻ സന്ധ്യാസമയത്ത് സൂര്യൻ അസ്താചലത്തിൽ പ്രവേശിച്ചതുപോലെ ഗോവിന്ദപാദരുടെ തപോവനത്തിൽ എത്തി. കാഷായനിറവും തേജസ്സും അസ്തമയസൂര്യനും ശങ്കരനും ഒരുപോലെ ചേരുന്നു

വേദവ്യാസന്റെ ശിഷ്യനായ ഗൗഡപാദാചാര്യന്റെ ശിഷ്യനാണ് ഗുരു ഗോവിന്ദപാദർ. ഗോവിന്ദ നാഥനെന്നും പറയാറുണ്ട്. അദ്ദേഹത്തിന്റെ ഒരു ദർശനത്തിനുവേണ്ടി അനേകം മഹർഷിമാർ തന്നെ കാത്തു നിൽക്കുന്നു. നർമ്മദാതീരത്തുള്ള ഒരു ഇടുങ്ങിയ ഗുഹയിലാണ് അദ്ദേഹം ധ്യാനനിരതനായിരിയ്ക്കുന്നത്. അദ്ദേഹം ആദിശേഷന്റെ അവതാരമായ പതഞ്ജലിയുടെ അവതാരമാണ്.

അദ്ദേഹത്തിന്റെ പിന്നിൽനിന്നു ശങ്കരൻ സ്തുതിച്ചു

'പര്യങ്കതാം ഭജതിയഃ പതഗേന്ദ്ര കേതോ:
പാദാംഗദത്വമഥവാ പരമേശ്വരസ്യ
തസ്യൈവമൗലിധൃതി സാർണ്ണവ ശൈല ഭൂമേ:
ശേഷസ്യ വിഗ്രഹവിശേഷമഹം ഭജേ ത്വാം '

മഹാവിഷ്ണുവിനു തൽപമായും ശ്രീപരമേശ്വരനു പാദഭൂഷണമായും ഭൂമിയും സമുദ്രങ്ങളും പർവ്വതങ്ങളും ഫണങ്ങളിൽ വഹിച്ചുകൊണ്ടിരിക്കുന്നവനുമായ ആദിശേഷന്റെ അവതാരത്തെ ഞാൻ ഭജിക്കുന്നു.

ദൃഷ്ട്യാ പുനർന്നിജ സഹസ്രമുഖീ മദൈഷു
രന്തേവസന്ത ഇതി താമപഹായഭൂയ:
ഏകാനനേന ഭുവിയസ്ത്യവതീർയ്യശിഷ്യാ
നന്വഗ്രഹീന്നനു സ ഏവപതഞ്ജലീസ്ത്വം

സഹസ്രഫണനായിരിക്കുന്ന അങ്ങയെ കണ്ട് ശിഷ്യന്മാർ ഭയന്നെങ്കിലോ എന്നു വിചാരിച്ച് ഏകശിരസ്സായിത്തീർന്ന് ശിഷ്യരെ അനുഗ്രഹിച്ചുകൊണ്ടിരിക്കുന്ന പതഞ്ജലിയല്ലോ അങ്ങ്?

'പാണിനീയത്തിന് മഹാഭാഷ്യം രചിച്ച് ഭാഷ്യകാരൻ പതഞ്ജലി എന്ന പ്രസിദ്ധനല്ലേ അദ്ദേഹം ?''മാധവൻ

അതെ. ആയുർവ്വേദാചാര്യന്മാരിലൊരാളായ ചരകനും പതഞ്ജലിയും ഒന്നു തന്നെ. യോഗസൂത്രങ്ങളുടെ കർത്താവും അദ്ദേഹം തന്നെ. ഏതായാലും ശങ്കരന്റെ സ്തുതികേട്ടു സമാധിയിലായിരുന്ന് അദ്ദേഹം കണ്ണു തുറന്ന് തിരിഞ്ഞു നോക്കാതെ തന്നെ ചോദിച്ചു 'നീയാര്?'

അതിനുത്തരമായി ശങ്കരൻ ചൊല്ലി

ന ഭൂമിർ ന തോയം നതേജോ നവായുർ–
ന ഖം നേന്ദ്രിയം വാ ന തേഷാം സമൂഹഃ
അനൈകാന്തികത്വാത് സുഷുപ്ത്യേക സിദ്ധ–
സ്തദേകോഽവശിഷ്ടഃ ശിവഃ കേവലോഽഹം
(ഭൂമിയല്ല തോയമല്ല വഹ്നിയല്ല വായുവും
വ്യോമമല്ല ഇന്ദ്രിയങ്ങളല്ല തൽ സമൂഹവും
നിദ്രതന്നിലസ്ഥിരങ്ങളാകവേയൊടുങ്ങിലോ
ശിഷ്ടമായിവന്ന വെറുമേകനാണു ഞാൻ ശിവൻ)

*(വിവ. യശഃ കെ എൻ പാർവ്വതി അന്തർജ്ജനം കാഞ്ഞിരപ്പിള്ളിമന കാക്കൂർ കൂത്താട്ടുകുളം)*

ഇങ്ങനെ പത്തു ശ്ലോകങ്ങൾ ചൊല്ലി. പില്ക്കലത്ത് അവ ദശശ്ലോകി എന്ന പേരിൽ പ്രസിദ്ധമായി. സന്തുഷ്ടനായ അദ്ദേഹം ശങ്കരനെ ശിഷ്യനായി സ്വീകരിച്ചു. പാദപൂജക്കുവേണ്ടി പാദങ്ങൾ മേലോട്ടുയർത്തിക്കാട്ടി എന്നാണ് പറയുന്നത്. തിരിഞ്ഞിരുന്ന് കാലു നീട്ടിക്കൊടുക്കാൻ പോലും ഗുഹയിൽ ഇടമില്ല.

ശിഷ്യനായ ശങ്കരന് നാലു മഹാ വാക്യങ്ങൾ ഉപദേശിച്ചു കൊടുത്ത് സന്യാസത്തിലേയ്ക്ക് സ്വീകരിച്ചു

തത്ത്വമസി
അഹം ബ്രഹ്മാസ്മി
അയമാത്മാ ബ്രഹ്മ
പ്രജ്ഞാനം ബ്രഹ്മ'

സന്യാസ ദീക്ഷ നൽകിയപ്പോൾ ശങ്കരന് ആനന്ദൻ, തീർത്ഥൻ. പുരി ഇത്യാദി പേരുകളൊന്നും നൽകിയില്ലേ?'

'ഇല്ല. ഇത്തരം പേരുകൾ നൽകുന്ന രീതി ശങ്കരാചാര്യർ നടപ്പാക്കിയതാണ്. ഇത്തരം പത്തു പേരുകൾ ഉണ്ട്. ഇതിനു ദശനാമീ സമ്പ്രദായം എന്നു പറയും. ശങ്കരാ ചാര്യർ മഠങ്ങൾ സ്ഥാപിച്ച് അവിടുത്തെ സമ്പ്രദായങ്ങൾക്ക് മഠാമ്നായവും രചിച്ചു. അന്നുമുതലാണ് ദശനാമീസമ്പ്രദായം നടപ്പിൽ വന്നത്. മഠങ്ങൾ സ്ഥാപിക്കുന്നതിനു മുൻപേ ഉള്ള ശിഷ്യന്മാർക്ക് ഈ പേരുകൾ ഇല്ല. പ്രസിദ്ധരായ ശിഷ്യർ പദ്മപാദൻ, സുരേശ്വരൻ, ഹസ്താമലകൻ, തോടകൻ ഇവരാണല്ലോ.

അങ്ങനെ ശങ്കരൻ ഗോവിന്ദപാദരുടെ ശിഷ്യത്വത്തിൽ പഠനം തുടങ്ങി

*(തുടരും)*

# സമസ്യാപൂരണം

**കരഞ്ഞു കാമുകീ നമുക്ക് ദൂരെ യാത്ര പോകണം**
**കരത്തിലില്ല കാൽ പണം , തിരക്കിലാണ് ചൊല്ലി ഞാൻ.**
**പെരുത്ത വിത്തശാലിയാമൊരുത്തനൊത്തു പോയവൾ**
**പരസ്പരം പറഞ്ഞിടാതെ യാത്ര പോയി നീ സഖീ**
**– ഹരികുമാർ, പാണാട്ടില്ലം, കുറിച്ചിത്താനം**

**പരസ്പരം പറഞ്ഞിടാതെ ഒന്ന് ചേർന്നതാണു നാം**
**പരസ്പരം പിരിഞ്ഞിടാതെ പങ്കു വച്ചു ജീവിതം**
**ഒരിക്കലും നിനച്ചിടാതെ വന്നു ചേർന്ന വ്യാധിയിൽ**
**പരസ്പരം പറഞ്ഞിടാതെ യാത്ര പോയി നീ സഖി!**
**– മനോജ് വി എൻ, തെക്കിനാട്ടില്ലം, കുറവിലങ്ങാട്**

**– സമസ്യാകാരൻ്റെ പൂരണം**
**നിറഞ്ഞ മോഹമോടെ നാം കൊതിച്ചു കൂട്ടു ചേരുവാൻ**
**പിരിഞ്ഞു പോയി, പക്ഷെ, നീ പറന്നകന്ന പക്ഷിപോൽ!**
**കരിഞ്ഞു പോയി, രാഗപൂക്കൾ കോർത്ത ഗന്ധമാല്യവും**
**പരസ്പരം പറഞ്ഞിടാതെ യാത്രപോയി നീ സഖീ!**
**– വി എൻ വാസുദേവൻ ഇളയത് വാളമറ്റത്തില്ലം, കോതമംഗലം**

## അടുത്ത സമസ്യ

**ചിരം ശ്രമിക്കു,ന്നുണരൂ സ്വയം നാം'**

**വൃത്തം: ഉപേന്ദ്രവജ്ര**
**ലക്ഷണം:**
**ഉപേന്ദ്രവജ്രയ്ക്ക് ജതംജഗംഗം**

**സമസ്യകൾ 2024 ആഗസ്റ്റ് 20ന് നു മുൻപായി ചീഫ് എഡിറ്ററുടെ നമ്പറിൽ Whatsapp ചെയ്യുകയോ, ബ്രഹ്മശ്രീയിലേക്ക് മെയിൽ ആയി അയക്കുകയോ ചെയ്യുക**

പേജ് 10ൽ നിന്നും തുടർച്ച

ദേവൻ കറന്നെടുത്ത നാട് ആയതുകൊണ്ട് എരുമയുറ്റയൂര് എന്ന പേരും ദേശത്തിന് ലഭിച്ചു. കന്നിനെ ഇഷ്ടപ്പെട്ട ദേവൻ ആയതുകൊണ്ട് ഈ ദേവന് കന്നച്ചത്തേവർ എന്ന പേരും ലഭിച്ചു. പിന്നീട് കാലാന്തരത്തിരത്തിൽ കണ്ണശ്ച തേവരായി അറിയപ്പെടുകയും ചെയ്തു. എരുമപ്പാൽ പാൽപ്പായസ നിവേദ്യം ദേവന് പ്രധാനമായി മാറുകയും ചെയ്തു. രണ്ടു കൈയിലും വെണ്ണയുമായി ആഹ്ലാദപൂർവ്വം ചിരിച്ചുകൊണ്ട് നിൽക്കുന്ന എഴുമറ്റൂർ ഉണ്ണിക്കണ്ണന്റെ ബാലലീലകൾ ഇപ്പോഴും ദേശത്തെ പ്രശസ്തമാക്കുന്നു. കന്നച്ചത്തേവരും, പനമുറ്റത്തമ്മയും, ഏലം മഹാദേവരും കാരമലയും പുളിക്കാമുറ്റം മല ദൈവങ്ങളും കൂടിച്ചേർന്ന് അഞ്ചീശ്വരന്മാരാൽ പാലിക്കപ്പെടുന്ന ഈ നാടിന്റെ ചരിത്രം ഓരോരുത്തരെയും ഭക്തിയിലും ആനന്ദത്തിലും ആറാടിക്കുന്നതാണ്


# അഭിനന്ദനങ്ങൾ



2023 നവംബറിൽ CA ഫൈനൽ പരീക്ഷയിൽ ഉന്നത വിജയം നേടിയ എറണാകുളം ശാഖാംഗമായ ഗോപിക രാജൻ. മുളന്തുരുത്തി, പൈങ്ങാരപ്പിള്ളി മനപ്പാട്ട് ഇല്ലത്ത് രാജൻ എം.പി.യുടെയും സവിത രാജന്റെയും പുത്രിയാണ്.



സി.ബി.എസ്സ്.ഇ. 12–ാം ക്ലാസ്സ് പരീക്ഷയിൽ 93 വും കേരള എൻജിനിയറിംഗ് എൻട്രൻസ്സ് പരീക്ഷയിൽ 97.34 സ്കോറും നേടിയ ആര്യലക്ഷ്മി വി. ചിറമംഗലത്തില്ലം, കോത്തലശാഖ.



എം. ജി. യൂണിവേഴ്സിറ്റിയിൽനിന്നും സുവോളജി ബിരുദത്തിൽ ഉന്നത വിജയം കരസ്ഥമാക്കിയ പെരുമ്പാവൂർ ശാഖയിലെ ദേവസേനൻ, വെങ്ങോല കടമ്പനാട്ടില്ലത്ത് രാജന്റെയും, ജയശ്രീയുടെയും പുത്രനാണ്.



പ്ലസ് ടു പരീക്ഷയിൽ
ഉന്നത വിജയം
നേടിയ കൊരട്ടി ശാഖ
മുല്ലപ്പള്ളി ഇല്ലത്ത്
**ആർദ്ര കൃഷ്ണൻ**




എസ്.എസ്.എൽ.സി. പരീക്ഷയിൽ ഉന്നതവിജയം കരസ്ഥമാക്കിയ ചൂണ്ടൽ (ഗുരുവായൂർ ശാഖ) ചെങ്ങഴശ്ശേരി ഇല്ലത്ത് പരമേശ്വരൻ സി.ഡി. യുടെ പുത്രി ശ്രീലക്ഷ്മി സി.പി.



എം ജി യൂണിവേഴ്സിറ്റിയിൽ നിന്ന് B.Sc. മാത്തമാറ്റിക്സിൽ ഉന്നത വിജയം കരസ്ഥമാക്കിയ ചങ്ങനാശേരി ശാഖാ മാടമന ഇല്ലത്ത് ഉണ്ണികൃഷ്ണൻ നമ്പൂതിരിയുടെയും വൃന്ദയുടെയും പുത്രി കൃഷ്ണ യു.



എസ്.എസ്.എൽ.സി. പരീക്ഷയിൽ ഉന്നതവിജയം കരസ്ഥമാക്കിയ പാർവതി വി. അരുൺ. തിരുവനന്തപുരം ശാഖ ചിറമംഗലത്തില്ലത്ത് അരുൺ രാജിന്റെയും (കണ്ണൻ) ഡോക്ടർ എം.എസ്. വിദ്യയുടെയും പുത്രിയാണ്.



എസ്.എസ്.എൽ.സി. പരീക്ഷയിൽ ഉന്നതവിജയം കരസ്ഥമാക്കിയ പള്ളിക്കര ശാഖയിലെ ഇടയാണനത്ത് ഇല്ലത്ത് നന്ദകൃഷ്ണൻ വി.



എസ്.എസ്.എൽ.സി. പരീക്ഷയിൽ ഉന്നതവിജയം കരസ്ഥമാക്കിയ പെരുമ്പാവൂർ ശാഖയിലെ തൈക്കാട്ട് ഇല്ലത്ത് ഹരികൃഷ്ണൻ ടി.വി.



പ്ലസ് ടൂ പരീക്ഷയിൽ ഉന്നതവിജയം കരസ്ഥമാക്കിയ തിരുവനന്തപുരം വലവനാട്ട് ഇല്ലത്ത് ശിവാനിപ്രിയ കെ.എ.

# ശതാഭിഷേകം

## തോട്ടം നാരായണൻ നമ്പൂതിരി

**2024 മേയ് 25**








മലയാള ബ്രാഹ്മണ സമാജത്തിന്റെ പ്രസിഡന്റ്, ജനറൽ സെക്രട്ടറി എന്നീ പദവികൾ നിർവ്വഹിച്ചിട്ടുള്ള **തോട്ടം നാരായണൻ നമ്പൂതിരി**യുടെ **ശതാഭിഷേകം**, **2024 മേയ് മാസം 25 ന്** ഓച്ചിറ-ക്ളാപ്പന, തോട്ടത്തിൽ ഇല്ലത്തുവച്ച് പൂജാദി കർമ്മങ്ങളോടു കൂടി സമംഗളം നടന്നു.

## ആദരാഞ്ജലികൾ.



അമ്പലപ്പുഴ തോട്ടപ്പള്ളി ഇല്ലത്ത് പരേത നായ അമ്പലപ്പുഴ എൻ എൻ ഇളയതിന്റെ സഹധർമ്മിണി സരസ്വതി അന്തർജ്ജനം 2024 ജൂൺ 26 നു വിഷ്ണുപാദം പൂകി.

## 7-ാം ചരമ വാർഷികം

04-06-2024



**പാർവ്വതി അന്തർജ്ജനം**

പാഴൂർ ഇല്ലം
വൈക്കം

## പതിനേഴാം ശ്രാദ്ധ ദിനം

07-07-2024



**ശ്രീധരൻ ഇളയത്**

തുരുത്തിയിൽ ഇല്ലം
കുറവിലങ്ങാട്, കോട്ടയം

## ഒന്നാം ശ്രാദ്ധ ദിനം

06-07-2024



**സരസ്വതി ശർമ്മ**

പെരുന്തോട്ടത്തില്ലം
ആലുവ




പെരുമ്പാവൂർ പീശംപിള്ളി ഇല്ലത്ത് മുകുന്ദന്റെയും ശ്രീലതയുടെയും പുത്രൻ അമൽകൃഷ്ണനും ഓച്ചിറ വലിയകുളങ്ങര ഹരിശ്രീ ഇല്ലത്തു (തോട്ടത്തിൽ ഇല്ലം) ഹരിയുടെയും ശ്രീജയുടെയും പുത്രി ഗായത്രിയും തമ്മിലുള്ള വേളി 2024 ഏപ്രിൽ 28 നു ഓച്ചിറ, ഒറിക്സ് കൺവെൻഷൻ സെന്ററിൽ വച്ച് നടന്നു.

## ഒന്നാം വിവാഹ വാർഷികം

### ആനന്ദ് ഗോപൻ & പൂജാ കേശവൻ



2024 ജൂൺ പത്താം തീയതി ഒന്നാം വിവാഹ വാർഷികം ആഘോഷിച്ച പുതുശ്ശേരി മഠത്തിൽ ആനന്ദ് ഗോപനും സഹധർമ്മിണി പൂജാകേശവനും ആശംസകൾ നേരുന്നു

## മലയാള ബ്രാഹ്മണ സമാജം അമ്പലപ്പുഴയിൽ പുനർനിർമ്മിച്ച MBS നാഗമംഗലം അയ്യപ്പ ക്ഷേത്ര പുനഃപ്രതിഷ്ഠയും ക്ഷേത്ര സമർപ്പണ സമ്മേളനത്തിൽ നിന്നുമുള്ള ദൃശ്യങ്ങൾ




മലയാള



# ഉപനയനം

## ദേവാനന്ദ് & ദേവദത്ത്

മണിമല ശാഖ അറവിക്കുളത്തില്ലത്ത് ബ്രഹ്മശ്രീ നീലകണ്ഠൻ ഇളയതിന്റെയും ഉഷാകുമാരിയുടേയും പൗത്രന്മാരായ (ഹരി കൃഷ്ണന്റെയും നീതുവിന്റെയും പുത്രന്മാർ) ദേവാനന്ദിന്റെയും ദേവദത്തിന്റെയും ഉപനയനവും സമാവർത്തനവും 2024 മെയ് 10 ന് ആലപ്ര അന്നപൂർണ്ണേശ്വരീദേവീ ക്ഷേത്രസന്നിധിയിൽ വച്ചു നടന്നു.




തുറവൂർ ശാഖ മാന്താനത്തില്ലത്ത് ബ്രഹ്മശ്രീ പരമേശ്വരൻ ഇളയത്തിന്റെ സഹധർമ്മിണി ശ്രീമതി സുധാകുമാരിയുടെ സപ്തതി 23.06.2024ന് ആഘോഷിച്ചു





കോട്ടയം അയ്മനം നാരായണമംഗലത്തില്ലത്ത് സുരേഷ്കുമാറിന്റെയും സൗമ്യയുടെയും പുത്രൻ ഹരികൃഷ്ണന്റെ ഉപനയനവും സമാവർത്തനവും 2024 മെയ് 20ന് കോട്ടയം തിരുനക്കര ബ്രാഹ്മണ സമൂഹമഠം ഹാളിൽ വച്ച് നടന്നു.

# ശതാഭിഷേകം

## കഴക്കൂട്ടം പനമ്പാപ്പള്ളി ഇല്ലത്ത് പി.കെ.എസ്സ്. നമ്പൂതിരി



*MBS-ന്റെ തിരുവനന്തപുരം ശാഖയിലെ കഴക്കൂട്ടം പനമ്പാപ്പള്ളി ഇല്ലത്ത് പി.കെ.എസ്സ്. നമ്പൂതിരിയുടെ ശതാഭിഷേകം 2024 ജൂൺ 1-ാം തീയതി പുലിയൂർക്കോട്ട് ശ്രീകൃഷ്ണസ്വാമി ക്ഷേത്രസന്നിധിയിൽ വെച്ച് സമുചിതമായി നടത്തി.*



# സപ്തതി ആഘോഷം - മാന്താനത്തില്ലത്ത് ശ്രീമതി സുധാകുമാരി



തുറവൂർ ശാഖ മാന്താനത്തില്ലത്ത് ശ്രീമതി സുധാകുമാരിയുടെ സപ്തതി ആഘോഷത്തിന്
കുടുംബാംഗങ്ങൾ ഒത്തുചേർന്നപ്പോൾ

## പദപ്രശ്നം 32

| | | | | | | |
|---|---|---|---|---|---|---|
| | 1 | 2 | 3 | | | 4 |
| 5 | 6 | | | 7 | | 8 |
| | 9 | 10 | 11 | 12 | 13 | |
| | 14 | 15 | | | | 16 |
| | | 17 | | 18 | 19 | |
| | 20 | | | | 21 | 22 |
| | | 23 | 24 | 25 | | 26 |

**വലത്തോട്ട്**

3. ചീനക്കാരം എന്നറിയപ്പെടുന്ന ഒരു കല്ല് (2)
5. ഇതുറപ്പാക്കുക എന്നുള്ളതാണ് കോടതിയുടെ ധർമ്മം (2)
9. സംസ്കൃതത്തിലുള്ള ഈ വാക്കിന് സ്ത്രീ എന്നും പ്രകാശം, സൗന്ദര്യം, തിളക്കം എന്നും അർത്ഥമുണ്ട് (2)
13. മഴ (2)
17. ബുദ്ധിപൂർവ്വമായ നീക്കങ്ങൾ കൊണ്ടുമാത്രം ജയിക്കാൻ കഴിയുന്ന ലോക പ്രശസ്തമായ ഒരു കളി (2)
18. പക്ഷി (3)
20. യാഗത്തിനുള്ള അഷ്ടദ്രവ്യങ്ങളിൽ ഒന്ന് (2)
24. വില്ല് (3)

**താഴോട്ട്**

1. ഭർത്താവ് (2)
2. അറിവ് (2)
3. ധാത്രി, വളർത്തമ്മ, കുട്ടികളെ പരിചരിക്കുന്ന സ്ത്രീ ഇവരെയെല്ലാം ഇങ്ങനെ വിളിക്കാം (2)
5. ഒരു നിറം (2)
5. ഇപ്പോൾ ജീവിച്ചിരിക്കുന്നതിൽവെച്ച് ഏറ്റവും വലിപ്പമുള്ള ജീവി (6)
6. നാലമ്പലത്തിനുള്ളിൽ പിതൃതർപ്പണം ചെയ്യാൻ അനുവാദമുള്ള കേരളത്തിലെ ഏക പരശുരാമക്ഷേത്രം (4)
8. ശത്രു (2)
11. പഞ്ചഭൂതങ്ങളിൽ ഒന്ന് (3)
14. വലിയ ചൂരൽക്കൊട്ടക്ക് ഇങ്ങനെ ഒരു പേരു കൂടിയുണ്ട്. തല എന്നും അർത്ഥമുണ്ട് (2)
16. സർപ്പം (2)
17. ഈ ചെടിയുടെ പുഷ്പം പൂജയ്ക്ക് ഉപയോഗിക്കുന്നു (2)
21. ഹോമത്തിന് അഗ്നി ജ്വലിപ്പിക്കുന്ന കുഴി അഥവാ നെരുപ്പോട് (2)
22. വിശ്രവസ്സിന്റെ ഭാര്യയും ഖരന്റെയും ശൂർപ്പണഖയുടെയും മാതാവുമായ ഒരു രാക്ഷസി (2)

**ഇടത്തോട്ട്**

3. കല്പന എന്നർത്ഥം (4)
4. പാമ്പിന്റെ വിഷം (3)
7. ശ്രീബുദ്ധൻ വളരെനാൾ ധ്യാനത്തിലിരുന്ന സ്ഥലം (2)
8. വീഞ്ഞിന്റെ ഇംഗ്ലീഷിലുള്ള പേര് (2)
10. ഹോമത്തിനായി ഉണ്ടാക്കിയ അന്നം (ഹവിസ്സ്) (2)
15. ഇരുപത്തിയേഴ് നക്ഷത്രങ്ങളിൽ ഒന്ന് (3)
17. മുറുക്കാൻ സൂക്ഷിക്കുന്ന ലോഹം കൊണ്ടുള്ള അടപ്പുള്ള ഒരു പെട്ടി (2)
19. മലയാള ബ്രാഹ്മണസമാജത്തിന്റെ വിദ്യാഭ്യാസ ചികിത്സാ സഹായനിധി (3)
21. പാണ്ഡവന്മാരുടെ മാതാവ് (2)
24. അനേകം ആളുകൾ ഒന്നിച്ചുണ്ടാക്കുന്ന ശബ്ദം (4)
26. രാമായണത്തിലെ ആറുഭാഗങ്ങൾക്കും പൊതുവായി പറയുന്ന പേര് (2)

**മേൽപ്പോട്ട്**

8. തമിഴ്നാട്ടിലെ പ്രസിദ്ധമായ ഒരു അണക്കെട്ട് (2)
12. ശുഭം, ഭാഗ്യം, ശ്രേയസ്സ്, ആശിർവാദം, അനുഗ്രഹം എന്നെല്ലാം ഈ വാക്കിന് അർത്ഥമുണ്ട് (3)
13. സൗമ്യശീലവും നല്ല വേഗതയുമുള്ള ഒരു കാട്ടുമൃഗം (2)
15. വയറിളക്കി ശുദ്ധീകരിക്കൽ (3)
16. സ്ത്രീ (2)
18. ഗുരുവായൂരപ്പന്റെ ഉത്തമഭക്തന്മാരിൽ ഒരാൾ (5)
19. കേസരി എന്ന വാനരന്റെ പത്നിയായ അഞ്ജനയിൽ വായുവിനുണ്ടായ പുത്രൻ (4)
20. വീട് എന്ന അർത്ഥമുണ്ടെങ്കിലും ബ്രാഹ്മണ ഗൃഹങ്ങളെയാണ് ഇങ്ങനെ വിളിക്കാറ് (2)
22. സംഗീതത്തിന്റെ സ്വരമാധുര്യത്തിന് ഇതും വേണം (2)
23. പോലീസിന്റെ ആയുധങ്ങളിൽ ഒന്നാണിത് (2)
24. വടക്കുനോക്കിയന്ത്രം (3)
25. ആന (2)
26. ജയിൽ (തടവറ) (2)

തയ്യാറാക്കിയത് :
ഓമനക്കുട്ടൻ പുതുശ്ശേരി ഇല്ലം, ആണ്ടൂർ

**അയച്ചുകിട്ടേണ്ട അവസാന തീയതി : 2024 ആഗസ്റ്റ് 20**

Name.........................................................
Address......................................................
Mob:.........................................................

**പദപ്രശ്നത്തിന്റെ ഉത്തരം പൂരിപ്പിച്ച് പേരും മേൽവിലാസവുമെഴുതി ഫോട്ടോ എടുത്ത് ചീഫ് എഡിറ്ററുടെ വാട്സപ്പ് നമ്പരിൽ അയച്ചാൽ മതിയാവും.**

# സായൂജ്യം

(ഇത് വെറും ഒരു കൽപ്പന  മാത്രമാണ്. രാധയുടെയും കൃഷ്ണന്റെയും കഥകളിൽ
ഒരിടത്തും ഇതുപോലെ ഒരു സംഭവവും രേഖപ്പെടുത്തി കണ്ടിട്ടില്ല .
അതിനാൽ ആ രീതിയിൽ മാത്രമേ ഈ രചനയെ കാണാവൂ എന്ന് അപേക്ഷ)

**ടി എൻ ഉണ്ണികൃഷ്ണ ശർമ്മ, തുരുത്തി ഇല്ലം കുറവിലങ്ങാട് , 9495848949**

സായാഹ്ന വെയിലിൽ വൃക്ഷത്തിന്റെ നിഴലുകൾ യമുനയിലും കരയിലും വീണു കിടന്നു. നദിയിലേക്ക് ഇറങ്ങുന്ന ഒരു കൽപ്പടവിൽ രാധ ഇരിപ്പുണ്ടായിരുന്നു. മുൻപിൽ ഇലയിൽ കൂട്ടി വച്ചിരുന്ന മുല്ലപ്പൂ എടുത്ത് അവൾ മാല കോർത്തുകൊണ്ടിരുന്നു. കൈകൾ യാന്ത്രികമായി ചലിച്ചുകൊണ്ടിരുന്നെങ്കിലും അവളുടെ മനസ്സ് മറ്റെങ്ങോ ആയിരുന്നു. കൃഷ്ണനെ അല്ലാതെ മറ്റാരെയാണ് അവൾക്ക് ഓർക്കാനുള്ളത്? നന്ദഗോപരും യശോദയും മഥുരയിൽ പോയി വന്നതിനുശേഷം അച്ഛൻ അവരെ കണ്ട് വിവരങ്ങൾ അറിഞ്ഞിരുന്നു. അമ്മാവനായ കംസൻ വധിക്കപ്പെട്ടതും ജന്മ ദാതാക്കളായ ദേവകീ വസുദേവരും  മറ്റും തടവറയിൽ നിന്നും രക്ഷിക്കപ്പെട്ടതും ആയ കഥകൾ അവർ പറഞ്ഞു .പിന്നീട് ദ്വാരകയിൽ പുതിയ നഗരവും കൊട്ടാരവും പണിതീർത്ത് എല്ലാവരും അവിടെ താമസമായതും രാധ അറിഞ്ഞിരുന്നു. രുക്മിണിയെയും മറ്റും വിവാഹം കഴിച്ചതും അവിടെ നിന്നു വന്ന ബ്രാഹ്മണരിൽ നിന്നും അവൾ അറിഞ്ഞു.

രാധ താഴേക്ക് ഇറങ്ങി വന്നു പാദങ്ങൾ രണ്ടും നദിയിലിട്ട് ഇരുന്നു. എന്നെന്നും തന്റെ ഏറ്റവും പ്രിയപ്പെട്ട കൂട്ടുകാരി ഇവൾ ആയിരുന്നല്ലോ. എത്രയോ സന്ധ്യകളിൽ ഇവിടെ തേങ്ങുന്ന ഹൃദയവുമായി വന്നിരിക്കുമ്പോൾ ഇവൾ സമാശ്വസിപ്പിച്ചിട്ടുണ്ട്! എത്രയോ പ്രാവശ്യം തന്റെ കണ്ണുനീർത്തുള്ളികൾ ഇവൾ ഏറ്റുവാങ്ങിയിരിക്കുന്നു! ഇപ്പോഴും തന്റെ പാദങ്ങളിൽ നനുത്ത കൈവിരലുകളാൽ തഴുകി അവൾ സാന്ത്വനിപ്പിക്കുകയാണ്. കൈക്കുടന്നയിൽ വെള്ളം നിറച്ച് രാധ മുഖം കഴുകി.കൂട്ടുകാർ അന്വേഷിച്ചു വന്നിരുന്നു ഇവിടെ കാണുമെന്ന് അവർക്കറിയാം. അവരെ വേഗം തന്നെ തിരികെ പറഞ്ഞയച്ചു. സന്ധ്യയായി തുടങ്ങി. രാധ മെല്ലെ എഴുന്നേറ്റ് കോർത്തു തീർന്ന മാലയുമായി ഭവനത്തിലേയ്ക്ക് നടന്നു. ചെന്ന ഉടനെ മുറിയിലുള്ള കൃഷ്ണന്റെ പ്രതിമയിൽ ആ മാല ചാർത്തി. തന്റെ നിർബന്ധം കൊണ്ട് അച്ഛൻ എവിടെ നിന്നോ വാങ്ങിക്കൊണ്ട് വന്നതാണ് ആ പ്രതിമ ഇലച്ചാറുകൾ കൊണ്ട് അതിന് വർണ്ണഭംഗി ഏകിയത് താൻ തന്നെ ആണ്. ഭക്ഷണം പേരിന് മാത്രം കഴിച്ച് അവൾ കിടക്കയിൽ ഇരുന്നു. അച്ഛൻ നിർബന്ധപൂർവ്വം പറഞ്ഞിട്ടുണ്ട് ഔഷധങ്ങൾ സേവിക്കുന്നതിന് മുടക്കം വരരുതെന്ന്.എത്ര കാലമായി താനിതു കഴിക്കുന്നു! വൈദ്യശ്രേഷ്ഠൻമാർ നല്കിയ ഈ മരുന്നുകൾ ഒന്നും തനിക്കു ഫലിക്കുന്നില്ല എന്ന സത്യം അവൾക്ക് വ്യക്തമാണ്. ശരീരം ആകെ ക്ഷീണിച്ചിരിക്കുന്നു. എപ്പോഴും തളർച്ചയാണ്. തനിക്ക് ഇനി അധികനാളുകൾ ഇല്ല എന്ന് തോന്നിത്തുടങ്ങിയിട്ട് കുറേയായി.

ഉറക്കം വരാതെ കിടന്നപ്പോൾ അവൾ അവസാനമായി കൃഷ്ണനെ കണ്ടത് ഓർത്തു. അക്രൂരനോടൊപ്പം മഥുരയിലേക്ക് പോകുമ്പോൾ വഴിയിൽ കാത്തു നിന്ന തന്നെ കണ്ട് തേരിൽ നിന്നും ഇറങ്ങി വന്നു. വേർപാടിന്റെ സങ്കടം ആ മുഖത്ത് തനിക്ക് വ്യക്തമായി കാണാമായിരുന്നു.തന്റെ തുളുമ്പുന്ന കണ്ണുനീർ തുടച്ചിട്ട് കണ്ണൻ പറഞ്ഞു താൻ തിരിച്ചു വരുമെന്ന്. പക്ഷേ അതിനുള്ള സാദ്ധ്യത വിരളം ആണെന്ന് രാധയ്ക്ക് അന്നേ മനസിലായി. കൃഷ്ണൻ വലിയ വലിയ കാര്യങ്ങൾ ചെയ്യുവാനായി പിറന്നവൻ ആണ് അതെന്താണെന്ന് തനിക്ക് അറിയില്ലെങ്കിലും. അവൾ മെല്ലെ മയക്കത്തിലേയ്ക്ക് വഴുതി വീണു.

ദ്വാരകാപുരിയിലുള്ള കൊട്ടാരക്കെട്ടിലെ മാളികയിൽ രുക്മിണിയോടൊപ്പം ശയിച്ചിരുന്ന കൃഷ്ണൻ പെട്ടെന്ന് ഞെട്ടി ഉണർന്നു. ആരോ തന്നെ വിളിക്കുന്നതുപോലെ . ജാലകത്തിലൂടെ നിലാവ് ഒഴുകി വീഴുന്നുണ്ടായിരുന്നു. കൃഷ്ണൻ എഴുന്നേറ്റ് ജാലകത്തിലൂടെ പുറത്തേക്ക് നോക്കി. ദൂരെ നിലാവിൽ തിളങ്ങുന്ന കടൽ. നഗരത്തിൽ അവിടവിടെയായി വെളിച്ചത്തി

ന്റെ പൊട്ടുകൾ കാണാം. പരിചിതമായ ശബ്ദം ഉറക്കത്തിൽ കേട്ടതുപോലെ. കണ്ണാ എന്ന് ആരാണ് തന്നെ വിളിച്ചത് ?പെട്ടെന്ന് തുളുമ്പുന്ന രണ്ട് നീലക്കണ്ണുകൾ മനസ്സിൽ തെളിഞ്ഞു. രാധ ! അതെ രാധ തന്നെ. കൃഷ്ണൻ ഒരു നിമിഷം തരിച്ചു നിന്നുപോയി.

ദൂരെ നിന്ന് ഓടക്കുഴലിന്റെ ശബ്ദം ഒഴുകി വരുന്നതുപോലെ രാധക്ക് നിദ്രയിൽ അനുഭവപ്പെട്ടു. മെല്ലെ മെല്ലെ ആ ശബ്ദം അടുത്തുവരുന്നു. അവൾ ഞെട്ടി ഉണർന്നു. പെട്ടെന്ന് കണ്ണുകൾ ചെന്ന് പതിച്ചത് കൃഷ്ണന്റെ പ്രതിമയിലാണ്. ഇരുട്ടിലും അത് തിളങ്ങുന്നത് പോലെ തോന്നി. എഴുന്നേൽക്കാൻ ശ്രമിച്ചെങ്കിലും സാധിച്ചില്ല .വീണ്ടും കണ്ണടച്ചു കിടന്നു .അല്പം കഴിഞ്ഞപ്പോൾ നനുത്ത വിരലുകൾ നെറ്റിയിൽ അമർന്നതുപോലെ തോന്നി .ഇത് സ്വപ്നമാണോ? ഓടക്കുഴലിന്റെ മധുര ശബ്ദം കാതിൽ അലയടിച്ചപ്പോൾ അവൾ തിരിച്ചറിഞ്ഞു കണ്ണൻ തന്നെ തേടി വന്നിരിക്കുന്നു. തുളുമ്പുന്ന മനസ്സോടെ അവൾ എഴുന്നേറ്റ് ആ തോളിൽ ചാരിയിരുന്നു. തളർന്ന ശബ്ദത്തിൽ അവൾ ചോദിച്ചു 'എവിടെയായിരുന്നു കണ്ണാ ഇത്ര നാളും ?'

'ഞാൻ നിന്റെ കൂടെത്തന്നെ ഉണ്ടായിരുന്നല്ലോ രാധേ നീ എന്റെ ഒപ്പവും.'

എന്നോ കഴിഞ്ഞുപോയ ഒരു വസന്തത്തിലേക്ക് ഓർമ്മകൾ തിരിച്ചു നടന്നു. അവൾക്ക് എന്തൊക്കെയോ ചോദിക്കുവാൻ ഉണ്ട്. രുക്മിണിയെയും മറ്റു ഭാര്യമാരെ പറ്റിയുമൊക്കെ.പക്ഷേ വാക്കുകൾ പുറത്തേക്ക് വന്നില്ല .അവൾ ഒരു നിർവൃതിയിൽ ആണ്ടുപോയിരുന്നു. കൃഷ്ണൻ പഴയ കഥകൾ പലതും പറഞ്ഞു. വൃന്ദാവനത്തിലും യമുനാ പുളിനത്തിലും ചെലവഴിച്ച എത്രയോ ദിനങ്ങൾ.ഒരിക്കൽ വനയാത്രയ്ക്കിടെ കാട്ടുമൃഗങ്ങളുടെ ശബ്ദം കേട്ട് ഭയന്ന് വിറച്ച തന്നെ കൃഷ്ണൻ തോളിലേറ്റി നടന്നതും പെട്ടെന്ന് മുന്നിൽ നിന്ന് അപ്രത്യക്ഷനായതും തന്റെ കരച്ചിൽ കേട്ടു വീണ്ടും അടുത്തുവന്ന് ആശ്വസിപ്പിച്ചതും അവൾ ഓർത്തു. കൃഷ്ണൻ അവളെ മെല്ലെ മടിയിൽ കിടത്തി ഓടക്കുഴൽ വീണ്ടും ചുണ്ടിൽ ചേർത്തു. വൃന്ദാവനസ്മരണകളിലൂടെ അവർ ഒരുമിച്ച് ഒഴുകി. വീണ്ടും മയക്കത്തിൽ വീണ അവൾക്ക് താൻ കൃഷ്ണനോടൊപ്പം ഒരു യാത്ര പോകുന്നത് പോലെ തോന്നി. ചുറ്റും വസന്തം വാരി വിതറിയ കാനനഭംഗിയുടെ നടുവിലൂടെ കൃഷ്ണനോട് ചേർന്നിരുന്ന് തേരിൽ ഒരു യാത്ര താൻ എന്നും കൊതിച്ചിരുന്ന ആ യാത്ര.

പിറ്റേദിവസം പ്രഭാതത്തിൽ മുറിയിൽ എത്തിയ രാധയുടെ മാതാവ് അവൾ ശാന്തമായി ഉറങ്ങുന്നു എന്ന് ധരിച്ച് പിന്തിരിയാൻ തുടങ്ങി. പെട്ടെന്നാണ് അവരത് ശ്രദ്ധിച്ചത് തലേദിവസം രാധ കൃഷ്ണന്റെ പ്രതിമയിൽ ചാർത്തിയ മുല്ലമാല അവളുടെ കഴുത്തിൽ ഉണ്ടായിരുന്നു. അതോടൊപ്പം ഇരുകൈകൾ കൊണ്ടും ഒരു മുരളിക അവൾ നെഞ്ചോട് ചേർത്തിരുന്നു. അത് കണ്ട് അവർ അത്ഭുതത്തോടെ അടുത്തുചെന്നു. അവളുടെ മുഖത്ത് അപൂർവമായ ഒരു തേജസ് നിറഞ്ഞിരുന്നു. നിശ്ചലമായ രാധയുടെശരീരം നോക്കി എന്തുവേണമെന്ന് അറിയാതെ അവർ നിന്നുപോയി

**ആദരാഞ്ജലികൾ**



പടിഞ്ഞാറെ കടുങ്ങല്ലൂർ കറുത്തമേശ്ശേരി
ഇല്ലത്ത് പരേതനായ കൃഷ്ണൻ ഇളയതിന്റെ
സഹധർമ്മിണി **ശ്രീമതി ശ്രീദേവി K ഇളയത് (78)**
2024 ജൂലൈ 2 നു വിഷ്ണുപാദം പൂകി

**രവി സന്നിധിമാത്രേണ**
**സൂര്യകാന്ത പ്രകാശയേൽ**
**ഗുരുസന്നിധിമാത്രേണ ശിഷ്യ**
**ജ്ഞാനം പ്രകാശയേൽ**

**ആദിത്യന്റെ സാന്നിദ്ധ്യം കൊണ്ട്**
**സൂര്യകാന്തം പ്രകാശിക്കും.**
**ഗുരുസാന്നിദ്ധ്യം**
**കൊണ്ട് ശിഷ്യജ്ഞാനം**
**പ്രകാശിക്കുമെന്നറിയുക.**

# ചരിത്രം മാറ്റി എഴുതപ്പെടുമ്പോൾ

മനോജ് എം നാരായണീയം

ആരെങ്കിലും കീഴേട്ട് രാമൻ ഇളയത് എന്ന വ്യക്തിയെ അറിയുമോ ഒരുപക്ഷെ ആ ഇല്ലത്തുള്ളവർക്ക് അറിയാമായിരിക്കും. വൈക്കം സത്യാഗ്രഹത്തിൽ പങ്കെടുത്തതിന് അന്നത്തെ പ്രമാണിമാർ കണ്ണിൽ ചുണ്ണാമ്പ് പുരട്ടി കാഴ്ച നഷ്ടപ്പെട്ട ഒരു സാധു വ്യക്തിയാണദ്ദേഹം ഏറെനാൾ ജീവിക്കുന്ന രക്തസാക്ഷിയായി കഴിഞ്ഞു.

ഇന്ന് നവോത്ഥാനത്തിന്റെ പേരിൽ പലതും കൊട്ടിഘോഷിക്കപ്പെടുമ്പോൾ വിസ്മൃതിയിൽ ആയിപോകുന്ന പലതും ഉണ്ട്. ചരിത്രമെഴുതുന്നവരുടെ ആഗ്രഹവും ചിന്തയും പോലെ തമസ്കരിക്കുന്ന സംഭവങ്ങളും വ്യക്തികളും സംഘടനകളും ഉണ്ട്. ഏറെക്കാലം കൊണ്ട് ജാതീയമായും മറ്റു അപരിഷ്കൃത ചിന്ത ധാരകളാലും ഇരുളടഞ്ഞ കിടന്ന കേരളം സമൂഹം, പുതിയൊരു സംസ്കാരത്തിന്റെ തുടക്കം കുറിച്ചത് ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യ ദശകത്തിൽ ആണെന്നു കാണാം. ശ്രീനാരായണ ഗുരുവും ചട്ടമ്പി സ്വാമികളും മുന്നോട്ടു വച്ച പുതിയ സങ്കല്പങ്ങളും നിലവിലുണ്ടായിരുന്ന തത്വങ്ങളുടെ പുതിയ ആഖ്യാനങ്ങളും ഇതിനു വഴിവെച്ചു. എന്നാൽ, ഈ രണ്ടു ഗുരുവരന്മാരോ അവരോടൊപ്പം സഞ്ചരിച്ച സംഘടനകളോ മാത്രമല്ലായിരുന്നു ഈ ദിശ ബോധത്തിന് കാരണം. സമൂഹത്തിൽ അധഃസ്ഥിതർ ആയിരുന്നവരുടെ ഉന്നമനം സമൂഹത്തിനു തന്നെ ആവിശ്യം ആണെന്ന തിരിച്ചറിവിൽ അന്നത്തെ സവർണർ എന്ന് കരുതിപ്പോന്നവരിൽ നിന്നും പ്രാതിനിധ്യം ഉണ്ടായിരുന്നു. അത്തരം ചിന്തകൾ മുന്നോട്ടുവച്ചതിന് അവരൊക്കെ സ്വസമുദായത്തിൽ നിന്നും ഒറ്റപ്പെടൽ നേരിടുകയുണ്ടായി. അന്നത്തെ സാഹചര്യങ്ങളുമായി ഇന്ന് നടക്കുന്ന സമ്മേളനങ്ങളിലും മറ്റും ആൾക്കാർ പ്രസംഗിക്കുന്നതും എഴുതുന്നതും മറ്റും വായിച്ചാൽ ഇതെല്ലാം ഒരു പ്രത്യേക ദിശയിൽ പോകുന്നതായി കാണാവുന്നതാണ്. ഇന്ന് സംഘടനകൊണ്ട് പ്രബലരായ എല്ലാ ആൾക്കാരും തന്നെ ഈ നവോത്ഥാനത്തിന്റെ ഒന്നാമത്തെ അവകാശിയായി കാണപ്പെടുന്നത് അവരുടെ മുൻഗാമികളെ മാത്രം ആണ്. ഇന്ന് ഇവർ നേടിയെടുത്ത എല്ലാം തന്നെ അന്നത്തെ അധഃസ്ഥിതർ നടത്തിയ സമരങ്ങൾ മൂലം ആണെന്നാണ് ഇക്കൂട്ടരുടെ അവകാശം. ആരുടേയും സഹായമില്ലാതെ പിടിച്ചുനേടിയ അവകാശങ്ങൾ. അവരോടൊപ്പം ചേർന്ന് നിന്ന് പോരാടിയ സവർണ സംഘടനകളെയും വ്യക്തികളെയും ആരും തന്നെ ഓർക്കുന്നു കൂടിയില്ല. അവനവന്റെ ആൾക്കാരെ പുകഴ്ത്തുന്നു എന്നത് നമുക്കു മനസിലാക്കാം. എന്നാൽ അവരുടെ ഉയർച്ചയെ വേറിട്ട് കാണിക്കാൻ മറ്റുള്ളവരെ ഇകഴ്ത്തേണ്ട ആവശ്യം ഉണ്ടോ.

തങ്ങളുടെ ആദ്യ സമ്മേളനത്തിൽ തന്നെ ഹിന്ദുക്കൾക്ക് എല്ലാവർക്കും ക്ഷേത്ര പ്രവേശനം കൊടുക്കണം എന്നാവശ്യപ്പെട്ട മലയാള ബ്രാഹ്മണ സമാജത്തെ കേരളം സമൂഹത്തിൽ എത്ര പേർക്ക് അറിയാം. ഈ ലേഖനത്തിലൂടെ മേൽപ്പറഞ്ഞ മിനിറ്റ്സിന്റെ കോപ്പി പത്രങ്ങളിലൂടെ പരസ്യപ്പെടുത്തണം എന്ന ആവിശ്യം കൂടി ഭരണസമിതി മുൻപിൽ വെക്കട്ടെ. മറക്കുടയുടെ മറവിൽ നിന്ന അന്തർജനങ്ങളെ അടുക്കളയിൽ നിന്നും അരങ്ങത്തേക്ക് എത്തിക്കാൻ വി. ടി. ഭട്ടതിരിപ്പാടും അദ്ദേഹത്തിന്റെ സഹപ്രവർത്തകരും അന്നത്തെ യോഗക്ഷേമ സഭയും ശ്രമിച്ചപ്പോൾ ഗുണമുണ്ടായത് സമുദായത്തിന് മാത്രമല്ല, കേരളസമൂഹത്തിന് ഒന്നാകെ ആണ്.. കുറൂർ നീലകണ്ഠൻ നമ്പൂതിരിപ്പാടും, എം ആർ ബി യും ഇ എം എസ് നമ്പൂതിരിപ്പാടും അടക്കമുള്ളവർ നൽകിയ സംഭാവനകളെ വിസ്മൃതിയിൽ ആക്കാൻ നാം അനുവദിച്ചുകൂടാ. ഓരോ സംഘടനകളും തങ്ങൾക് അനുകൂലമായി ചരിത്രം പുനർ നിർമ്മിക്കുന്ന ഈ കാലത്തു നമ്മുടെ മുൻഗാമികളും നമ്മുടെ സംഘടനകളും വഹിച്ച ത്യാഗങ്ങളും പങ്കും പൊതുജന സമക്ഷം കൊണ്ടുവരാൻ ഉള്ള ബോധപൂർവമായ ശ്രമങ്ങൾ സമാജത്തിന്റെ ഭാഗത്തു നിന്ന് ഉണ്ടാവണം.

ഒന്ന് തിരിഞ്ഞു നോക്കിയാൽ സമൂഹത്തിലെ ഏതാനും ചില വരേണ്യർ ഒഴികെ എല്ലാവരും തന്നെ അന്നത്തെ സാഹചര്യത്തിന്റെ ഇരകൾ ആയിരുന്നു എന്ന് ഉള്ളത് സുവ്യക്തവും ആണ്. സമുദായത്തിൽ മേ

ലെ തട്ടിൽ നിന്നതു കൊണ്ട് മാത്രം കാര്യം ഇല്ലായിരുന്നു എന്ന് സാരം. സ്ത്രീകളുടെ അവസ്ഥ ഏതു സമുദായത്തിലും വളരെ പരിതാപകരം ആയിരുന്നു. എന്തിനു, അപ്പന്മാരുടെ സ്ഥിതി എന്തായിരുന്നു. ബ്രാഹ്മണരിൽ തന്നെ ഏതാനും ചിലരൊഴികെ ആരും ധനികർ പോലും അല്ലായിരുന്നു ദേവസ്വങ്ങളും ബ്രഹ്മസ്വങ്ങളും ചിലരുടെ മാത്രം കുത്തക ആയിരുന്നു വിദ്യാഭ്യാസം സമുദായ വ്യത്യാസം ഇല്ലാതെ ഭൂരിഭാഗത്തിനും അപ്രാപ്യമായിരുന്നു. ജാതീയമായ വിവേചനം ഇളയതുമാരായ നമ്മുടെ മുൻഗാമികൾക്കും അനുഭവിക്കേണ്ടതായി വന്നിടുണ്ട്. ഈ സാഹചര്യത്തിൽ നിന്നും സമൂഹത്തിനൊന്നാകെ മുന്നോട്ടു പോകാൻ കഴിഞ്ഞെങ്കിൽ അന്നത്തെ ക്രാന്തദർശികൾ എത്ര പണിപ്പെട്ടിട്ടുണ്ടാകാം. എന്നാൽ ഇതിന്റെയെല്ലാം കീർത്തി ഒരുകൂട്ടർ മാത്രം എടുക്കുകയും മറ്റുള്ളവരെ ചവിട്ടി താഴ്ത്തുകയും ചെയുന്നു ഇതു കൂടാതെ ഈ രീതിയിൽ ചരിത്രം പുനഃസൃഷ്ടിക്കപ്പെടുന്നതിലൂടെ പുതിയ ഒരുകൂട്ടം ശത്രുക്കളെ സൃഷ്ടിക്കാൻ ഉള്ള ബോധപൂർവ്വം ആയ ശ്രമം നടക്കുന്നതായും സംശയിക്കട്ടെ. ഇതിന്റെ ഒരു ഉൽപ്പന്നം ആവാം ഇന്ന് രാഷ്ട്രീയക്കാർ വേണ്ടിടത്തും വേണ്ടാത്തിടത്തും എഴുതി ഉപയോഗിച്ചിരുന്ന ബ്രാഹ്മണിക്കൽ ഹെജിമണി എന്ന വാക്ക്. ഇതിലൂടെ അന്നത്തെ അധഃസ്ഥിതരുടെ ഇന്നത്തെ പിൻഗാമികളോട് രാഷ്ട്രീയക്കാരും തല്പരകക്ഷികളും പറയുന്നത്. 'നോക്കു, നിങ്ങളുടെ മുൻഗാമികളോട ക്രൂരമായി പെരുമാറിയ ബ്രാഹ്മണരുടെ ഇന്നത്തെ പിൻഗാമികളാണ് ഇവർ. ഇവരുടെ മുൻഗാമികളിൽ ഒരാൾ പോലും നിങ്ങളുടെ മുൻഗാമികളോട ഒപ്പം ഇല്ലായിരുന്നു, ഇവരെ വിശ്വസിക്കരുത്.'

ഇന്നത്തെ കേരളസമൂഹത്തിനോട് നാം ഉറക്കെ പറഞ്ഞെ മതിയാകു, നമ്മുടെ മുൻഗാമികൾ അനുഭവിച്ച വലിയ ത്യാഗങ്ങളുടെ കഥ. ശ്രീനാരായണ ഗുരുവിനും ചട്ടമ്പി സ്വാമികൾക്കും ഒപ്പം ആഗമനന്ദ സ്വാമികൾ വഹിച്ച പങ്കിനെക്കുറിച്ചും സമുഹം അറിയണം. സാമൂഹ്യമാധ്യമങ്ങൾ വഴിയും നമ്മുടെ ഈ പാരമ്പര്യം ഉറക്കെ പറയാൻ നമ്മുടെ സമാജ അംഗങ്ങൾക്ക് കഴിയട്ടെ

**മിനിക്കഥ**

# സാന്ത്വനം

**രമാദേവി എൻ.ജി** , കോതമംഗലം ശാഖ

സ്വന്തം തൊടിയിൽ സ്വയം പണിയെടുത്തു വിളവുണ്ടാക്കുന്ന നല്ല അധ്വാനിയായ മനുഷ്യനാണ് കേശവേട്ടൻ.

പെട്ടെന്നാണ് ഒരു ദിവസം അസ്വസ്ഥത തോന്നി കുഴഞ്ഞു വീണു പോയത്. ആശുപത്രിയിൽ എത്തിയപ്പോഴേക്കും ഒരു വശം തളർന്നു പോയിരുന്നു.

ധാരാളം ബന്ധുക്കൾ അദ്ദേഹത്തിനുണ്ട്. വിവരം അറിഞ്ഞ് പലരും എത്തിച്ചേർന്നു. സിറ്റിയിലെ എല്ലാ സൗകര്യങ്ങളുമുള്ള വലിയ ആശുപത്രിയിൽ ആണ് admit ആക്കിയത്

ഒരു ദിവസത്തെ ICU വിന്റെ ചാർജ്ജ് കേട്ട് പലരും ഞെട്ടി. പരസ്പരം നോക്കി തലയിൽ കൈവച്ചു. തന്റെ സഹോദരന്റെ / അനന്തിരവന്റെ / ഭർതൃസഹോദരന്റെ/ അവസ്ഥയോർത്തു പലരും പരിതപിച്ചു.

ഈശ്വരനിശ്ചയം അല്ലാതെന്തു പറയാൻ ? ചിലർ നെടുവീർപ്പിട്ടു.

സന്ദർശകരിൽ രണ്ടു പേർ അല്പം അകന്നു മാറി നിന്ന് എന്തോ ചിലതു പറയുന്നു'

മൂന്നാമൻ അവരോടു കൂടി എത്തുന്നു ശബ്ദം താഴ്ത്തി എന്തൊക്കെയോ? മക്കൾ പരസ്പരം നോക്കി.

തിരികെ വന്ന് എന്നാൽ പിന്നെ ഞാൻ അങ്ങോട്ടു ചെല്ലട്ടെ. മക്കൾ ഇന്നലെ US ൽ നിന്ന് എത്തിയതേയുള്ളു.

ഒരാൾ അതെയ്... ചേട്ടാ എനിക്ക് മറ്റന്നാൾ മടങ്ങിപ്പോകണം ലീവ് തീർന്നു നാട്ടിലെപ്പോലെയല്ല ദുബായിൽ

സംഗതി സ്ട്രിക്റ്റാ അടുത്തയാൾ

എന്നാ പിന്നെ ഞാനും ഒന്നങ്ങോട്ടു മാറട്ടെ. വരാം. പ്രാർത്ഥിക്കാം ട്ടോ ന്റെ ഗുരുവായൂരപ്പാ അപരൻ

വൈകുന്നേരമായപ്പോൾ അടിയന്തിരമായി അടക്കേണ്ട ബില്ല് നഴ്സ് കൊണ്ടുവന്നു കൊടുത്തു.

ബില്ലിൽ എഴുതിയിരിക്കുന്ന തുക കണ്ട് മക്കൾ പരസ്പരം നോക്കി ഇരുവരുടേയും നെഞ്ചിടിപ്പു കൂടി കണ്ണു നനഞ്ഞു.

അപ്പോഴേക്കും വിവരമറിഞ്ഞ് എത്തിയവരെല്ലാം സ്വന്തം തിരക്കിന്റെ ചിന്തയിൽ പോയ്ക്കഴിഞ്ഞിരുന്നു

കഥ

# ഒരു തീർത്ഥയാത്ര

ഉഷാദേവി നാരായണൻ

സൂര്യൻ പതിവിലും വേഗത്തിൽ പടിഞ്ഞാട്ട് നോക്കി പായുന്നു. ഇത് വൈശാഖമാസമാണ്. ഉത്തരായനകാലം. തെക്കു പടിഞ്ഞാറു ദിക്കിലേക്ക് ഒരു യാത്രയ്ക്കുള്ള ഒരുക്കത്തിലാണ് അവൾ. ഒരു തീർത്ഥയാത്ര. തീർത്ഥയാത്രയെന്നും പറയാനാവില്ല. വളരെ നാളത്തെ ആഗ്രഹമാണീ യാത്ര. ആചാര്യന്മാരുടെ വർഷങ്ങളായുള്ള ശ്രമഫലമായി പണി പൂർത്തിയാക്കപ്പെട്ട നിത്യബ്രഹ്മചാരിയായ സ്വാമിയുടെ ക്ഷേത്രം. അതിനു തൊട്ടടുത്തു തന്നെ പ്രസിദ്ധമായ ഉണ്ണിക്കണ്ണന്റെ ക്ഷേത്രവുമുണ്ട്. അവിടെ ദർശനം നടത്തി അനുഗ്രഹവും അനുവാദവും വാങ്ങിയിട്ടു വേണം സ്വാമിയെ ദർശിക്കുന്നത്.

ചെറിയ യാത്രയായതിനാൽ ഒരുക്കങ്ങളൊന്നും ചെയ്തില്ല. ഒരു തോൾസഞ്ചി മാത്രം മതി. പക്ഷേ പ്രതീക്ഷിക്കാതെയെത്തുന്ന മഴ ചിലപ്പോൾ ചതിച്ചേക്കും. അതു കൊണ്ട് കുടയും ഒരു ജോഡി വസ്ത്രവും എടുത്തു വച്ചു. പതിവുപോലെ കുടിവെള്ളവും കരുതി. നാണയങ്ങൾ തോൾസഞ്ചിയിൽ ഭദ്രമായി വച്ചു. അത്യാവശ്യ സാധനങ്ങൾ ഒഴിവാക്കാനാവില്ലല്ലോ. രാത്രിയിൽ ഫോൺ ചാർജ് ചെയ്തു വച്ചു. ഒരു ദിവസം മുഴുവനും ഓടേണ്ടതാണ്. അലാറം വച്ചതിനു ശേഷം കിടന്നു. മനസ്സിൽ സ്വാമിയുടെ ശരണംവിളികൾ മുഴങ്ങി. സാവധാനം അവൾ ഉറക്കത്തിലേക്ക് വഴുതി വീണു. മഴയുടെ ആരവം കാതുകളിൽ അലയ്ക്കുന്നുണ്ട്.. അതിനിടയിൽ അങ്ങു ദൂരെയെവിടെയോ നിന്നും. കാതിൽ മണിനാദം മുഴങ്ങുന്നു. അവൾ തിടുക്കത്തിൽ നടന്നു. വേഗത പോരാ എന്നു പറയുന്നതുപോലെ കാറ്റ് അവളേയും വലിച്ചു കൊണ്ട് ഓടി. മണിയടിശബ്ദം കുറഞ്ഞു കുറഞ്ഞ് ഇല്ലാതെയായി.

അവളുടെ കാലുകൾ നിലത്തുറയ്ക്കുന്നില്ല. പ്രഭാതസൂര്യന്റെ ഇളംകതിരുകൾ അവളുടെ വിയർപ്പുതുള്ളികൾ ഒപ്പിയെടുത്തു.

അകലെ നിന്നും ശംഖനാദം കേൾക്കാം. തന്റെ കണ്ണുകളെ അവൾക്ക് വിശ്വസിക്കാനായില്ല. മഞ്ഞപട്ടുടയാട ചാർത്തിയ കണ്ണൻ അവളുടെ മുൻപിൽ ഗരുഡവാഹനനായി എഴുന്നെള്ളുന്നു. മുകളിൽ കാർമേഘങ്ങൾ കുട പിടിച്ചിട്ടുണ്ട്. അവനൊന്നു തിരിഞ്ഞു നോക്കിയാൽ തന്നെക്കാണാം. പക്ഷേ കള്ളനുണ്ടോ തിരിയുന്നു. അങ്ങനെ മന്ദംമന്ദം വാദ്യഘോഷങ്ങളോടൊപ്പം തലയാട്ടി പ്രദക്ഷിണവഴിയിലൂടെ....

കയ്യിൽ ഓടക്കുഴലും തലയിൽ പീലിയുമുണ്ട്. നീലക്കാർമുകിൽവർണ്ണൻ ചേലിൽ അണിഞ്ഞൊരുങ്ങി കാലത്തെ തന്നെ കർമ്മനിരതനായി. അതോ കർമ്മങ്ങൾ അവന്റെ പിറകേയോ... അറിയില്ല.

അവൾ കണ്ണടച്ചുപിടിച്ച് പിറകെ നടന്നു. ചെന്നു നിന്നത് ശ്രീകോവിൽ മുൻപിൽ. കൈകൾ കൂപ്പുന്നതിനു മുൻപേ നടയടഞ്ഞു. അവിടെ അഷ്ടപദിയുടെ മേളം. 'ചന്ദനചർച്ചിത നീലകളേബരം'....

അതിൽ ലയിച്ച് അവൾ കൈകൾ കൂപ്പി നിന്നു.

'കണ്ണടച്ചാലുമെന്റെ കൺമുൻപിലൊഴുകുന്ന കല്ലോലിനിയായി അവൻ. 'ആ തിരുമുൻപിൽ കല്പാന്തകാലത്തോളം ഒരു കസ്തൂരിമാനായി നില്ക്കാനവൾ മോഹിച്ചു.

'ശരി, അങ്ങനെ തന്നെ'എന്ന മട്ടിൽ കണ്ണനും നട തുറക്കുന്നതേയില്ല. അവിടെ അകത്ത് പാൽപായസം ഉണ്ണുകയാവും. അതിന്റെ മാധുര്യം അവളുടെ നാവിലൂറി.

സമയം കടന്നുപോകെ അവൾക്ക് ക്ഷമ നശിച്ചു. ഒന്നു കണ്ടാൽ മതി എന്ന അവസ്ഥയായി. പക്ഷേ കണ്ണൻ നട തുറക്കുന്നില്ലല്ലോ. അവൾ സമീപത്തു നിന്ന കുട്ടിയെ നോക്കി. അവനും അക്ഷമനായി നില്ക്കുന്നു. അവന്റെ മുടിക്കെട്ടിൽ അവളൊന്നു തൊട്ടു. അപ്പോൾ, അത്ഭുതാവഹമായി, മയിൽപ്പീലിക്കൂട്ടങ്ങൾ ഒന്നാകെ വന്ന് അവളെ പൊതിഞ്ഞു. അവൻ ഒരു കള്ളച്ചിരിയോടെ ഓടി പ്പോകുകയും ചെയ്തു. മണിമുഴക്കത്തോടെ ശ്രീകോവിൽനട തുറന്നു....

അവൾ ഞെട്ടി കണ്ണു തുറന്നു. അലാറം ശബ്ദിച്ചതാണ്. ആ സ്വപ്നത്തിന്റെ മാസ്മരികതയിൽ അവൾ ഒന്നുകൂടി മയക്കത്തിലേക്കു വീണു.

വീണ്ടും അലാറം മുഴങ്ങി. അവൾ ഞെട്ടിയെഴുന്നേറ്റ് ഫോണെടുത്തു നോക്കി. സമയം അഞ്ചര. ആറരയ്ക്ക് ഇറങ്ങേണ്ടതാണ്.

അമ്പലപ്പുഴക്കണ്ണൻ അവളുടെ ചിന്തകളെ ഉണർത്തി. അപ്പോൾ അടുത്തുള്ള ക്ഷേത്രത്തിൽ നിന്നും ഗാനം ഒഴുകിയെത്തി. 'അമ്പലപ്പുഴയിലെൻ മനസ്സോടിക്കളിക്കുന്നു, അമ്പാടിയിൽ ചെന്നാലെന്ന പോലെ...

ഓംകാരമുയിരേകും വേണുഗാനം കാതിൽ

തേൻതുള്ളിയായ് പെയ്താലെന്ന പോലെ'.

# നാഗമംഗലം ശാസ്ത്യകീർത്തനം

ബ്രഹ്മശ്രീ പി എൻ നാരായണൻ നമ്പൂതിരി,
പുതുമന ഇല്ലം,കുറിച്ചി

അയ്യപ്പാ ഹരേ അയ്യപ്പാ പാഹിമാം
നാഗമംഗലം ശാസ്താവേ പാഹിമാം
അത്തലെല്ലാമൊഴിയ്ക്കണേ സ്വാമിയേ
നാഗമംഗലം ശാസ്താവേ പാഹിമാം
(അയ്യപ്പാഹരേ...)
അമ്പലപ്പുഴ ദേശം പ്രസിദ്ധമാ
ണമ്പലപ്പുഴ കൃഷ്ണനാൽ നിർണ്ണയം
കണ്ണനാകിയോരീശ്വരപാർശ്വത്തിൽ
നാഗമംഗലം ശാസ്താവും വാഴുന്നു
(അയ്യപ്പാഹരേ...)
നാലുവേദപ്പൊരുളായ ദേവനാ
ണായുർവ്വേദത്തിനാധാര മൂർത്തിയും
വൈദ്യശാസ്താവും നീതന്നെയല്ലയോ
നാഗമംഗലം വാഴുക നീയെന്നും
(അയ്യപ്പാ ഹരേ ..)
ആയിരത്തിയൊരുന്നൂറിനോടൊപ്പം
നൂറിനൊന്നു കുറഞ്ഞൊരു വത്സരം
കൊല്ലവർഷമിടവമിരുപത്തി
യാറും പുനർവ്വസു ചേരും രവിവാരം
പുണ്യപ്രതിഷ്ഠാ മുഹൂർത്തം കുറിച്ചു
ദേശനാഥനഭിഷേകകാലവും
(അയ്യപ്പാ ഹരേ ..)
ഭദ്രദീപം, ശരണം വിളികളും
ഭക്തി പൂർണ്ണമീ പുണ്യ ക്ഷേത്രാങ്കണം
എംബീയെസ്സിൻ ചരിത്ര നിമിഷത്തിൽ
ധന്യരായീ സമാജ ബന്ധുക്കളും
(അയ്യപ്പാ ഹരേ ..)

തന്ത്രിവര്യരാമുണ്ണിയും കണ്ണനും
തന്ത്രിമുഖ്യൻ ഹരിയെന്ന വിപ്രനും
സാന്ദ്രമോദം പ്രതിഷ്ഠ ചെയ്തുള്ളതാം
ശാസ്തൃമൂർത്തിയെക്കൈതൊഴുന്നിന്നുഞാൻ
(അയ്യപ്പാഹരേ....)
ലോകമാകെശ്ശരണം വിളിച്ചുടൻ
ഭൂതനാഥനാമയ്യനെക്കൂപ്പുന്നു
ലോകനന്മയുമേകണേ സ്വാമിയേ
ലോകനാഥനാം ശാസ്താവേ പാഹിമാം
(അയ്യപ്പാഹരേ....)
ഊഴിതന്നിലെപ്പാലാഴിയാകിയ
ഊരതാകിയോരമ്പലപ്പുഴയിലെ
പാർശ്വവർത്തിയാം ശ്രീഭൂതനാഥനെ
ഭൂസുരരും സുരരും നമിക്കുന്നു
(അയ്യപ്പാഹരേ....)
നാഗമംഗലം തന്നിലായ് വാഴുമീ
ശാസ്തൃദേവനെക്കുമ്പിടാം നിത്യവും
നാഗമംഗലം ദേശത്തു ശാശ്വതം
നാഗദേവരും മംഗളം നൽകട്ടെ
(അയ്യപ്പാഹരേ....)
അമ്പലപ്പുഴക്കൃഷ്ണാ ഭഗവാനേ
നാഗമംഗലത്തപ്പാ പെരിയോനേ
നാഗദേവഫണങ്ങളേ ദൈവമേ
പാഹി പാഹി സദാ പരിപാഹി മാം
(അയ്യപ്പാഹരേ....)



മലയാള ബ്രാഹ്മണ സമാജം വൈക്കം ശാഖ അംഗം വല്ലാഴത്ത് ഇല്ലത്ത് ജയകൃഷ്ണൻ HAL ബാംഗ്ളൂർ CEO ആയി ചുമതലയേറ്റു. ജയകൃഷ്ണന് മലയാള ബ്രാഹ്മണ സമാജത്തിന്റെ അഭിനന്ദനങ്ങൾ

**ഓം വാങ്മേ മനസി പ്രതിഷ്ഠിതാ**
**മനോ മേ വാചി പ്രതിഷ്ഠിതം**
**ആവിരാവീർമ ഏധി വേദസ്യ മ ആണീസ്ഥഃ**
**ശ്രുതം മേ മാ പ്രഹാസീഃ**
**അനേനാധീതേന അഹോരാത്രാൻ സംദധാമി**
**ഋതം വദിഷ്യാമി സത്യം വദിഷ്യാമി**
**തന്മാമവതു തദ്വക്താരമവതു അവതു മാം**
**അവതു വക്താരം അവതു വക്താരം**
**ഓം ശാന്തിഃ ശാന്തിഃ ശാന്തിഃ**

# വാർത്തകൾ

## കേന്ദ്ര വാർത്തകൾ

മലയാള ബ്രാഹ്മണ സമാജം കേന്ദ്ര സമിതിയുടെ 2024 മെയ് മാസത്തെ യോഗം ഓൺലൈനായി 26 നു കേന്ദ്ര പ്രസിഡന്റിന്റെ അധ്യക്ഷതയിൽ കൂടി. പ്രസ്തുത യോഗത്തിൽ എടുത്ത പ്രധാന തീരുമാനങ്ങൾ താഴെ ചേർക്കുന്നു. ജില്ലാ സമ്മേളനങ്ങൾ ഒഴിവാക്കി വരുന്ന വർഷം നടത്താൻ ഉദ്ദേശിക്കുന്ന സംസ്ഥാന സമ്മേളനത്തിനു ഒരുങ്ങുവാകൻ ജില്ലകളോട് നിർദ്ദേശിക്കുവാൻ തീരുമാനിച്ചു. നവതി ആഘോഷങ്ങളുടെ ഭാഗമായി എല്ലാ മാസവും വിവിധ വിഷയങ്ങളിൽ പ്രശ്നോത്തരി നടത്താൻ അരവിന്ദ് പി.(മാന്താനത്ത് ഇല്ലം) നെ ചുമതലപ്പെടുത്തുവാൻ തീരുമാനിച്ചു. വിജയികൾക്കുള്ള സമ്മാനങ്ങൾ നവതി സമാപന അവസരത്തിൽ വിതരണം ചെയ്യാനും തീരുമാനിച്ചു. നവതി ആഘോഷങ്ങളുടെ ഭാഗമായി അക്ഷരശ്ലോകമത്സരം നടത്താനും ആയതിന്റെ ചുമതല റ്റി. വി. നാരായണ ശർമ്മയെ എൽപ്പിക്കുവാനും തീരുമാനിച്ചു. രാമായണ മാസാചരണം ഏതുവിധത്തിൽ നടത്തണമെന്ന് ശാഖകളുടെ അഭിപ്രായം അറിയാൻ തീരുമാനിച്ചു.

മലയാള ബ്രാഹ്മണ സമാജം കേന്ദ്ര സമിതിയുടെ 2024 ജൂൺ മാസത്തെ യോഗം കേന്ദ്ര ഓഫീസിൽ വച്ച് 30 നു കേന്ദ്ര പ്രസിഡന്റിന്റെ അധ്യക്ഷതയിൽ കൂടി. പ്രസ്തുത യോഗത്തിൽ എടുത്ത പ്രധാന തീരുമാനങ്ങൾ താഴെ ചേർക്കുന്നു. കെ. വി. ദേവൻ ഇളയത് രാജിവെച്ച ഒഴിവിലേക്ക് ജനറൽ സെക്രട്ടറിയായി മോഹൻകുമാർ പി. എൻ. നെ സമിതി തിരഞ്ഞെടുത്തു.
ജോയിന്റ് സെക്രട്ടറിയായി കൃഷ്ണകുമാർ അമ്പക്കാട്ടിനെയും തിരഞ്ഞെടുത്തു. ക്ഷേത്രവഴി തുടങ്ങുന്ന സ്ഥലത്ത് ബോർഡ് വയ്ക്കുവാൻ(ആർച്ച്) തീരുമാനിച്ചു.രാമായണമാസാചരണത്തിന്റെ ചുമതല ശ്രീമതി ശ്രീജ പരമേശ്വരനെ ഏൽപ്പിച്ചു. 5 ജില്ലകളായും കർക്കിടകം1ാം തീയതിയും 32ാം തീയതിയും കേന്ദ്രസമിതി നടത്താനും തീരുമാനിച്ചു. കലണ്ടർ നിർമ്മാണത്തിന്റെ ചുമതല സമിതി അംഗം ഹരികുമാരൻ നമ്പൂതിരിയെ ഏൽപ്പിച്ചു. ജില്ലകളുടെ ഓഡിറ്റിങ് നടത്താൻ തീരുമാനിച്ചു. എറണാകുളം തൃശ്ശൂർ ജില്ലകളുടെ ചുമതല ശ്രീ അരുൺ കീച്ചേരിലിനെയും, ആലപ്പുഴ, തിരുവനന്തപുരം, കോട്ടയം ജില്ലകളുടെ ചുമതല ശ്രീ ത്രിവിക്രമൻ നമ്പൂതിരിയെയും ഏൽപ്പിച്ചു.2025 ഏപ്രിലിൽ സംസ്ഥാന സമ്മേളനം നടത്താൻ തീരുമാനിച്ചു. സുവനീർ വേണം എന്നും തീരുമാനിച്ചു. ആയത് കേന്ദ്ര കൗൺസിൽ ഗ്രൂപ്പിൽ ചർച്ച ചെയ്യാൻ തീരുമാനിച്ചു. ജനനമരണ രജിസ്റ്റർ കേന്ദ്രീകൃതമായി സൂക്ഷിക്കാൻ തീരുമാനിച്ചു. ഹെഡ് ഓഫീസിന്റെ താഴത്തെ നിലയിലെ വാടകക്കാരുടെ കരാർ കാലാവധി തീരാറായതിനാൽ കരാർ പുതുക്കേണ്ട എന്ന് സമിതി തീരുമാനിച്ചു. റിപ്പോർട്ടുകൾ കൃത്യമായി ഗ്രൂപ്പുകളിൽ പോസ്റ്റു ചെയ്യുന്നതിനും സർക്കുലർ അയയ്ക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതിനും ശ്രീരാജ് ശർമ്മയെ ചുമതലപ്പെടുത്തി. ഡാറ്റ കളക്ഷൻ പൂർത്തിയാക്കി വെബ്സ!!ൈ!റ്റ് അപ്ഡേഷൻ പൂർത്തിയായതായി ഐ ടി സെൽ ചുമതലയുള്ള ശ്രീരാജ് യോഗത്തിൽ അറിയിക്കുകയുണ്ടായി

## പൂജാ പഠനക്യാമ്പ് റിപ്പോർട്ട്

മലയാള ബ്രാഹ്മണ സമാജം കേന്ദ്ര സമിതിയുടെ മേൽനോട്ടത്തിൽ എല്ലാവർഷവും നടത്തിവരാറുള്ള പൂജാ പഠന ശിബിരം, 2024 ലും വളരെ ഭംഗിയായി ആചാര്യൻ ബ്രഹ്മശ്രീ ഹരിമോഹനൻ അവർകൾ പുതുമന ഇല്ലം, ആചാര്യൻ വിഷ്ണു ശർമ അവർകൾ, ചേലമറ്റത്ത് ഇല്ലം, ഭാഗവത ആചാര്യൻ ബ്രഹ്മശ്രീ രാജേഷ് അവർകൾ കറുത്തമശ്ശേരി ഇല്ലം എന്നിവരുടെ നേതൃത്വത്തിൽ, ഭാഗവതാചാര്യൻ ബ്രഹ്മശ്രീ കൃഷ്ണൻ ഇളയതിന്റെ ഇല്ലമായ, പേരൂർ മഞ്ഞപ്പിള്ളിയിൽ വച്ച് ഏപ്രിൽ 15 മുതൽ ഏപ്രിൽ 30 വരെ വളരെ ചിട്ടയോടു കൂടി നടത്തുകയുണ്ടായി. ഈ വർഷത്തെ പൂജാ പഠന ക്യാമ്പിൽ 35 കുട്ടികളും രണ്ട് മധ്യവയസ്കരും ഉണ്ടായിരുന്നു. പൂജാ പഠന ക്യാമ്പിന്റെ ഉദ്ഘാടനം മലയാള ബ്രാഹ്മണ സമാജത്തിന്റെ കേന്ദ്ര പ്രസിഡൻറ് ബ്രഹ്മശ്രീ ടി.വി. നാരായണ ശർമ നിർവഹിക്കുകയുണ്ടായി. മലയാള ബ്രാഹ്മണ സമാജത്തിന്റെ ശാഖ ഭാരവാഹികളുടെ സാന്നിധ്യം ഉണ്ടാവുകയും എല്ലാവരുടെയും സഹായസഹകരണങ്ങളും പൂജാ പഠന ക്യാമ്പിൽ അവർ ഉറപ്പുവരുത്തുകയും ചെയ്തിരുന്നു. കൂടാതെ പൂജ പഠന ക്യാമ്പിൽ കുടുംബനാഥന്റെ മകനായ ഡോക്ടർ കിരൺ അദ്ദേഹത്തിന്റെ സഹധർമ്മിണി ഡോക്ടർ അപർണ്ണ എന്നിവരുടെ സേവനം ഉണ്ടായിരുന്നു. പഠന ക്യാമ്പിൽ, ബോധവൽക്കരണത്തിന്റെ ഭാഗമായി, പാല പോലീസ് സബ് ഇൻസ്പെക്ടർ ശ്രി. ബിനോയ് (ലഹരിപദാർത്ഥങ്ങളുടെ ഉപയോഗം), ശ്രീമതി അമ്പിളി പി. താമരശ്ശേരി, കോത്തല ശാഖ (മൊബൈലിന്റെ ഉപയോഗവും ദുരുപയോഗവും), ബ്രഹ്മശ്രീ ടി. എൻ. എൻ. ഇളയത് (പൂജ പഠനത്തിന്റെ ആവശ്യകത), ശ്രീമതി സരിത എസ് അയ്യർ (ശ്രീ. ശങ്കരാചാര്യരുടെ ബാല്യകാലം), എം ബി എസ് മുൻകാല പ്രസിഡന്റ് ബ്രഹ്മശ്രീ ബാലചന്ദ്ര ശർമ അവർകൾ അദ്ദേഹത്തിന്റെ മകൻ ബ്രഹ്മശ്രീ അജിത് ബി ശർമ അവർകൾ, ആചാര്യൻ ടി എൻ ബാബു കുമാർ അവർകൾ, ബ്രഹ്മശ്രീയുടെ ഫൈനാൻസ് വിഭാഗം കൈകാര്യം ചെയ്യുന്ന ബ്രഹ്മശ്രീ വി. ൻ. ടി. നമ്പൂതിരി അവർകൾ എന്നിവരും കുട്ടികൾക്കായി വിവിധ വിഷയങ്ങളെക്കുറിച്ച് സംസാരിക്കുകയുണ്ടായി. ഇതിനോടൊപ്പം വനിതകൾക്കായി നിവേദ്യക്രമം പരിശീലിപ്പിക്കുന്നതിനായി ഒരു ദിവസത്തെ ക്ലാസ്, ശ്രീമതി മമത ഹരികുമാർ,

പാണാട്ട് ഇല്ലം നേതൃത്വം നൽകുകയുണ്ടായി. കൂടാതെ ഒരു ദിവസം കുട്ടികളെ എല്ലാവരെയും കൂട്ടി വാഗമൺ പരുത്തുംപാറയിലേക്ക് വിനോദ യാത്രയും പോകുകയുണ്ടായി. സമാപന ദിവസം , ഗൃഹനാഥനായ ഭാഗവത ആചാര്യൻ കൃഷ്ണ ൻ ഇളയതിനെ ആദരിക്കുകയും ചെയ്തു. ആ ശംസകൾ അർപ്പിക്കുന്നതിനായി എത്തിയത് മു ൻ ജനറൽ സെക്രട്ടറി ബ്രഹ്മശ്രീ ശ്രീവത്സൻ ന മ്പൂതിരി അവർകൾ, ബ്രഹ്മശ്രീ പി എൻ മോഹൻ കുമാർ അവർകൾ, ബ്രഹ്മശ്രി വിക്രമൻ നമ്പൂതി രി അവർകൾ കേന്ദ്ര ട്രഷറർ, ബ്രഹ്മശ്രീ ടി.എൻ. ബാബു കുമാർ അവർകൾ, ബ്രഹ്മശ്രീയുടെ മാനേജിംഗ് എഡിറ്റർ, ബ്രഹ്മശ്രീ ഡോക്ടർ ഹരി കൃഷ്ണ ശർമ കൺവീനർ ഹവീസ്, എന്നിവരാ ണ്. ക്യാമ്പ് ജോയിന്റ് കൺവീനർ ബ്രഹ്മശ്രീ സി. കെ ചന്ദ്രഗുപ്തൻ അവർകൾ, എല്ലാവർക്കും കൃ തജ്ഞത പറയുകയും ഉണ്ടായി. വളരെ പ്രൗഢ ഗംഭീരമായ സമാപന ചടങ്ങോടെ മുപ്പതാം തീയ തി പഠന ക്യാമ്പിന് സമാപ്തി കുറിക്കുകയുണ്ടാ യി.

ക്യാമ്പ് കൺവീനർ
ടി. എൻ. കേശവൻ ഇളയത്, തൈക്കാട്ട് ഇല്ലം

## എറണാകുളം ജില്ലാ കമ്മിറ്റി മീറ്റിംഗ്

19/5/2024 ഞായറാഴ്ച ഓൺലൈനായി രാത്രി 8:00 മണിക്ക് മലയാള ബ്രാഹ്മണ സമാജം എറണാകുളം ജില്ലയുടെ ഒരു മീറ്റിംഗ് കൂടുകയുണ്ടായി. ഏകദേശം ഇരുപതോളം അംഗങ്ങൾ പങ്കെടുത്തു അജണ്ടയിലെ ആദ്യ ഇനങ്ങൾ ആയ ഈശ്വര പ്രാർത്ഥന ആചാര്യ വന്ദനം അനുസ്മരണം തുടങ്ങിയ പതിവ് ചട ങ്ങുകൾക്ക് ശേഷം സെക്രട്ടറി സ്വാഗതം ആശംസിക്കുകയുണ്ടായി തുടർന്ന് ജില്ലാ പ്രസിഡന്റ് ശാഖകളുടെ പ്രവർത്തനങ്ങളെ വിലയിരുത്തി അധ്യക്ഷ പ്രസംഗം നടത്തി. അദ്ധ്യക്ഷ പ്രസംഗത്തിൽ ആലുവ, പറവൂർ, കോതമംഗലം മുതലായ ശാഖകളുടെ മാതൃകാ പരമായ പ്രവർത്തനത്തെ അദ്ധ്യക്ഷൻ എടുത്തു പറയുകയും അവരെ അനുമോദിക്കുകയും ചെയ്തു. ജൂൺ ഒമ്പതാം തീയതി നടക്കുന്ന അമ്പലപ്പുഴ അയ്യപ്പസ്വാമി ക്ഷേത്രത്തിന്റെ പ്രതിഷ്ഠ ചടങ്ങുകളെ കുറിച്ച് വിശദീകരിക്കു കയും ആയതിലേക്ക് എല്ലാ ശാഖകളിൽ നിന്നും പരമാവധി അംഗങ്ങൾ പങ്കെടുക്കണമെന്ന് ആവശ്യപ്പെടുകയും ചെയ്തു. 21/04/2024 ൽ ജോയിന്റ് സെക്രട്ടറിയുടെ നേതൃത്വത്തിൽ വൈസ് പ്രസിഡന്റിന്റെ അധ്യക്ഷതയിൽ കൂടിയ ജില്ലാ കമ്മിറ്റി യോഗത്തിന്റെ റിപ്പോർട്ട് അധ്യ ക്ഷൻ അവതരിപ്പിക്കുകയുണ്ടായി തുടർന്ന് ട്രഷറർ കണക്ക് അവതരിപ്പിക്കുകയും റിപ്പോർ ട്ടും കണക്കും ഈ യോഗത്തിൽ പാസാക്കുക യും ചെയ്തു. ശാഖകളുടെ ഓഡിറ്റിംഗ് എത്ര യും പെട്ടെന്ന് പൂർത്തിയാക്കണമെന്നും പ്രസിഡ ന്റ് ആവശ്യപ്പെട്ടു. ബാങ്കിലെ ജില്ലാ അക്കൗണ്ട് എത്രയും പെട്ടെന്ന് പ്രവർത്തനക്ഷമമാക്കി എടു ക്കാമെന്ന് പ്രസിഡന്റ് ഉറപ്പുനൽകി. തുടർന്ന് കേന്ദ്ര പ്രസിഡന്റ് ബ്രഹ്മശ്രീ നാരായണ ശർമ ജൂൺ 9 ന് നടക്കുന്ന പുനഃപ്രതിഷ്ഠ ചടങ്ങുക ളെ കുറിച്ച് വിശദീകരിക്കുകയും രാവിലെ 9.30 നോട് കൂടി ആരംഭിക്കുന്ന ചടങ്ങിൽ ഏകദേശം 250 ഓളം പേർ പങ്കെടുക്കുമെന്നു പ്രതീക്ഷിക്കു ന്നതായും ആ ചടങ്ങിൽ പ്രശസ്ത സോപാന സംഗീതജ്ഞൻ ശ്രീ. അമ്പലപ്പുഴ വിജയകുമാ റിനെ ആദരിക്കുന്നതായും അറിയിച്ചു. തുടർന്ന് ക്ഷേത്രത്തിന്റെ ചുറ്റുമതിൽ, ടോയ്‌ലറ്റ് സൗകര്യ ങ്ങൾ മുതലായവ പൂർത്തിയാക്കേണ്ടതിന്റെ ആവശ്യകതയും ചൂണ്ടിക്കാണിച്ചു. ഇതിനെല്ലാം എല്ലാ ശാഖകളുടെയും സഹായസഹകര ണങ്ങൾ എത്രയും വിലപ്പെട്ടതാണ് എന്നും നമ്മളെല്ലാവരും ഒത്തുചേർന്നാൽ അത് വളരെ എളുപ്പത്തിൽ സാധിച്ചെടുക്കാം എന്നും അങ്ങ നെ സമാജത്തിന്റെ പ്രവർത്തനവും പ്രശസ്തി യും ഉയർത്തിപ്പിടിക്കാൻ സാധിക്കുമെന്ന് ഊന്നിപ്പറഞ്ഞു. കഴിയുന്നത്ര സമാജ അംഗങ്ങൾ കൃത്യസമയത്ത് തന്നെ ചടങ്ങിൽ പങ്കെടുത്ത് വിജയിപ്പിക്കണമെന്നും ആവശ്യപ്പെടുകയു ണ്ടായി

ശാഖാ പ്രവർത്തനങ്ങളുടെ റിപ്പോർട്ടിൽ വിവിധ ശാഖകളുടെ പ്രവർത്തനങ്ങളെ വിലയിരുത്തുകയുണ്ടായി. എറണാകുളം ശാഖ യുടെ വാർഷിക പരിപാടികൾ വളരെ ഗംഭീര മായിരുന്നു എന്നും അഡ്വക്കേറ്റ് ബിന്ദു മാഡ ത്തിന്റെ പ്രഭാഷണം ശാഖയ്ക്ക് വളരെ പ്രയോജനപ്പെടുകയും ചെയ്തതായി ശാഖാ നിരീക്ഷണം നടത്തിയ രാജീവ് പാണാട്ട് ജില്ലയെ അറിയിക്കുകയുണ്ടായി. കഴിഞ്ഞ ഏപ്രിൽ മാസത്തിൽ നടത്തിയ പൂജപഠന ക്ലാസ് വളരെയേറെ ഫലപ്രദമായിരുന്നു എന്നും കുട്ടി കൾക്ക് നന്നായി ആസ്വദിക്കാൻ സാധിച്ചു എന്നും പള്ളിക്കര ശാഖയുടെ പ്രവർത്തനം നല്ല രീതിയിൽ മുന്നോട്ടു പോകുന്നു എന്നും ജില്ലാ കമ്മിറ്റി അംഗം ബ്രഹ്മശ്രീ അഭിലാഷ് അറിയി ക്കുക ഉണ്ടായി. പെരുമ്പാവൂർ ശാഖയും പറവൂർ ശാഖ യും ആലുവ ശാഖയും വാർഷിക ആഘോഷ പരിപാടികൾ പൂർത്തിയാക്കിയ തായി അറിയിച്ചു. പറവൂർ ശാഖയുടെ വനിതാ വേദി പാർവണം നല്ല രീതിയിൽ പ്രവർത്തനങ്ങ ളുമായി മുന്നോട്ടു പോകുന്നു എന്ന് അറിയിക്കുകയുണ്ടായി കൂത്താട്ടുകുളം ശാഖയു ടെയും കോതമംഗലം ശാഖയുടെയും പ്രതിനിധി കൾ ആ സമയത്ത് സന്നിഹിതർ അല്ലാതിരുന്നത് കൊണ്ട് അവരുടെ റിപ്പോർട്ടിംഗ് ലഭിച്ചിട്ടില്ല

ഇതര വിഷയങ്ങളിൽ അമ്പലപ്പുഴ ക്ഷേത്ര നിർമാണത്തിന്റെ പൂർത്തീകരണത്തെ ക്കുറിച്ചും തുടർന്നുള്ള അനുബന്ധ പ്രവർത്തി കളുടെ പ്രാധാന്യത്തെക്കുറിച്ചും അതിൽ ശാഖകൾ വഹിക്കേണ്ട പങ്കാളിത്തത്തെ കുറിച്ചും കമ്മറ്റി അംഗങ്ങൾ ചർച്ച ചെയ്തു രാമായണ ഉത്സവം കുട്ടികൾക്ക് കൂടുതൽ പ്രാധാന്യം നൽകി ക്കൊണ്ട് വേണം പരിഗണിക്കാൻ എന്ന നിർദ്ദേ ശവും വന്നു ഓണാഘോഷത്തിന്റെ തയ്യാറെടു





*തുറവൂർ ശാഖ മാന്താനത്തില്ലത്ത് ശ്രീമതി സുധാകുമാരിയുടെ സപ്തതിയോട് അനുബന്ധിച്ച് മലയാള ബ്രാഹ്മണ സമാജം കേന്ദ്ര സമിതി ആദരിക്കുന്നു*

പ്പുകൾ ആരംഭിക്കണമെന്നും ഹവിസിന്റെ ഫണ്ടിങ് ഉഷാറാക്കണമെന്നും ജില്ലാ കൗൺസിൽ പെരുമ്പാവൂർ വച്ച്, ഹാളിന്റെ ലഭ്യത അനു സരിച്ച് ജൂൺ മാസം 23 തീയതി ഞായറാഴ്ച ഉച്ചകഴിഞ്ഞ് രണ്ടു മണി മുതൽ അഞ്ചു മണിവരെ വിളിച്ചുചേർക്കാം എന്നും തീരു മാനിക്കുകയു ണ്ടായി എറണാകുളം ജില്ലാ കമ്മിറ്റിയിലെ ഊർജ്ജസ്വലനും പ്രഗത്ഭനുമായ ബ്രഹ്മശ്രീ മുരളി മനപ്പാട്ട് വാട്സ്ആപ്പ് മുഖേന നൽകിയ രാജിക്കത്ത് പരിഗണിക്കേണ്ടതില്ലെന്നും തീരുമാനമെടുത്തു.

തുടർന്ന് കേന്ദ്ര പ്രതിനിധികളായ ബ്രഹ്മശ്രീ വി. എൻ. ടി, ബ്രഹ്മശ്രീ ഹരികൃഷ്ണൻ എന്നിവർ ജില്ലാ കമ്മിറ്റിയെ അഭിസംബോധന ചെയ്തു. ബ്രഹ്മശ്രീയിൽ വരുന്ന ഫോട്ടോ പത്ര ക്കുറിപ്പുകൾ തുടങ്ങിവയ്ക്കുള്ള പ്രിന്റിംഗ് കാലതാമസം എന്തുകൊണ്ട് എന്ന് തൃപ്തി കരമായ രീതിയിൽ വിശദീകരിക്കാൻ ഹരി കൃഷ്ണന് സാധിച്ചു. ജില്ലാ ട്രഷററുടെ കൃത ജ്ഞതയോടെ ബ്രഹ്മശ്രീ ഹരി മംഗലശ്ശേരിയുടെ ഐകമത്യ സൂക്തത്തോടെയും ഏകദേശം 9.30 നോട് കൂടി മീറ്റിംഗ് പര്യവസാനിച്ചു.

**ഓതറ ശാഖാവാർഷികം**

നവതി ആഘോഷങ്ങളുടെ ഭാഗമായി മലയാള ബ്രാഹ്മണ സമാജം ഓതറ ശാഖ സംഘടിപ്പിച്ച മെഡിക്കൽ ക്യാമ്പും ജീവിതശൈലി രോഗപ്രതിരോധ ബോധവൽക്കരണ ക്ലാസും 2024 ജൂൺ 23 ഞായറാഴ്ച കുളനട മെഡിക്കൽ ട്രസ്റ്റ്ഹോസ്പിറ്റലിന്റെ അനുബന്ധ സ്ഥാപനമായ ആരോഗ്യനികേതനം ഹെൽത്ത് പാർക്കിൽവെച്ച് നടന്നു. അമ്പതോളം ശാഖ അംഗങ്ങളും മുപ്പതോളം സമുദായ അംഗങ്ങളും പത്തോളം കുട്ടികളും സന്നിഹിതരായ പ്രസ്തുത ചടങ്ങിൽ കുമാരി മൈത്രേയി നവനീത്, കുമാരി മാനസി നവനീത് എന്നിവർ ഈശ്വര പ്രാർത്ഥന നടത്തി. ശാഖാ സെക്രട്ടറി എം. എൻ. ശ്രീകുമാര ശർമ്മ സ്വാഗതം ആശംസിച്ചു ശാഖാ വൈസ് പ്രസിഡന്റ് ജയകുമാരശർമ്മ അധ്യക്ഷനായ യോഗംഡോക്ടർ ജി വിജയകുമാർ നിലവിളക്ക് കൊളുത്തി ഉദ്ഘാടനം ചെയ്തു. മുഖ്യാതിഥി ബ്രഹ്മശ്രീ ടി.വി നാരായണശർമ്മ (മലയാളം ബ്രാഹ്മണ സമാജം സംസ്ഥാന പ്രസിഡന്റ്) അനുഗ്രഹ പ്രഭാഷണത്തിൽ ശാഖയുടെ മാതൃകാപരമായ പ്രവർത്തനങ്ങളെ അനുമോദിക്കുകയും മെഡിക്കൽ ക്യാമ്പിന് ഭാവുകങ്ങൾ നേരുകയുംചെയ്തു. യോഗക്ഷേമസഭ പത്തനംതിട്ട ജില്ലാ പ്രസിഡന്റ് ബ്രഹ്മശ്രീ ഹരികുമാർ നമ്പൂതിരി ആശംസ പ്രസംഗം നടത്തി. തുടർന്ന് ഡോക്ടർ ജി. വിജയകുമാർ (MD) (ചെയർമാൻ ആൻഡ് മാനേജിങ് ഡയറക്ടർ കുളനട മെഡിക്കൽ ട്രസ്റ്റ് ഹോസ്പിറ്റൽ) ജീവിതശൈലി രോഗപ്രതിരോധ ബോധവൽക്കരണ ക്ലാസ് ആരംഭിച്ചു. ജീവിതശൈലി രോഗങ്ങൾ, അവയുടെ കാരണങ്ങൾ, പ്രതിരോധ മാർഗങ്ങൾ, ഭക്ഷണരീതി, ചികിത്സാരീതികൾ എന്നിവയെപ്പറ്റി വിശദമായ ക്ലാസും തുടർന്ന് അംഗങ്ങളുടെ സംശയനിവാരണവും രോഗപരിശോധനയും ചികിത്സാ നിർദ്ദേശങ്ങളും നടന്നു. രോഗപ്രതിരോധത്തിന് ശരിയായ ഭക്ഷണക്രമം, ചിട്ടയായ വ്യായാമം, യോഗാസനങ്ങൾ, ക്രമമായുള്ള പരിശോധന, നിർദേശാനുസരണമുള്ള മരുന്നുകളുടെ ഉപയോഗം,എന്നിവ മുൻഗണനാക്രമത്തിൽ നിർദ്ദേശിച്ചു. മാതൃക ഭക്ഷണ പ്ലേറ്റിനെപ്പറ്റിയും ' ഭക്ഷണത്തിൽ മില്ലറ്റിന്റെ പ്രാധാന്യവും ശാരീരിക മാനസിക പിരിമുറുക്കങ്ങളിൽ നിന്ന് മോചനം നേടുന്നതിന്റെ ആവശ്യകതയെ കുറിച്ചും അദ്ദേഹം വിശദമായി സംസാരിച്ചു. വിജ്ഞാനപ്രദവും കാലഘട്ടത്തിന് ഏറെ പ്രാധാന്യമർഹിക്കുന്നതുമായ ക്ലാസ് നയിച്ച ഡോക്ടർ വിജയകുമാറിനെ സംസ്ഥാന പ്രസിഡന്റ് ബ്രഹ്മശ്രീ ടിവി നാരായണ ശർമ്മ പൊന്നാട അണിയിച്ച് ആദരിക്കുകയും, ശ്രീ പി വി മുരളീധരൻ നമ്പൂതിരി (ജില്ലാ കൗൺസിൽ അംഗം) ഉപഹാരം നൽകുകയും ചെയ്തു. ചടങ്ങിൽ പങ്കെടുത്ത വിശിഷ്ട വ്യക്തികൾക്കും ക്ലാസ് നയിച്ചഡോ. വിജയകുമാറിനും സമാജ അംഗങ്ങൾക്കും മറ്റ് വ്യക്തികൾക്കും ധനേഷ് നന്ദി അറിയിച്ചു. ഉച്ചഭക്ഷണത്തിനായി ഒന്നരയോടെ യോഗം പര്യവസാനിച്ചു. വിഭവ സമൃദ്ധമായ ഭക്ഷണത്തിനുശേഷം ആരോഗ്യനികേതനത്തില

കാഴ്ചകൾ ആസ്വദിച്ച് അറിവ് നേടാനും കുട്ടികൾക്ക് പാർക്കിലെ വിവിധ കളികളിൽ ഏർപ്പെടാനും സാധിച്ചു. ഉച്ചയ്ക്ക് ശേഷം ആരംഭിച്ച ഓതറ ശാഖയുടെ വാർഷിക പൊതുയോഗത്തിൽ ഈശ്വര പ്രാർത്ഥന ആവണിയും ആചാര്യവന്ദനം ആര്യ ലക്ഷ്മിയും അവതരിപ്പിച്ചു.ശാഖാ സെക്രട്ടറിയുടെ സ്വാഗതത്തിനു ശേഷം റിപ്പോർട്ടും കണക്കും അവതരിപ്പിച്ച് യോഗം പാസാക്കി. പിന്നീട് നടന്ന അധ്യക്ഷ പ്രഭാഷണത്തിൽ വൈദിക ആചാര്യനും സംസ്കൃത അധ്യാപകനും കേന്ദ്ര കൗൺസിൽ അംഗവുമായ സനാതനൻ നമ്പൂതിരി ഹൃസ്വവും എന്നാൽ ആധികാരികവുമായ ശാഖാ പ്രവർത്തനങ്ങളെ പറ്റിയും ഭാവി കാര്യ പരിപാടികളെ പറ്റിയും സംസാരിച്ചു. സമ്മേളനം മലയാള ബ്രാഹ്മണ സമാജം കേന്ദ്ര പ്രസിഡന്റ് ടി വി നാരായണ ശർമ്മ ഉദ്ഘാടനം നിർവഹിച്ചു. ഉദ്ഘാടന പ്രസംഗത്തിൽ നാഗമംഗലം അയ്യപ്പക്ഷേത്ര നിർമ്മാണവും പുനപ്രതിഷ്ഠയും ഭംഗിയായി നിർവഹിക്കാൻ സാധിച്ച കാര്യം പ്രത്യേകമായി പരാമർശിച്ചു . ക്യാമ്പ് വിജയകരമായി നടത്തിയ ശാഖാ ഭാരവാഹികളെയും അംഗങ്ങളെയും അദ്ദേഹം പ്രത്യേകം അഭിനന്ദിച്ചു. തുടർന്ന് കലയും ആരോഗ്യവും എന്ന വിഷയത്തെപ്പറ്റി ഡോക്ടർ ശ്രീഹരി (MD) (കുളനടമെഡിക്കൽ ട്രസ്റ്റ് ഹോസ്പിറ്റൽ) നടത്തിയ സെമിനാറിൽ ശാരീരികവും മാനസികവുമായ ആരോഗ്യത്തെ കല എങ്ങനെ സ്വാധീനിക്കുന്നു എന്നും പ്രകൃതിയിലെ എല്ലാ വസ്തുക്കളിലും ഉദാത്തമായ കല ആവിഷ്കരിക്കപ്പെട്ടിരിക്കുന്നു എന്നും ഉദാഹരണസഹിതം വിശദീകരിച്ചു. ജീവിതത്തിലെ ഏത് പ്രവർത്തനങ്ങളും ആസ്വദിച്ച് ചെയ്താൽ അത് കലയായി, എന്ന് സമർത്ഥിക്കാൻ പ്രഗൽഭനായ ഒരു ഡോക്ടറും അതിൽ ഉപരി ഒരു കലാപ്രതിഭയും ആയ അദ്ദേഹത്തിന്റെ വാക്കുകൾക്ക് സാധിച്ചു. ഡോക്ടർ ശ്രീഹരിയെ ങ്ങആട സംസ്ഥാന പ്രസിഡൻറ് പൊന്നാട അണിയിച്ച് ആദരിക്കുകയും സംസ്ഥാന ട്രഷറർ ശ്രീ എം എൻ ത്രിവിക്രമൻ നമ്പൂതിരി ഉപഹാരം നൽകുകയും ചെയ്തു. സെമിനാറിനു ശേഷം ഡോക്ടർ ശ്രീഹരി ,ഡോക്ടർ അശ്വതി ദമ്പതികളുടെ മക്കളും, സംസ്ഥാന സ്കൂൾ കലോത്സവ പ്രതിഭകളുമായ കൃഷ്ണനുണ്ണി അവതരിപ്പിച്ച മിമിക്രിയും, കൃഷ്ണവേണി അവതരിപ്പിച്ച മോണോ ആക്ടും കണ്ണിനും കാതിനും അതീവ ഹൃദ്യവും, എന്നാൽ ചിന്തോദ്ദീപകവുമായിരുന്നു. തുടർന്ന് സംസ്ഥാന ജനറൽ സെക്രട്ടറി ഇൻ ചാർജ് മോഹൻകുമാർ മുഖ്യപ്രഭാഷണം നടത്തി. തുടർന്ന് മാസ്റ്റർ സാത്വിക് അവതരിപ്പിച്ച നാടൻ പാട്ടും, മാസ്റ്റർ നമിക് നമ്പൂതിരി അവതരിപ്പിച്ച ഗാനവും എല്ലാവരുടെയും കയ്യടി നേടുകയുണ്ടായി. ശാഖയിലെ മുതിർന്ന അംഗങ്ങളായ ബ്രഹ്മശ്രീ കേശവൻ നമ്പൂതിരി (മാമ്പറ്റ കൊട്ടാരം), ശ്രീമതി അമ്മിണി അന്തർജനം (താമര മംഗലത്ത് ഇല്ലം) ശ്രീമതി ഈശ്വരി അന്തർജ്ജനം (മാമ്പറ്റ ഇല്ലം) എന്നിവരെ പൊന്നാട അണിയിച്ച് ആദരിച്ചു. വിവിധ പരീക്ഷകളിൽ ഉന്നത വിജയം നേടിയ അംഗങ്ങളായ കുട്ടികൾക്കും കലാപരിപാടികളിൽ പങ്കെടുത്ത കൊച്ചുകുട്ടികൾക്കുമുള്ള സമ്മാനദാനം നടന്നു. മൈത്രേയി, ദേവനാരായണൻ, മാനസി , നിവേദ്, ചിന്മയ്, നമിക്ക് നമ്പൂതിരി, സാത്വിക് എന്നിവർക്ക് പ്രോത്സാഹന സമ്മാനം നൽകുകയുണ്ടായി. ചെണ്ടമേളത്തിൽ അരങ്ങേറ്റം കുറിച്ച ഹൃഷികേശ് ശ്രീകുമാർ, ധനഞ്ജയ് ശ്രീകുമാർ എന്നിവർക്ക് കേന്ദ്ര ജില്ലാ നേതാക്കൾ ഉപഹാരം നൽകി. എസ്. എസ്.എൽ.സി പരീക്ഷയിൽ ഉന്നത വിജയം നേടിയ ആവണി, പ്ലസ് ടു പരീക്ഷയിൽ ഉന്നത വിജയം നേടിയ ഭാഗ്യ എന്നിവർക്ക് കേന്ദ്രസംസ്ഥാന നേതാക്കൾ ഉപഹാരം സമർപ്പിക്കുകയുണ്ടായി. പിന്നീട് നടന്ന ആശംസാ പ്രസംഗത്തിൽ എം എൻ ത്രിവിക്രമൻ നമ്പൂതിരി (കേന്ദ്ര ട്രഷറർ), ശ്രീ കേശവൻ ഇളയത് (ജില്ലാ പ്രസിഡന്റ്), ശ്രീ ചന്ദ്രഗുപ്തൻ ഇളയത് (സമഗ്ര വികസന സമിതി കൺവീനർ) എന്നിവർ ശാഖയുടെ ഭാവി പ്രവർത്തനങ്ങൾക്ക് പൂർണപിന്തുണ അറിയിച്ചു. അവതാരകരായ മഞ്ജു നവനീത്, ശ്രീലക്ഷ്മി എന്നിവരുടെ അവതരണം ശ്ലാഘനീയമായിരുന്നു. ജയകുമാര ശർമ്മയുടെ കൃതഞ്ജത ശേഷം ഐകമത്യസൂക്ത ജപത്തോടെ ശാഖാ വാർഷികം സമംഗളം പര്യവസാനിച്ചു.

### കുറവിലങ്ങാട് ശാഖ

കുറവിലങ്ങാട് ശാഖായുടെ വാർഷിക പൊതുയോഗം 6/4/2024 ന് ശ്രീ. T. S. പ്രസാദ്, തുരുത്തിയിൽ ഇല്ലം വസതിയിൽ വച്ചു നടന്നു. ഈശ്വര പ്രാർത്ഥന, ആചാര്യ വന്ദനം എന്നിവക്ക് ശേഷം MBS സംസ്ഥാന പ്രസിഡന്റ് ബ്രഹ്മശ്രീ. T. V. നാരായണ ശർമ്മ ഉത്ഘാടനം ചെയ്ത് സംസാരിച്ചു. MBS ഒരു പുരോഗതിയുടെ പാതയിൽ ആണെന്നും, നാഗമംഗലം അയ്യപ്പ ക്ഷേത്രത്തിന്റെ പുനഃപ്രതിഷ്ഠ വിപുലമായി നടത്തണം എന്ന് കേന്ദ്ര സമിതി ആഗ്രഹിക്കുന്നു എന്നും ശാഖ അംഗങ്ങൾ പരമാവധി ഒത്തു ചേരണം എന്നു ഊന്നി പറഞ്ഞു. പൂജപഠന ക്യാമ്പിന്റെ പ്രാധാന്യം വിശദമായി അവതരി പ്പിച്ചു. വാർഷിക റിപ്പോർട്ട്, വാർഷിക കണക്ക് അവതരിപ്പിക്കുകയും, പൊതുയോഗത്തിൽ പാസാക്കുകയും ചെയ്തു. MBS കോട്ടയം ജില്ലാ പ്രസിഡന്റ് ശ്രീ. കേശവൻ ഇളയത് സമാജത്തിന്റെ കേന്ദ്ര പ്രവർത്തനങ്ങളിൽ ശാഖകൾ എല്ലാ രീതിയിലും സഹകരിക്കണം എന്ന് ആഹ്വാനം ചെയ്തു. ജില്ലാ സെക്രട്ടറി ശ്രീ. T. S. ശ്രീകുമാർ പൂജ പഠന arrangement വിശദമായി വിവരിച്ചു. ബ്രഹ്മശ്രീ മാനേജിങ് എഡിറ്റർ ശ്രീ T. N. ബാബുകുമാർ ആശംസകൾ നേർന്നതോടൊപ്പം അംഗങ്ങ ളുടെ

ഇടയിൽ ആദ്ധ്യാത്മിക ഉന്നതി നേടിയെടുക്കണം എന്ന് അഭിപ്രായപ്പെട്ടു. ശേഷം പുതിയ സെക്രട്ടറി ആയി T. N. ശ്രീനിവാസൻ, തൈക്കാട്ടില്ലം, ഖജൻജി ആയി ശ്രീ. A. N. സുബ്രഹ്മണ്യൻ കല്ലാർവേലി എന്നി വർ ചാർജെടുത്തു. കൃതജ്ഞതക്കും, ഐകമത്യസൂക്തത്തിന് ശേഷം യോഗം പര്യവസാനിപ്പിച്ചു.

**മണിമല ശാഖാ**

മണിമല ശാഖയുടെ 2023 – 2024 വർഷത്തെ വാർഷിക പൊതുയോഗം 2024 മെയ് 5 ഞായറാഴ്ച ചിറക്കടവ് ദേവീക്ഷേത്ര ഓഡിറ്റോറിയത്തിൽ വച്ച് നടന്നു. ഗണപതി ഹോമം, വിഷ്ണുസഹസ്രനാമം എന്നിവയ്ക്ക് ശേഷം 09.40 നു മുതിർന്ന അംഗം ശ്രീ. എം.ഡി. മോഹൻദാസ് ധ്വജാരോഹണം നടത്തി. തുടർന്ന് കുട്ടികളുടെ വിവിധ കലാമത്സരങ്ങൾ നടക്കുകയുണ്ടായി. ശ്രീ. മനോജ് നാരായണീയം, ശ്രീ. പി.കെ. പ്രമോദ്, ശ്രീമതി. വിദ്യാജയദേവൻ, ശ്രീമതി. സുധാദേവി എന്നിവർ മത്സരങ്ങൾക്ക് നേതൃത്വം നൽകി. അതിനുശേഷം വനിതാ വേദിയുടെ തിരുവാതിരകളിയും നടന്നു. വിഭവ സമൃദ്ധമായ ഉച്ചഭക്ഷണത്തിനു ശേഷം 01.45 നു പൊതുയോഗം ആരംഭിച്ചു. ശാഖയിലെ മുതിർന്ന അംഗം ബ്രഹ്മശ്രീ. ഡി. ശ്രീധരൻ നമ്പൂതിരി ഭദ്രദീപം തെളിയിച്ചു. ശാഖാ പ്രസിഡന്റ് ബ്രഹ്മശ്രീ. ദാമോദരൻ നമ്പൂതിരിയുടെ അധ്യക്ഷതയിൽ കൂടിയ യോഗത്തിൽ ശ്രീമതി ശ്യാമയും, ശ്രീമതി സുധാദേവിയും ചേർന്ന് ഈശ്വര പ്രാർത്ഥന നടത്തി. വിഷ്ണുദത്തൻ നമ്പൂതിരി വാളാർപള്ളി ഇല്ലം ആചാര്യവന്ദനവും, ശ്രീദത്ത് മുഖ്യപ്പുറത്ത് ഇല്ലം പ്രതിജ്ഞയും ചൊല്ലി. കഴിഞ്ഞ ഒരു വർഷ കാലത്തിനുള്ളിൽ നമ്മെ വിട്ടു പിരിഞ്ഞവർക്ക് ശാഖാ അനുശോചനം രേഖപ്പെടുത്തി. ശാഖാ സെക്രട്ടറി രാജേന്ദ്രൻ അറവികുളത്തില്ലം യോഗത്തിൽ പങ്കെടുത്ത മുഴുവൻ അംഗങ്ങളെയും സ്വാഗതം ചെയ്തു. അദ്ധ്യക്ഷ ഭാഷണത്തിനു ശേഷം കേന്ദ്ര സമിതി അംഗം ബ്രഹ്മശ്രീ. ഹരികുമാരൻ നമ്പൂതിരി പൊതുയോഗം ഉത്ഘാടനം ചെയ്തു സംസാരിച്ചു. കൂടാതെ ഇനി വരാൻ പോകുന്ന പ്രവർത്തനങ്ങളെ കുറിച്ച് സൂചിപ്പിക്കുകയുമുണ്ടായി. 2024 ജൂൺ 9 നു നടക്കുന്ന MBS നാഗമംഗലം അയ്യപ്പ ക്ഷേത്ര പുനഃപ്രതിഷ്ഠ ചടങ്ങിൽ ശാഖയിൽ നിന്ന് പരമാവധി അംഗങ്ങൾ പങ്കെടുക്കണമെന്ന് അദ്ദേഹം ആഹ്വാനം ചെയ്തു. തുടർന്ന് ശാഖാ സെക്രട്ടറി വാർഷിക റിപ്പോർട്ടും ട്രഷററുടെ അസാന്നിധ്യത്തിൽ കണക്കും അവതരിപ്പിച്ചു. യോഗം റിപ്പോർട്ടും കണക്കും പാസ്സാക്കി. തുടർന്നു കേന്ദ്ര പ്രസിഡന്റിന്റെ ആശംസ സന്ദേശം യോഗത്തിൽ വായിച്ചു. തുടർന്ന് ഡി. ശ്രീധരൻ നമ്പൂതിരി, എം.ഡി. മോഹൻദാസ്, വിശാൽ വിജയൻ, മനോജ് നാരായണീയം, വിദ്യ ജയദേവൻ, സുധാദേവി, ലക്ഷ്മി എം. എന്നിവർ ആശംസകൾ അറിയിച്ചു സംസാരിച്ചു. കലാമത്സരങ്ങളിൽ വിജയിച്ചവർക്ക് പ്രസിഡന്റ് സമ്മാനങ്ങൾ വിതരണം ചെയ്തു. ജോയിന്റ് സെക്രട്ടറിയുടെ കൃതജ്ഞതയ്ക്കും, സുധാദേവിയുടെ ഐകമത്യസൂക്തത്തോടെയും 04.15 നു യോഗം അവസാനിച്ചു.

**തുറവൂർ ശാഖ**

MBS തുറവൂർ ശാഖയുടെ നേതൃത്വത്തിൽ പട്ടണക്കാട് മാന്താനത്തില്ലത്ത് ബ്രഹ്മശ്രീ പരമേശ്വരൻ ഇളയതിന്റെ സഹധർമ്മിണി ശ്രീമതി സുധാകുമാരി (ലീല) യുടെ സപ്തതിയുടെ ഭാഗമായി 2024 ജൂൺ 23 നു ആശംസാ യോഗവും ചേരുകയുണ്ടായി. ശ്രീമദ് ഭാഗവത സപ്താഹയജ്ഞത്തോടെയായിരുന്നു സപ്തതി ആഘോഷങ്ങൾ. ശ്രീ സംഗമേശൻ തമ്പുരാൻ, ബ്രഹ്മശ്രീ വിശ്വനാഥൻ നമ്പൂതിരി, ബ്രഹ്മശ്രീ ശ്രീവൽസൻ നമ്പൂതിരി എന്നിവർ സപ്താഹത്തിനു നേതൃത്വം നൽകി. തുറവൂർ ശാഖാ പ്രസിഡന്റ് മുരളീധരൻ നമ്പൂതിരിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ശാഖാ വൈസ് പ്രസിഡന്റ് വാസുദേവശർമ്മ സ്വാഗതം ആശംസിച്ചു. കേന്ദ്ര വൈസ് പ്രസിഡന്റ് രവീന്ദ്രൻ പി. ഇളയത് യോഗം ഉൽഘാടനം ചെയ്തു. തുടർന്ന് യജ്ഞാചാര്യൻ ശ്രീ സംഗ മേശൻ തമ്പുരാൻ അനുഗ്രഹ പ്രഭാഷണവും എം ബി എസ് മുൻ കേന്ദ്ര പ്രസിഡന്റ് പ്രൊഫ കെ ബാലചന്ദ്ര ശർമ്മയും മറ്റു ശാഖാ ജില്ലാ ഭാരവാഹികളും ആശംസാപ്രസംഗങ്ങളും നടത്തി. കേന്ദ്ര സമിതിക്ക് അന്നേ ദിവസം മുൻകൂട്ടി നിശ്ചയിച്ച മറ്റൊരു പരിപാടിയു ണ്ടായിരുന്നതിനാൽ രണ്ടു ദിവസം മുമ്പു തന്നെ കേന്ദ്ര പ്രസിഡന്റ് ടി വി നാരായണശർമ്മ, കേന്ദ്ര ജനറൽ സെക്രട്ടറി ഇൻ ചാർജ്ജ് മോഹൻ കുമാർ, കേന്ദ്ര ട്രഷറർ ത്രിവിക്രമൻ നമ്പൂതിരി, കേന്ദ്ര സമിതി അംഗം ചന്ദ്രഗുപ്തൻ ഇളയത് എന്നിവർ എത്തിചേർന്ന് പൊന്നാടയണിയി ച്ചും മംഗളപത്രം സമർപ്പിച്ചും ആദരിച്ചിരുന്നു. ആശംസാ യോഗത്തിൽ വച്ച് ജില്ലയും ജില്ല യിലെ ശാഖകൾ പ്രത്യേകമായും ശ്രീമതി സുധാകുമാരിയെ ആദരിക്കുകയുണ്ടായി. ജില്ലയ്ക്കു വേണ്ടി ജില്ലാ പ്രസിഡന്റ് ശ്രീവത്സൻ നമ്പൂതിരി, ചേർത്തല ശാഖയ്ക്കു വേണ്ടി ശാഖാ പ്രസിഡന്റ് വത്സലകുമാരി, തൈക്കാട്ടു ശ്ശേരി ശാഖയ്ക്കു വേണ്ടി ശാഖാ പ്രസിഡന്റ് മുകുന്ദൻ തുറവൂർ ശാഖയ്ക്കു വേണ്ടി പ്രസിഡന്റ് മുരളീധരൻ നമ്പൂതിരി എന്നിവർ പൊന്നാട യണിയിക്കുകയും ഉപഹാരം സമർപ്പിക്കുകയും ചെയ്തു. മറ്റു സംഘടനാ പ്രതിനിധികളും സുഹൃത്തുക്കളും സ്നേഹ നിർഭരമായ വാക്കുകളിൽ ആശംസയർപ്പിച്ചു. ശ്രീമതി സുധാകുമാരിയുടെ മറുപടി പ്രസംഗ ത്തിനും തുറവൂർ ശാഖാ സെക്രട്ടറിയും കുടുംബാംഗവുമായ അരവിന്ദിന്റെ കൃതജ്ഞതയ്ക്കും ശേഷം ഐകമത്യസൂക്തം ചൊല്ലി യോഗം പിരിഞ്ഞു.

### ആലുവ ശാഖ

എംബിഎസ് ആലുവ ശാഖ വാർഷികം മെയ് 12 ഞായറാഴ്ച വൈകിട്ട് നാലുമണി മുതൽ 8 മണി വരെ നെടുമ്പാശ്ശേരി മേള ഓഡിറ്റോറിയത്തിൽ വച്ച് നടന്നു. ശാഖ പ്രസിഡന്റ് ശ്രീ കെ.എൻ. രാജേഷ് അധ്യക്ഷത വഹിച്ചു. ഈശ്വര പ്രാർത്ഥനയ്ക്കും ആചാര്യവന്ദനത്തിനു ശേഷം ശാഖാ സെക്രട്ടറി ഇതുവരെയുള്ള പ്രവർത്തനങ്ങളെ അവലോകനം ചെയ്തു റിപ്പോർട്ട് അവതരിപ്പിച്ചു. കൂടാതെ സന്നിഹിതരായ എല്ലാവർക്കും സ്വാഗതം പറഞ്ഞു. നോട്ടീസ് അവതരിപ്പിച്ചു അംഗീകാരം വാങ്ങിച്ചു. തുടർന്ന് അധ്യക്ഷ പ്രസംഗത്തിനുശേഷം വിവിധ കലാപരിപാടികൾ ശാഖയുടെ യുവജനവേദി ബാലവേദി പ്രവർത്തകർ അവതരിപ്പിക്കുകയുണ്ടായി. തുടർന്ന് ആരോഗ്യവുമായി ബന്ധപ്പെട്ട കാര്യങ്ങളെകുറിച്ച് ഡോക്ടർ എം.കെ. ഉണ്ണികൃഷ്ണൻ മഴുവഞ്ചേരി ഇല്ലം അംഗങ്ങൾക്ക് വിവരിച്ചു കൊടുത്തു. തുടർന്ന് പരസ്പര സഹായനിധി നറുക്കെടുപ്പിന് ശേഷം ശാഖാ പ്രതിനിധി ശ്രീ അനിൽ പൂതുമന ആശംസ ഒരുനടത്തി ട്രഷറർ ശ്രീ സതീഷ് കറുത്തമേശേരി കൃതജ്ഞത രേഖപ്പെടുത്തുകയുംചെയ്തതോടെ ഐക്യമത്യസൂക്തം ചൊല്ലി പ്രോഗ്രാം അവസാനിക്കുന്നു. അതിനുശേഷം അത്താഴ ഭക്ഷണത്തോട് കൂടി ശാഖ വാർഷികം അവസാനിച്ചു.

### കൊരട്ടി ശാഖ

മലയാള ബ്രാഹ്മണ സമാജം കൊരട്ടി ശാഖയുടെ വാർഷികാഘോഷം 2024 മെയ് 26 ഞായറാഴ്ച അന്നമനട വിവേകോദയം വിദ്യാമന്ദിർ സ്കൂളിൽ വച്ച് ആഘോഷിച്ചു. സരിതാമധുവിന്റെ ഈശ്വരപ്രാർത്ഥനയോടെ ആഘോഷങ്ങൾക്ക് തുടക്കംക്കുറിച്ചു. പി.എൻ നാരായണൻ ഇളയത് ആചാര്യവന്ദനം ചൊല്ലുകയും, അപ്പുക്കുട്ടൻഇളയത് എല്ലാവർക്കും സ്വാഗതം ആശംസിക്കുകയും ശാഖാപ്രസിഡന്റ് ഭദ്രാനാരായണൻ അദ്ധ്യക്ഷ പ്രസംഗം നടത്തുകയും ചെയ്തു. അതിനു ശേഷം തൃശൂർ ജില്ലാ ട്രഷറർ ഭദ്രദീപം കൊളുത്തി വാർഷികം ഉദ്ഘാടനം ചെയ്തു. തുടർന്ന് റിപ്പോർട്ട്, കണക്ക് അവതരിപ്പിച്ചു. ആശംസാപ്രസംഗത്തിനു ശേഷം SSLC, +2 പാസ്സായ കുട്ടികൾക്ക് ചാലക്കുട്ടി എടമന ഇല്ലത്ത് മുരളീധരൻ സ്പോൺസർ ചെയ്ത കാഷ് അവാർഡും ശാഖയുടെ വകയായി ഉപഹാരവും നൽകി. ഡോക്ടറേറ്റ് നേടിയ മുല്ലപ്പിള്ളി ഇല്ലത്ത് ഹരികൃഷ്ണനേയും ചെണ്ടമേളത്തിൽ അരങ്ങേറ്റം നടത്തിയ മുല്ലപ്പിള്ളി ഇല്ലത്ത് അഭിഷേക് കഷ്ണനേയും, യുവ സംരംഭക കിരാത്തോളി ഇല്ലത്ത് അനഘ ശ്രീജിത്തിനേയും മിസ്റ്റർ കേരള Runner Up ആയ തത്തമംഗലത്ത് ഇല്ലത്ത് രോഹിത്തിനേയും ശാഖ ഉപഹാരം നൽകി അനുമോദിച്ചു. തുടർന്ന് കലാപരിപാടികൾ ആരംഭിച്ചു. പരിപാടികൾ അവതരിപ്പിച്ച എല്ലാവർക്കും സമ്മാനങ്ങൾ ഉണ്ടായിരുന്നു കൃതജ്ഞതക്കു ശേഷം ഐകമത്യസൂക്തം ചൊല്ലി വാർഷികാഘോഷം പര്യവസാനിച്ചു.

കൊരട്ടി ശാഖയുടെ ജൂൺ മാസത്തെ യോഗം അഷ്ടമിച്ചിറ ചുണ്ടേക്കാട്ട് രാധാകൃഷ്ണൻ ഇളയതിന്റെ ഇല്ലത്ത് വച്ച് കൂടി. അനന്തകൃഷ്ണന്റെയും ആദിത്യ കൃഷ്ണന്റേയും ഈശ്വര പ്രാത്ഥനയോടെ യോഗം ആരംഭിച്ചു. തുടർ നടപടികൾക്കു ശേഷം ഒരു വൃക്ഷ തൈ നട്ട് യോഗം ഉദ്ഘാടനം ചെയ്തു. അതിനു ശേഷം റിപ്പോർട്ട്, കണക്ക് അവതരിപ്പിച്ചു. BAMS പാസ്സായ കാരുമാത്ര ബ്ലാഹയിൽ ഇല്ലത്ത് കൃഷ്ണപ്രസാദിനെ വൈസ് പ്രസിഡന്റ് എം കെ കൃഷ്ണൻ ശാഖയുടെ ഉപഹാരം നൽകി ആദരിച്ചു. പ്ലസ് ടു പരീക്ഷ പാസ്സായ മുല്ലപ്പിള്ളി ഇല്ലത്ത് ആർദ്രാ കൃഷ്ണനെയും മൂത്തവാതപ്പിള്ളി ഇല്ലത്തെ സുദേവിനെ ശാഖാ സെക്രട്ടറി കാഷ് അവാർഡ് നൽകി അനുമോദിച്ചു. തൃശൂർ ജില്ലാ പ്രസിഡന്റ് കെ..എൻ ദീപേഷ് ഇളയത് നാഗമംഗലം അമ്പല പുനഃപ്രതിഷ്ഠയെക്കുറിച്ചും ജില്ല വാർഷിക പൊതുയോഗത്തെക്കുറിച്ചും സംസാരിച്ചു. കർക്കിടക മാസത്തിലെ രാമായണ പാരായണം ഓഗസ്റ്റ് പതിനഞ്ചിനു നടത്താമെന്ന് തീരുമാനിച്ചു. മീറ്റിംഗിൽ പങ്കെടുത്ത എല്ലാവർക്കും ശാഖ കൃതജ്ഞത രേഖപ്പെടുത്തിയ ശേഷം ഐകമത്യസൂക്തത്തോടെ യോഗം അവസാനിച്ചു.

### ഗുരുവായൂർ ശാഖ

MBS ഗുരുവായൂർ ശാഖയുടെ 2024, മെയ് മാസത്തെ യോഗം 19-05-2024ന് ഞായറാഴ്ച 8.00pm നു ഓൺലൈനായി കൂടി. പ്രാർത്ഥനയും ആചാര്യവന്ദനവും ശാഖയുടെ വനിതാ പ്രസി ഡന്റ് ശ്രീമതി. പ്രേമ ശ്രീകൃഷ്ണൻ നിർവഹിച്ചു. ശാഖ ട്രഷറർ തത്തമംഗലത്ത് ഇല്ലത്ത് രാജൻ ഇളയത് യോഗത്തിന് സ്വാഗതം പറഞ്ഞു. മൂക്കോലകൊടക്കാട്ടില്ലത്ത് രാജൻ ഇളയതിന്റെ നിര്യാണത്തിൽ ശാഖാ യോഗം അനുശോചനം രേഖപ്പെടുത്തി. ശാഖാ പ്രസിഡണ്ട് ശ്രീമതി ഗീത എസ് ഇളയത് അധ്യ ക്ഷത വഹിച്ചു. തുടർന്ന് അജണ്ടകൾ വിശദീ കരിച്ചു. താഴെക്കാണുന്ന വിഷയങ്ങൾ ചർച്ച യ്ക്കായി വന്നു. കഴിഞ്ഞ മാസത്തെ യോഗ ത്തിൽ എടുത്ത തീരുമാനങ്ങളുടെ അവലോ കനം എല്ലാ മാസത്തെ യോഗങ്ങളിലും അവതരി പ്പിച്ച തുടർനടപടികൾ വിലയിരുത്തണം. ശാഖാ പ്രതിനിധികൾ പങ്കെടുത്ത ഇരിഞ്ഞാലക്കുട ശാഖ രൂപീകരണമായി ബന്ധപ്പെട്ട കാര്യങ്ങൾ യോഗത്തിൽ പങ്കെടുത്ത ദേവൻ ഇളയതും ജില്ലാ സെക്രട്ടറി ഷീജ നാരായണനും വിശദീകരിച്ചു.

ഈ കൊല്ലത്തെ വിവിധ പരീക്ഷകളിൽ ഉയർന്ന മാർക്കോടെ വിജയിച്ച ശാഖാ വിദ്യാർഥികൾക്ക് അഭിനന്ദനങ്ങൾ രേഖപ്പെടുത്തി. അവരുടെ ഫോട്ടോയും കുറിപ്പും ബ്രഹ്മശ്രീ മാസികയിലേക്ക് പ്രസിദ്ധീകരണത്തിനായി അയക്കുന്നതിനും തീരുമാനിച്ചു. തൃപ്രയാർ ബ്ളാഹയിൽ ഇല്ലത്ത് ജിത്തുവിന്റെ ഭാര്യ രോഹിണി എന്ന ഹണി കെമിസ്ട്രിയിൽ പി.എച്ച്.ഡി എടുത്ത കാര്യം പ്രത്യേകം പരാമർശിച്ചു. ഉപനയനം, വേളി തുടങ്ങിയ മംഗള ക്രിയകൾക്ക് ശാഖയുടെ വക, മംഗളപത്രം നൽകി അംഗീകാരം നൽകേണ്ടതുണ്ടെന്നും അതിനായി മംഗളപത്രം തയ്യാറാക്കുന്നതിനും തീരുമാനിച്ചു. തൃപ്രയാർ പാണ്ട്യാട്ടില്ലത്ത് വാമദേവൻ എന്നവരുടെ ചികിത്സാർത്ഥം ശാഖയുടെ കാരുണ്യ ഫണ്ടിൽ നിന്ന് 5000 രൂപ ധനസഹായം നൽകിയ നടപടി യോഗം അംഗീകരിച്ചു. അടുത്ത തൃശൂർ ജില്ലാ കൗൺസിൽ യോഗം 16/6/2024 തീയതിയിൽ ആണെന്ന് ശാഖാംഗവും ജില്ലാ സെക്രട്ടറിയുമായ ഷീജ നാരായണൻ അറിയിച്ചു. ശാഖ ജോയിന്റ് സെക്രട്ടറി പുളിന്ത്ര ഇല്ലത്ത് വേണു കൃതജ്ഞത പ്രകാശിപ്പിച്ചു. ഐകമത്യസൂക്തത്തോടെ യോഗം ഏകദേശം 9- ന് സമാപിച്ചു.



*ഓതറ ശാഖ വാർഷികം കേന്ദ്ര പ്രസിഡന്റ് ടി. വി നാരായണശർമ്മ ഉത്ഘാടനം ചെയ്യുന്നു*

## പദപ്രശ്നം 30 ശരിയുത്തരം

| | | | | | | |
|---|---|---|---|---|---|---|
| 1 ഗോ | രോ | 2 ച | നം | 3 ല | 4 പാ | ര |
| 5 വ | രാ | ന്ദ്ര | ന | 6 ത | ണ്ട് | ക്ക |
| ർ | 7 ജ | 8 ഹാ | 9 മ | ർ | മ്മ | ർ |
| ദ്ധ | 10 ശു | 11 സം | ഗ്നി | 12 അ | 13 ഉ | 14 ക |
| നം | ന | 15 കാ | ദ | ര | 16 വ | ടു |
| രു | 17 ക | 18 വി | 19 മ | രീ | ചി | 20 ക |
| 21 തേ | ൻ | യ | 22 ജ | മേ | ന | 23 ജ |

**പദപ്രശ്നം 31 ശരിയുത്തരം അയച്ചവർ**

1. പ്രഭ കേശവൻ തൈക്കാട്ടില്ലം കോട്ടയം ടൌൺ
2. റ്റി എസ് ശ്രീകുമാർ തുരുത്തിയിൽ ഇല്ലം കുറവിലങ്ങാട്
3. ഡോ ഹരിശർമ്മ– തോട്ടത്തിൽ ഇല്ലം ആണ്ടൂർ
4. രാധാകൃഷ്ണൻ കല്ലാർവേലി ഇല്ലം മണിമല
5. ഗിരിജ വടുതലയിൽ ഇല്ലം ആണ്ടൂർ
6. ഉഷ – തുരുത്തി ഇല്ലം കുറവിലങ്ങാട്
7. രമാദേവി – പാണാട്ടില്ലം ആണ്ടൂർ
8. ഗിരിജകേശവൻ– മേച്ചേരി ഇല്ലം എറണാകുളം
9. രമാദേവി –ഇടപ്പള്ളി ഇല്ലം കോതമംഗലം
10. ശ്രീലക്ഷ്മി റ്റി എസ് പൂവപ്പിള്ളി മന പാലാ
11. രാജേശ്വരി ചാത്തേടത്ത് ഇല്ലം വടക്കൻ പറവൂർ.
12. തങ്കമ്മ കെ പി തത്തമംഗലത്തില്ലം
13. വത്സലാ സന്തോഷ് തോട്ടത്തിൽ ഇല്ലം, തിരുവനന്തപുരം
14. വിജിതാ രാജേഷ് കുഴിക്കാട്ടില്ലം, അങ്കമാലി






മഞ്ഞുമ്മൽ താമരപ്പിള്ളി ഇല്ലത്ത് യശ:ശരീരനായ ബ്രഹ്മശ്രീ വാസുദേവൻ ഇളയതിന്റെയും ശ്രീമതി സുഷമദേവി അന്തർജ്ജനത്തിന്റെയും പുത്രൻ **ഉണ്ണി**യും ഏങ്ങണ്ടിയൂർ കൊണഞ്ചേരി ഇല്ലത്ത് ബ്രഹ്മശ്രീ ദാമോദരൻ ഇളയതിന്റെയും ശ്രീമതി ജീജ ദാമോദരന്റെയും പുത്രി **നയന**യും തമ്മിലുള്ള വേളി 2024 ജൂൺ മാസം 1-ാം തീയതി ഏങ്ങണ്ടിയൂർ സൗപർണിക ഓഡിറ്റോറിയത്തിൽ വച്ചു മംഗളകരമായി നടന്നു






ചങ്ങനാശേരി തെഞ്ചേരി ഇല്ലത്ത് അശ്വിൻ ബാലകൃഷ്ണന്റെയും അപർണയുടെയും
പുത്രി **മണികർണ്ണിക ബാല**യുടെ അന്നപ്രാശനം 2024 മാർച്ച് 24 നു
ചങ്ങനാശേരി കോണ്ടൂർ കൺവെൻഷൻ സെന്ററിൽ വച്ച് നടന്നു.

**Published & Owned by Malayala Brahmana Samajam .H.O. Kottayam.Ph. 0481-2301168**
**( A Registered Charitable Society- Reg No.K593/99, Printed at Ephphatha Press, Kottayam)**